# കേരളത്തിലെ ന്യൂനപക്ഷ വിഭാഗമായ ക്രിസ്തു മതത്തിൽപ്പെട്ട CSI, പെന്തക്കോസ്ത് എന്നിവരുടെ പ്രശ്നങ്ങളെപ്പറ്റി കേരള സംസ്ഥാന ന്യൂനപക്ഷകമ്മീഷനു വേണ്ടി പഠനം നടത്തിയത്


**ഡോ. ശോഭ.ബി.നായർ**

പ്രൊഫസ്സർ & ഹെഡ്,

സോഷ്യോളജി വിഭാഗം

കേരള സർവകലാശാല


**2019**

| അദ്ധ്യായം | ഉള്ളടക്കം | പേജ് |
|---|---|---|
| 1 | ആമുഖം | **1** |
| 2 | പഠനരീതി | **14** |
| 3 | CSI മതവിശ്വാസികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ | **18** |
| 4 | കേരളത്തിലെ പെന്തക്കോസ്ത് ക്രിസ്ത്യാനികളുടെ പ്രശ്നങ്ങൾ | **60** |
| 5 | ഉപസംഹാരവും നിർദ്ദേശങ്ങളും ശിപാർശകളും | **105** |
| 6 | പരാമർശങ്ങൾ | **110** |

# മുഖവുര

ഈ പഠനത്തിന്റെ ഉദ്ദേശം CSI ക്രിസ്ത്യാനികളുടെയും പെന്തക്കോസ്ത് സഭക്കാരുടെയും സാമൂഹിക സാമ്പത്തിക പ്രശ്നങ്ങളെപറ്റിയും, വിദ്യാഭ്യാസ ഔദ്യോഗിക മേഖലകളിൽ അവർക്ക് നിലവിലുള്ള സംവരണ സാദ്ധ്യത കളെപറ്റിയും വിശദമായ ഒരു പഠനത്തിലൂടെ മനസ്സിലാക്കുക എന്നതാണ്. പരിവർത്തിത ക്രിസ്തീയ സമൂഹം ഇന്ന് വളരെയധികം പ്രശ്നങ്ങളനുഭവിക്കുന്നവരാണ്. ഇവയിൽ പ്രധാനപ്പെട്ടത് സമൂഹത്തിൽ അവർ നേരിടുന്ന അവഗണന, സാമൂഹിക പിൻ ബലമില്ലായ്മ, കാലങ്ങളായി നിലനിന്നുപോരുന്ന വേർതിരിവ് എന്നിവയാണ്. ഇത്തരത്തിലുള്ള സാമൂഹികവും സാമ്പത്തികവുമായ അടിച്ചമർത്തലുകളിൽ നിന്നും രക്ഷ നേടുന്നതിനായാണ് ഇവർ ക്രിസ്തുമതത്തിലേക്ക് പരിവർത്തി തരായിട്ടുള്ളത്. പരിവർത്തനം കൊണ്ട് ഇവർക്ക് സമൂഹത്തിലും ദേവാലയങ്ങളിലും മറ്റുള്ളവർക്കൊപ്പം തുല്യമായ ഒരു സ്ഥാനം കിട്ടും എന്നുള്ള വിശ്വാസമാണ് ഇവരെ പരിവർത്തനത്തിനു പ്രേരിപ്പിച്ചത്. എന്നാൽ യഥാർത്ഥത്തിൽ സംഭവിച്ചത് ഇവർക്ക് ഹിന്ദു എന്നുള്ള സ്വത്വം നഷ്ടമാകുക മാത്രമല്ല ക്രിസ്ത്യാനി എന്നുള്ള അംഗീകാരം ലഭിച്ചതുമില്ല. ഹിന്ദു ജാതി വ്യവസ്ഥിതിയിൽ ഉൾപ്പെടാത്തതുമൂലം സർക്കാരിന്റെ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും, മറ്റു പിന്നോക്ക വിഭാഗക്കാർക്കും വേണ്ടി നടപ്പാക്കിയിട്ടുള്ള സംവരണ നയങ്ങൾക്കൊന്നും തന്നെ ഇവർ അർഹരാകുന്നില്ല. കാരണം ഇവയെല്ലാം തന്നെ ജാതി വ്യവസ്ഥിതിയിലൂടെ സമൂഹത്തിൽ പ്രശ്നങ്ങൾ അനുഭവിക്കുന്നവരെ സമൂഹത്തിന്റെ മുഖ്യ ശ്രേണിയിലേക്കു കൊണ്ടുവരുവാൻ വേണ്ടിയുള്ളതായതു കൊണ്ട് ഇത്തരം യാതൊരു സംവരണ പദ്ധതികൾക്കും ഇവർ അർഹരാകുന്നില്ല. ഈയൊരു സാഹചര്യത്തിലാണ് ഇത്തരത്തിലൊരു പഠനം നടത്തിയത്.

ഈ പഠനത്തിനു വേണ്ടുന്ന വിവരം ശേഖരിക്കുവാൻ വേണ്ടി കേരളത്തിലെ CSIയിലേയും, പെന്തക്കോസ്ത് മത വിശ്വാസികളുടെയും പ്രതിനിധികളുടെ ഇടയിൽ ഒരു പഠനാവലിയുടെ സഹായത്താൽ വിശദമായ മുഖാമുഖ സംഭാഷണം നടത്തുകയുണ്ടായി. ഈ അഭിമുഖ സംഭാഷണങ്ങളിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലും ഇവരുടെ സാമൂഹ്യ സാമ്പത്തിക ചുറ്റുപാടുകൾ നേരിട്ടു കണ്ടു മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലുമാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഈ അവസരത്തിൽ പുരോഹിതന്മാരുടെയും, മത നേതാക്കളുടെയും വളരെ വിലയേറിയ സഹകരണം ലഭിക്കുകയുണ്ടായി. ഇവരുടെ നിസ്സീമമായ ഈ സഹകരണത്തെ വളരെ കൃതജ്ഞതയോടെ സ്മരിക്കുന്നു. ഈ പഠനത്തിനു സഹായിച്ച റിസർച്ച് അസ്സിസ്റ്റൻടുമാരായ ശ്രീമതി മഹേശ്വരി.എം, ശ്രീ. ഹരികുമാർ എം.പി , ശ്രീ. ബിബിൻ വർഗ്ഗീസ്, എന്നിവരുടെ ആത്മാർത്ഥമായ സഹകരണത്തെയും വളരെ നന്ദിപൂർവ്വം ഈ

അവസരത്തിൽ  സ്മരിക്കുന്നു. കൂടാതെ, വിവര സമാഹരണത്തിനും, കോടിങ്ങിനും, വിശകലനത്തിനും സഹായിച്ച ശ്രീമാന്മാരായ, ജസ്റ്റിൻ ടോം മാത്യു, റൂബെൻ മാത്യു, മെബിൻ ജോർജ്ജ് മാത്യു, എന്നിവരുടെയും സ്തുത്യാർഹമായ സേവനം ഈ അവസരത്തിൽ നന്ദിപൂർവ്വം സ്മരിക്കുന്നു. മാത്രമല്ല ഞങ്ങളുടെ  ചോദ്യങ്ങൾക്കെല്ലാം തന്നെ ക്ഷമയോടെയും കൃത്യമായും മറുപടി തന്നു സഹായിച്ച എല്ലാ വിവര ദാതാക്കൾക്കും ഈ അവസരത്തിൽ  പ്രത്യേകമായി നന്ദി പറയുന്നു.

## അദ്ധ്യായം 1

## ആമുഖം

ഇന്ത്യയുടെ തെക്കേ അറ്റത്തു സ്ഥിതി ചെയ്യുന്ന കേരളമെന്ന കൊച്ചു സംസ്ഥാനം സാംസ്കാരിക വൈതൃകത്തിനാലും മത സൗഹാർദ്ദത്തിനാലും സമ്പന്നമാണ്. ഈ സാംസ്കാരിക സമ്പന്നതക്കും സാമൂഹികമായ കെട്ടുറപ്പിനും ഉതകുന്ന ഒന്നാണ്. ഇവിടെ നിലനിൽക്കുന്ന മതസൗഹാർദ്ദവും പരസ്പര ബഹുമാനവും. ഇതിനടിസ്ഥാനം മൂന്നു പ്രധാന മതങ്ങളുടെ സ്വാധീനമാണ്. ഈ സ്വാധീനം ഇവിടുത്തെ നൃത്ത സംഗീത കലകളിലും സാഹിത്യ സൃഷ്ടികളിലും സിനിമ കഥാതന്തുക്കളിലും വളരെ പ്രകടമാണ്. ചരിത്രാതീത കാലം മുതൽക്കേ കേരളക്കരയിൽ എത്തിയിരുന്ന വിവിധ രാജ്യക്കാരേയും മതസ്തരേയും വളരെ സൗഹാർദ്ദത്തോടുകൂടി സ്വീകരിച്ചു വന്ന ഒരു ചരിത്രമാണ് നമുക്കുള്ളത്. കാലക്രമേണ ഇവർക്കെല്ലാം തന്നെയും അവരവരുടെ ഭാഷയും മതവും സംസ്കാരവും ഉപാധികളില്ലാതെ പ്രചരിപ്പിക്കുവാനുള്ള അവസരവും നമ്മൾ നൽകിയിരുന്നു.

എന്നിരുന്നാലും ഇവിടെ നിലനിന്നിരുന്ന ജാതിവ്യവസ്ഥയുടേയും ഉച്ചനീചത്ത്വത്തിന്റെയും ഫലമായി ഒരു വിഭാഗം ആളുകൾക്ക് അവരുടെ വിശ്വാസങ്ങൾക്കും മതസ്വാതന്ത്ര്യത്തിനും വിലക്കുകൾ അനുഭവിക്കേണ്ടി വന്നു. കേരളത്തിലെ മതങ്ങളെല്ലാം തന്നെ വിവിധ മത വിശ്വാസങ്ങളുടെ ഒരു സങ്കലനമായാണ് കാണപ്പെടുന്നത്. ഇവയിൽ പ്രധാനപ്പെട്ടത് ഹിന്ദു, ഇസ്ലാം, ക്രിസ്തുമതം, എന്നിവയാണ്. 2011 ലെ കാനേഷുമാരി കണക്കനുസരിച്ച് കേരളത്തിൽ ആകെ ജനസംഖ്യയുടെ 54.73 ശതമാനം പേർ ഹിന്ദുക്കളും, 26.56% പേർ ഇസ്ലാം മത വിഭാഗത്തിൽപെട്ടവരും 18.38% പേർ ക്രിസ്തു മത വിഭാഗത്തിൽപ്പെട്ടവരും, ബാക്കിയുള്ള 0.32% പേർ മറ്റു മത വിഭാഗക്കാരും ആണ്. ഇവരിൽ ക്രിസ്ത്യാനികളുടെ പ്രാതിനിധ്യം വളരെ കുറവാണ്. ഇവർ മൊത്ത ജനസംഖ്യയായ 3,34,06061 പേരിൽ 61,41,269 പേർ മാത്രമാണ് ഉള്ളത്. (റജിസ്ട്രാർ ജെനറലിന്റെ ഓഫീസ്, C -1 മത വിഭാഗങ്ങളുടെ ജനസംഖ്യ , 2011). ഈ 61.41 ലക്ഷം ക്രിസ്തു മത വിശ്വാസികളിൽ 37.44 ലക്ഷം പേർ കത്തോലിക്കരും (61%), 13.07 ലക്ഷം പേർ (21.3%) പേർ യാക്കോബായ /ഓർത്തഡോക്സ് സിറിയൻ വിശ്വാസികളും, 4,05,000 പേർ മാർതോമ സിറിയക്കാരും (6.6%), 2,74,000 പേർ (4.5%) ചർച്ച് ഓഫ് സൗത്ത് ഇന്ത്യ (CSI) വിശ്വാസികളും 2,14,000 പേർ (3.5%) പെന്തക്കോസ്ത്/ചർച്ച് ഓഫ് ഗോഡ് അംഗങ്ങളും (3.5%), 1,60,000 പേർ ദളിത്

ക്രിസ്ത്യാനികളും (2.6%) ആകുന്നു (Kerala Religion Census 2011, https://www.censusindia.co.in/states/kerala)

കേരളത്തിലെ റോമാ കത്തോലിക്കർ എന്നു പറയുന്നത് ലാറ്റിൻ, സീറോ മലബാർ, സീറോ മലങ്കര എന്നി കത്തോലിക്ക സഭകളാണ്. ഇന്ന് കേരളത്തിലെ ക്രിസ്ത്യൻ സമുദായങ്ങളിൽ എണ്ണത്തിൽ കൂടുതലുള്ളത് സീറോ മലബാർ കത്തോലിക്കരാണ്. ഇവർ 2011ലെ കണക്കനുസരിച്ച് 23,46,000 പേരുണ്ട്. 9,33,000 പേരുള്ള ലാറ്റിൻകത്തോലിക്കരാണ് എണ്ണത്തിൽ രണ്ടാം സ്ഥാനത്തു നിൽക്കുന്നത്.

യാക്കോബായ സിറിയൻ ക്രിസ്ത്യൻ വിഭാഗത്തിന്റെ അംഗസംഖ്യ 7,42,000 പേരാണ്. ഓർത്തഡോക്സ് സിറിയൻ വിഭാഗത്തിന്റെ അംഗസംഖ്യ 5,58,000 പേരുമാണ്. ഈ യാക്കോബായ സിറിയൻ ക്രിസ്ത്യാനികളും ഓർത്തഡോക്സ് സിറിയൻ ക്രിസ്ത്യാനികളും കൂടി ചേർന്നാൽ 13 ലക്ഷം പേരാണ് ഇന്നുള്ളത്. മാർതോമ വിഭാഗം മാത്രം ഏതാണ്ട് 9,00,000 പേരാണുള്ളത്.

**കേരളത്തിൽ ക്രിസ്ത്യാനികളുടെ ഉത്ഭവം**

പരമ്പരാഗത വിശ്വാസപ്രകാരം AD 52 ൽ സുവിശേഷ പ്രചരണത്തിനായി കേരളത്തിൽ വന്ന, അപ്പൊസ്തലന്മാരിൽ ഒരാളായ, തോമസ് പുണ്യാളൻ കേരളത്തിന്റെ വടക്കുള്ള തൃശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ എന്ന സ്ഥലത്തു എത്തിയതോടെയാണ് ക്രിസ്തുമതം കേരളത്തിൽ ഉടലെടുത്തത് എന്നു വിശ്വസിക്കപ്പെടുന്നു. അദ്ദേഹത്തിന്റെ സുവിശേഷത്തിലൂടെ തൃശൂർ ജില്ലയിലെ പാലയൂർ ഗ്രാമത്തിലെ, ബ്രാഹ്മണർ ഉൾപ്പെടെ വളരെയേറെ ആളുകൾ മതപരിവർത്തനം നടത്തിയതായി വിശ്വസിക്കപ്പെടുന്നു (പോത്തൻ 1963). പോത്തന്റെ അഭിപ്രായത്തിൽ സമൂഹത്തിന്റെ ഉയർന്ന തട്ടിലുള്ള മലബാർ ക്രിസ്തീയ വിഭാഗത്തിലെ ഭൂരിഭാഗം പേരും പാലയൂർ ബ്രാഹ്മണരിൽ നിന്നു മതം മാറി വന്നിട്ടുള്ളവരാണ്. മതപരിവർത്തനം ചെയ്തതിനു ശേഷവും ഈ ഉയർന്ന പാരമ്പര്യം ഇവർ അവകാശപ്പെടുന്നു എന്നത് ശ്രദ്ധേയമാണ്. ഇവർ സെൻറ് തോമസ് ക്രിസ്ത്യാനികളെന്നും, നസ്രാണികളെന്നും അറിയപ്പെടുന്നു. സെൻറ് തോമസ് കേരളത്തിൽ പല ഭാഗങ്ങളും സന്ദർശിച്ച് ഏഴു പള്ളികളും ഒരു അര പള്ളിയും സ്ഥാപിക്കുകയുമുണ്ടായി. എന്നാൽ തോമസ് പുണ്യാളാന്റെ ഈ കേരള സന്ദർശനം ചരിത്ര രേഖകളുമായി പൊരുത്തപ്പെടാത്ത ഒന്നായാണ് ചരിത്രകാരന്മാർ കാണുന്നത്.

AD 345 ഞ്ചാമാണ്ട് കാനായി തോമ എന്ന കച്ചവട പ്രമാണിയുടെ നേതൃത്വത്തിൽ വലിയ ഒരു സംഘം സിറിയക്കാർ മലബാറിലേക്ക് നടത്തിയ കുടിയേറ്റം കേരളത്തിൽ ക്രിസ്തുമതത്തിന് പുതിയ ഒരു കാൽവെയ്പ്പാണ് നൽകിയത്.

കുടിയേറിയ സിറിയൻ ക്രിസ്ത്യാനികളും തദ്ദേശീയരായ സെൻറ് തോമസ്. മലബാർ ക്രിസ്ത്യാനികളും തമ്മിൽ വിവാഹ ബന്ധത്തിലേർപ്പെടുകയും ഒരു ഒറ്റ സമുദായമായി ലയിക്കുകയും ചെയ്തു. ഇവർ തങ്ങളുടെ പുതിയ ആരാധനാ ക്രമത്തിൽ കിഴക്കൻ സിറിയൻ പള്ളികളിലെ പ്രാർത്ഥനാ രീതികൾ കൊണ്ടുവരികയും ഇവ പള്ളികളിലെ എല്ലാ ആരാധന ക്രമങ്ങളിലും അവലംബിക്കുകയും ചെയ്തു. മാത്രമല്ല മലയാളം പ്രാർത്ഥന ഭാഷയായി അംഗീകരിക്കുകയും ചെയ്തു. അങ്ങനെ കേരളത്തിലെ ക്രിസ്ത്യാനികൾ മലങ്കര സിറിയൻ ക്രിസ്ത്യാനികൾ എന്നും സാധാരണയായി സിറിയൻ ക്രിസ്ത്യാനികൾ എന്ന പേരിലും അറിയപ്പെടാൻ തുടങ്ങി. ഇന്ന് കേരളത്തിന്റെ പല ഭാഗങ്ങളിലും ഇവർ താമസമുറപ്പിക്കുകയും, ഒരു വലിയ ശക്തിയായി ഉയരുകയും ചെയ്തിട്ടുണ്ട്. ഇന്ത്യയുടെ പല ഭാഗങ്ങളിലായി താമസമുറപ്പിച്ചിട്ടുള്ള ഇവരിൽ പലരും വടക്കൻ കേരളത്തിൽ നിന്നും കുടിയേറിയവരാണ്. സിറിയയിലെ ഓരു പുരാതന നഗരമായ അന്തിയോക്കിലെ പാത്രിയാർക്കീസിന്റെ അധീനതയിലാണ് സിറിയൻ ക്രിസ്ത്യാനികൾ. കിഴക്കൻ കേരളത്തിലെ എല്ലാ പള്ളികളിലും ഇവരുടെ സഭാധികാരം ഉള്ളതിനാൽ യാഥാസ്ഥിതിക അന്തിയോക്കൽ പള്ളിയുടെതായ പ്രാർഥനാക്രമമാണ് ഇവർ തുടർന്നു പോരുന്നിരുന്നത്.

യേശുക്രിസ്തുവിൻറേയും ശിഷ്യന്മാരുടെയും ഭാഷയായ അരാമൈക്കിന്റെ പ്രാദേശിക ഭാഷ സിറിയക്കാണ് (പോത്തൻ,1963). അവർ സിറിയൻ ക്രിസ്ത്യാനികൾ എന്ന് അറിയപ്പെടുന്നതിന്റെ പിന്നിലെ കാരണം അവർ സിറിയയിൽ നിന്നു വന്നവരായതുകൊണ്ടല്ല, മറിച്ച് അവർ സിറിയൻ ഭാഷയിൽ പ്രാർത്ഥനകൾ നടത്തുന്നതുകൊണ്ടാണ്. ഇന്നത്തെ സിറിയൻ ക്രിസ്ത്യാനികളിൽ ഭൂരിഭാഗവും ഹിന്ദുക്കളിൽ നിന്നും മതം മാറി വന്നവരാണ്. പതിനാറാം നൂറ്റാണ്ടിൽ ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നും മിഷനറിമാർ കേരളത്തിൽ വന്നു മതപരിവർത്തനം തുടങ്ങുന്നതു വരെ കേരളത്തിലെ എല്ലാ ക്രിസ്ത്യാനികളും സിറിയൻ ക്രിസ്ത്യാനികൾ എന്നാണ് അറിയപ്പെട്ടിരുന്നത്. ഏതാണ്ട് 4 നും 15 നും ഇടയിലുള്ള കാലഘട്ടം വരെ മലങ്കര സിറിയൻ പള്ളികൾ കേരളത്തിലെ യാഥാസ്ഥിതിക അന്തിയോക്കൽ സിറിയൻ പള്ളികളുടെ ഭാഗമായിത്തന്നെ തുടർന്നു വന്നു.

പതിനാറാം നൂറ്റാണ്ടോടുകൂടി പോർച്ചുഗലിൽ നിന്നും കത്തോലിക്കാ മിഷനറിമാർ കേരളത്തിൽ വരികയും സ്ഥലവാസികളെ റോമൻ കത്തോലിക്ക വിശ്വാസത്തിലേക്ക് പരിവർത്തനം നടത്തുകയും  പടിഞ്ഞാറൻ പ്രാർത്ഥന രീതികൾ സ്വീകരിക്കുവാൻ നിർബന്ധിക്കുകയും ചെയ്തു. പതിയെ സാധാരണക്കാരായ മലയാളികളെ റോമൻ കത്തോ ലിക്ക വിഭാഗത്തിലേക്ക് മതപരിവർത്തനം നടത്തുകയുമുണ്ടായി. അവർ നിലവിലുള്ള സിറിയൻ ക്രിസ്ത്യൻ പള്ളികളെ റോമൻ കാതോലിക്ക പള്ളികളായി മാറ്റുകയും, റോമൻ പോപ്പ് ആദ്യമായി മലബാറിൽ ബിഷപ്പുമാരായി റോമിൽ നിന്നും ആളുകളെ നിയമിക്കുകയും ചെയ്തു. റോമൻ കത്തോലിക്കരുടെ അധിനിവേശം മൂലം മദ്ധ്യകിഴക്കൻ രാജ്യങ്ങളിൽ നിന്നും തങ്ങളുടെ ബിഷപ്പുമാരെ കൊണ്ടുവരുവാനുള്ള സിറിയൻ ക്രിസ്ത്യാനികളുടെ എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടു. അതേ സമയം റോമൻ കത്തോലിക്ക ബിഷപ്പുമാർ സിറിയൻ ക്രിസ്ത്യാനികളെ തങ്ങളുടെ കീഴിൽ കൊണ്ടുവരാനുള്ള ശ്രമങ്ങളിൽ വിജയിക്കുകയും ചെയ്തു. ഇതിനിടയിൽ സിറിയൻ ക്രിസ്ത്യാനികൾ  ബാബിലോണിൽ നിന്നും ബിഷപ്പുമാരെ കൊണ്ടുവരുവാൻ ശ്രമിച്ചെങ്കിലും ഫലമുണ്ടായില്ല. ഇത് 1653ൽ കൂനൻകുരിശു പ്രതിഷേധത്തിൽ അവസാനിക്കുകയും സിറിയൻ ക്രിസ്ത്യാനികളുടെ 'പഴയകൂർ' , 'പുത്തൻകൂർ' എന്നീ രണ്ടായിട്ടുള്ള വിഭജനത്തിലും കലാശിച്ചു.

പഴയകൂർ സിറിയൻ ക്രിസ്ത്യാനികൾ റോമൻ പോപ്പിന്റെ  അധീനതയിലുള്ള സീറോ-മലബാർ സഭയായി നിലനിൽക്കുകയും ലാറ്റിൻ സംസ്കാരത്തിലെ ചില അംശങ്ങൾ  മലയാള ഭാഷ പ്രാർഥനാ രീതികളിൽ കൊണ്ടുവരികയും ചെയ്തു. പുത്തൻകൂർ  സിറിയൻ  ക്രിസ്ത്യാനികൾ പോർട്ടുഗീസുകാരുടെ അധിനിവേശത്തിന് മുൻപുണ്ടായിരുന്ന  പാരമ്പര്യത്തിലേക്ക് തിരിച്ചു പോകുകയും തങ്ങളുടെ ബിഷപ്പുമാരെ ബാബിലോണിൽനിന്നും അന്തിയോക്കിൽ നിന്നും കൊണ്ടുവരികയും, മലങ്കര സിറിയൻ ക്രിസ്ത്യൻ പാരമ്പര്യം തുടരുകയും ചെയ്തു. ഇത് ലാറ്റിൻ പ്രാർത്ഥന രീതികളിൽ നിന്നും വളരെയേറെ വ്യത്യസ്തമായാ ഒരു രീതിയാണ്. അങ്ങനെ മലങ്കരയും അന്തിയോക്കും തമ്മിലുള്ള ബന്ധം വിച്ഛേദിക്കുകയും അവ രണ്ടായിത്തന്നെ 150 വർഷത്തോളം നിലനിൽക്കുകയും ചെയ്തു. അതിനു ശേഷം മലങ്കര സിറിയൻചർച്ച്  സിറിയൻ ഓർത്തഡോക്സ് ചർച്ചിന്റെ  ഒരു അവിഭാജ്യ ഘടകമായി മാറുകയും ചെയ്തു.

ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ വരവോടുകൂടി ബ്രിട്ടീഷ് സുവിശേഷകർ  1660 ൽ ഇന്ത്യയിലും കേരളത്തിലും മതപരിവർത്തന പ്രവർത്തനങ്ങൾ തുടങ്ങി. ഈ

മിഷനറിമാർ ബ്രിട്ടീഷുകാരുടെ പരിഷ്കൃത രീതികൾ ഉൾപ്പെടുത്തി സാവധാനം സുറിയാനി പള്ളികളെ തങ്ങളുടെ അധീനതയിൽ കൊണ്ടുവരുവാൻ ശ്രമിക്കുകയുണ്ടായി. പോർച്ചുഗീസുകാർ സിറിയൻ ക്രിസ്ത്യാനികളെ റോമൻ പോപ്പിന്റെ അധീനതയിൽ കൊണ്ടുവന്ന പോലെ ബ്രിട്ടീഷുകാർ സുറിയാനി ക്രിസ്ത്യാനികളെ പാശ്ചാത്യ രീതികളിലേക്ക് കൊണ്ടുവരുവാനുള്ള ശ്രമങ്ങൾ തുടരുകയും ചെയ്തു.

എന്നാൽ, ബ്രിട്ടീഷ് സർക്കാരിന്റെയും സുവിശേഷകരുടെയും ഇത്തരം ശക്തമായ ഇടപെടലുകളെ അതിജീവിച്ച് സിറിയൻ പള്ളികൾ അന്തിയോക്കിയൽ പാത്രിആക്കീസുമായുള്ള ബന്ധം തുടർന്നു കൊണ്ട് തന്നെ പോയി. ഏതാണ്ട് ഈ സമയത്തു തന്നെ പാലാക്കുന്നത്ത് എബ്രഹാം മലപ്പാൻ എന്ന സിറിയൻ വൈദികൻ യൂറോപ്യൻ മിഷനറിമാരുടെ സഹവാസത്തിലൂടെ സിറിയൻ പ്രാർത്ഥനക്രമത്തെ പാശ്ചാത്യ പ്രോട്ടസ്ടൻറ് രീതിയിൽ പരിഷ്കരിക്കുകയുണ്ടായി. ഏതാണ്ട് 1800ൽ മാത്യു അത്തനേഷ്യസ് എന്ന സിറിയൻ ക്രിസ്ത്യൻ ബിഷപ്പ് എബ്രഹാം മലപ്പാന്റെ സ്വാധീനത്താൽ പാശ്ചാത്യ പ്രൊട്ടസ്റ്റൻറ് വീക്ഷണത്തോടു കൂടിയ പുതിയ ഒരു വിഭാഗമായ മലങ്കര മാർത്തോമാ സിറിയൻ ചർച്ച് എന്ന പേരിൽ കേരളത്തിൽ നവീകൃത പള്ളികൾ സ്ഥാപിക്കുകയുണ്ടായി. അന്നുമുതൽ ഈ മാർത്തോമ പള്ളികൾ പല പല തലവന്മാരുടെ മേൽക്കോയ്മയിൽ പെട്ട് പൈതൃകപള്ളിയായ അന്തിയോക്കിയൽ ആധിപത്യത്തിൽ നിന്നും പതിയെ മാറാൻ തുടങ്ങി. അവർ പാശ്ചാത്യ മിഷനറിമാരുമായി ശക്തമായ ബന്ധം സ്ഥാപിക്കുകയും സുവിശേഷാനുസൃതമായ നവീകരണത്തിനും ബൈബിൾ പഠനത്തിനും ഊന്നൽ നൽകുകയും ചെയ്തു. വേർപിരിയലിനു ശേഷവും മാർത്തോമാ പള്ളികൾ ഇന്നും സിറിയൻ ഓർത്തഡോക്സ് പള്ളികളുടെ പല ആരാധനാക്രമങ്ങളും കുർബാന സംബന്ധമായുള്ള രീതികളും തുടർന്നു പോരുകയും ചെയ്യുന്നുണ്ട്.

**കേരളത്തിലെ CSI , പെന്തെക്കോസ്ത് പള്ളികളുടെ ആരംഭം**

ബ്രിട്ടീഷുകാരുടെ സമയത്തു തന്നെ കേരളത്തിൽ പുതിയൊരു ക്രിസ്തീയ വിഭാഗം ഉടലെടുക്കുകയുണ്ടായി. ആംഗലേയ മിഷനറിമാർ കേരളത്തിൽ വരുകയും സാധാരണ ജനങ്ങളെ മതപരിവർത്തനം നടത്തുവാൻ തുടങ്ങുകയും ചെയ്തതോടു കൂടിയാണ് ഈ പുതിയ ഉണർവ്വ് കേരളത്തിൽ ഉണ്ടായത്. പിന്നീട് ഇവർ ബാസൽ മിഷൻ, പ്രെസ്ബെറ്റീരിയൻസ്, ബാപ്പിറ്റിസ്റ്റ് എന്നി വിഭാഗങ്ങളുമായി സംയോജിച്ചു ഒരു പുതിയ

വിഭാഗമായ ചർച്ച് ഓഫ് സൗത്ത് ഇന്ത്യ സ്ഥാപിച്ചു. ഈ സമയത്ത് പരിഷ്കൃത അല്ലെങ്കിൽ പ്രൊട്ടസ്റ്റൻറ് ചർച്ചസ് എന്ന പേരിൽ രണ്ടു വിഭാഗങ്ങൾ - മാർത്തോമയും, CSI പള്ളികളും നിലവിൽ വന്നു.

എന്നിരുന്നാലും ലോകം മുഴുവൻ അനുവർത്തിച്ചു പോന്നിരുന്ന സിറിയൻ പ്രാർത്ഥന രീതികൾ തന്നെ ഇവരും പിൻതുടർന്നു പോന്നിരുന്നു. ഭാഷാപരമായും സാമൂഹ്യമായും സാംസ്കാരികമായും ഇവർക്ക് കേരളത്തിലെ സിറിയൻ ക്രിസ്ത്യാനികളുടെ രീതികളുമായി വളരെയേറെ സാമ്യമുണ്ട്. CSI പള്ളികളുടെ പ്രാർഥനാക്രമം എന്നു പറയുന്നത് സിറിയൻ രീതിയും പാശ്ചാത്യ പ്രൊട്ടസ്റ്റൻറ് പ്രാർഥനാക്രമവും ഒന്നിച്ചു ചേർത്തുള്ള ഒന്നാണ്. ഇതിന്റെ ഒരു സഹോദര പ്രസ്ഥാനമാണ് CNI (ചർച്ച് ഓഫ് നോർത്ത് ഇന്ത്യ). ഈ പുതിയ പള്ളികൾക്ക് കേരത്തിലെ മുഴുവൻ സിറിയൻ ക്രിസ്ത്യൻ വിഭാഗങ്ങളുമായി ഭാഷാപരവും സാമൂഹികവുമായി വളരെയേറെ സാമ്യമുണ്ട്. മലങ്കര പള്ളികളുടെയിടയിൽ ഇപ്രകാരം കൂടുതൽ കൂടുതൽ ഭിന്നിപ്പ് ഉണ്ടാകുകയും ഈ പിളർപ്പ് അതിന്റെ മൂർദ്ധന്യത്തിൽ എത്തുകയും ചെയ്തതോടുകൂടി സിറിയൻ പള്ളികളുടെയിടയിൽ കൂടുതൽ വിഭജനത്തിനു വഴിതെളിച്ചു. ഇത് നാലാമതൊരു വിഭാഗത്തിന്റെ ആരംഭത്തിനു കൂടി തുടക്കം കുറിച്ചു.

മാട്രിനിൽ നിന്നും 1912 ൽ കേരളത്തിൽ സന്ദർശനത്തിനു വന്ന പാട്രിയാർക്ക്, സിറിയൻ പള്ളിയിലെ തദ്ദേശീയ ബിഷപ്പായ വട്ടശ്ശേരിൽ മാർ ദിയോന്യസിയൂസിനെ കാത്തോലിക്കോസ് എന്ന പദവിയിലേക്ക് ഉയർത്തുകയും, ഇത് പള്ളികൾക്കിടയിൽ തർക്കത്തിനും പുതിയ നിയമനടപടികൾക്കും വഴിതെളിക്കുകയും ചെയ്തു. ഇതിൽ തെക്കൻ ഇടവകയിലെ കുറച്ചു പേർ വട്ടശേരിൽ മാർ ദിയോനിയസ്സിന്റെ പക്ഷം ചേരുകയും വടക്കൻ ഇടവകകളിലെ മുഴുവൻ പേരും സിറിയൻ അന്തിയോക്കിയൽ പാത്രിയാർക്കിന്റെ കീഴിലുള്ള സിറിയൻ ചർച്ചിന്റെ ഭാഗമാവുകയും ചെയ്തു. വട്ടശേരിൽ മാർ ദിയോന്യസിയൂസിന്റെ പക്ഷം ചേർന്നവരെ കത്തോലിക്കോസ് അല്ലെങ്കിൽ മലങ്കര ഓർത്തഡോക്സ് സിറിയൻസ് എന്ന പേരിലും ആൻടിഓക് പാത്രിയാക്കീസിന്റെ അധീനതയിൽ ഉള്ളവരെ മലങ്കര യാക്കോബായ സിറിയൻസ് എന്ന പേരിലും അറിയപ്പെട്ടു പോന്നു. (മലങ്കര യാക്കോബായ നെറ്റ് വർക്ക് 2008).എന്നിരുന്നാലും, റോമൻ കത്തോലിക്കരുടെയും, യാക്കോബായക്കാരുടെയും, സീറോമലങ്കര ക്രിസ്ത്യാനികളുടേയും ആരാധനാക്രമങ്ങളും അനുഷ്ടാനങ്ങളും എല്ലാം തന്നെ ഒരുപോലെയാണെന്നും കാണാം.

ഇങ്ങനെ കേരളത്തിലെ അതിപുരാതനമായ മലങ്കര സിറിയൻ പള്ളികൾ അഞ്ചു വ്യത്യസ്ത പള്ളികളായി മാറുകയും സ്വതന്ത്രമായ പ്രസ്ഥാനങ്ങളായി പ്രവർത്തനം തുടങ്ങുകയും ചെയ്തു പോന്നു. അതേസമയം സിറിയൻ പള്ളികളുടെ ചില മൂല ഘടകങ്ങൾ ഇവരുടെ എല്ലാം പ്രാർത്ഥന രീതികളിലും അനുഷ്ടാനങ്ങളിലും മാറ്റമില്ലാതെ പിന്തുടർന്നു വന്നിരുന്നതായും കാണാം .

എന്നാൽ പിന്നീട് വിശ്വാസത്തിന്റെയും പരസ്പര സമ്പർക്കത്തിൻറേയും സുവിശേഷങ്ങളുടേയും അടിസ്ഥാനത്തിൽ മാർത്തോമ, CSI, CNI എന്നീ വിഭാഗങ്ങൾ സംയോജിത പ്രാർഥനകളും കൂദാശകളും ആരംഭിക്കുകയും ചെയ്തതോടുകൂടി ഇവരുടെയിടയിൽ ഒരുമയുണ്ടാകുകയും പൊതുവായി ഇവരെ കമ്മ്യുണിയൻ ചർച്ചസ് ഓഫ് ഇന്ത്യ (CCI ) എന്നുള്ള പൊതു നാമത്തിൽ അറിയപ്പെടുവാനും തുടങ്ങി.

ഇവരിൽ എല്ലാ വിഭാഗങ്ങളുടെയും ഇടയിൽ അടിസ്ഥാനപരമായ ചില പൊതു വിശ്വാസങ്ങളാണ് ഇന്നു നിലവിൽ ഉള്ളത്. ഈ വിശ്വാസങ്ങൾ, മരണാനന്തര ജീവിതത്തിലും ക്രിസ്തിയ പ്രമാണങ്ങളിലുമാണ് പ്രധാനമായി നില കൊള്ളുന്നത്. ഇവയിൽ മുഖ്യമായത് മാതാവിലുള്ള വിശ്വാസം, പുണ്യളൻമാരോടുള്ള ഭയഭക്തി ബഹുമാനം, പരേതാത്മാക്കൾക്കു വേണ്ടിയുള്ള പ്രാർത്ഥനകൾ മുതലായവയിലുള്ള അമിത വിശ്വാസമാണ്. ഈ വിശ്വാസങ്ങൾ കാതോലിക്കോസ്, ഓർത്തഡോക്സ്, യാക്കോബായ എന്നീ വിഭാഗങ്ങൾ ഒന്നുപോലെ പിന്തുടർന്നു പോരുന്നവയാണ്. എന്നാൽ ഇതിൽ നിന്നും വിഭിന്നമായ ഒന്നാണ് പ്രൊട്ടസ്റ്റൻറ് അല്ലെങ്കിൽ നവീകൃത പള്ളികളുടെ അനുഭാവികൾ അനുവർത്തിച്ചു പോരുന്നത്. അവർ ഈ പറയുന്നവയിലൊന്നും വിശ്വസിക്കാത്തവരാണ്.

**ബ്രിട്ടീഷ് കാലഘട്ടം**

മലങ്കര വിഭാഗത്തിന്റെ പുത്തൻകൂർ വിഭാഗത്തിൽ ആംഗലേയ പള്ളികളുടെ ഇടപെടലിനോടുള്ള പ്രതിഷേധമായി മാവേലിക്കരയിൽ 1836 ൽ സിനോട് വിളിച്ചുകൂട്ടുകയും അവർ ആൻടിഓക് പാത്രിയാർക്കിനേയും സിറിയൻ പാരമ്പര്യത്തേയും മാത്രമേ അംഗീകരിക്കുകയുള്ളൂ എന്നും പ്രഖ്യാപിച്ചു. ഇത് മലങ്കര വിഭാഗത്തിൽ നിന്നും CMS മിഷനറിമാരുടെ വിഭജനത്തിൽ കലാശിക്കുകയും, മിഷനറിമാരുടെ നവീകരിച്ച പ്രത്യയശാസ്ത്രത്തിൽ താല്പര്യമുള്ളവർ CMS മിഷനറിമാരുടെ കൂടെ ചേരുകയും ചെയ്തു.

ഈ സിറിയൻ ആംഗളിക്കൻ വിഭാഗമാണ് സെൻറ് തോമസ് വിഭാഗത്തിന്റെ ഇടയിലെ ആദ്യത്ത നവോഥാന വിഭാഗം. 1947 സെപ്റ്റംബർ 27ന് ചർച്ച് ഓഫ് സൗത്ത് ഇന്ത്യ (CSI) എന്ന പേരിൽ ആ പ്രദേശത്തെ മറ്റുള്ള ആംഗളിക്കൻ പള്ളികളുമായി സംയോജിച്ച് ഒരു പുതിയ പള്ളി സ്ഥാപിക്കുകയും ഇത് അംഗളിക്കൻ വിഭാഗത്തിലെ സ്വയംഭരണാവകാശമുള്ള ഇന്ത്യൻ ചർച്ചായി രൂപപ്പെടുകയും ചെയ്തു.

**കേരളത്തിൽ നവ-ക്രിസ്ത്യാനികളുടെ ആവിർഭാവം**

അലക്സാണ്ടർ (1971) ന്റെ രേഖ പ്രകാരം, ചേരമർ ക്രിസ്ത്യാനികൾ പുലയ ക്രിസ്ത്യാനികൾ എന്നീ ക്രിസ്തിയ വിഭാഗങ്ങൾ പട്ടിക ജാതിയിൽ നിന്നും മതപരിവർത്തനം നടത്തിയവരാണ് എന്നും, പുലയ ക്രിസ്ത്യാനികൾ മുൻപ് മദ്ധ്യ തിരുവിതാംകൂറിലെ മാർത്തോമാ പള്ളിയുടെയും, CSI പള്ളിയുടെയും ഭാഗമായിരുന്നു എന്നുമാണ്. പ്രത്യക്ഷത്തിൽ സിറിയൻ ക്രിസ്ത്യൻ അംഗങ്ങൾക്കും പുലയക്രിസ്ത്യൻ അംഗങ്ങൾക്കുമിടയിൽ ഔദ്യോഗികമായ വ്യത്യാസങ്ങളൊന്നും തന്നെ പള്ളികളില്ലായിരുന്നെങ്കിലും മതപരമായ ചടങ്ങുകൾ പ്രത്യേകിച്ചു കൂദാശകൾ രണ്ടു വ്യത്യസ്തമായ കെട്ടിടങ്ങളിലാണ് നടത്തി വന്നിരുന്നത്. സിറിയൻ ക്രിസ്ത്യാനി വൈദികൻ പുലയ ക്രിസ്ത്യാനികൾക്കും മതപരമായ ചടങ്ങുകൾ ഒന്നും തന്നെ ചെയ്തു കൊടുക്കാറില്ല, പകരം പ്രത്യേകമായി മറ്റൊരാളെ ചുമതലപ്പെടുത്തിയിരുന്നു. പള്ളികളുടെ തീർപ്പുണ്ടാക്കുന്ന സമിതികളിലൊന്നും തന്നെ ഇവർക്കു സ്ഥാനമുണ്ടായിരുന്നില്ല. അതിനാൽ പുലയർക്കു മതം മാറ്റം ഒരു പേരിനുള്ള മാറ്റം മാത്രമായിരുന്നു. സാമൂഹിക സാംസ്കാരിക സാഹചര്യങ്ങളിലൊന്നും തന്നെ ഈ മത പരിവർത്തനം കൊണ്ട് അവർക്ക് യാതൊരു മാറ്റവും സംഭവിച്ചിരുന്നില്ല.

പല ഗ്രന്ഥങ്ങളിൽ നിന്നും നമുക്കു മനസ്സിലാക്കാൻ സാധിക്കുന്നത്, പരമ്പരാഗത ക്രിസ്ത്യാനികൾക്കും, ദളിത് വിഭാഗങ്ങളിൽപെട്ട പുതു ക്രിസ്ത്യാനികൾക്കുമിടയിൽ വളരെയധികം വേർതിരിവും വിവേചനവും ഉണ്ടായിരുന്നു എന്നാണ്. ഈ പുതു ക്രിസ്ത്യാനികളിൽ ഭൂരിഭാഗം പേരും തിരുവിതാംകൂർ രാജാവ് അടിമത്വത്തിൽ നിന്നും മോചനം നൽകിയ അടിമകൾ ആയിരുന്നു എന്നും, ഇവർ പിന്നീട് ധനികരായ സിറിയൻ ക്രിസ്ത്യാനികളുടെ പണിക്കാരായി മാറുകയും, ക്രമേണ ക്രിസ്തു മതം സ്വീകരിക്കുകയും ചെയ്തു എന്നുമാണ്. ഇവർ ക്രിസ്തുമതം സ്വീകരിച്ചെങ്കിലും തങ്ങളുടെ സാമൂഹിക വ്യക്തിത്വത്തിന് യാതൊരു വിധ പുരോഗതിയും ലഭിച്ചിരുന്നില്ല. ഈ വിധ മത പരിവർത്തനം പത്തൊൻപതാം നൂറ്റാണ്ടിന്റെ മദ്ധ്യ ഭാഗത്താണ്

കേരളത്തിൽ ആരംഭിച്ചത്. ഇത് പ്രധാനമായും തിരുവിതാംകൂർ ഭാഗമായ കോട്ടയം പത്തനംതിട്ട ജില്ലകളിൽ ആണ് നടന്നത്. അതുകൊണ്ടു തന്നെ അവരുടെ അംഗസംഖ്യ ഈ ഭാഗങ്ങളിൽ വളരെയധികമാണ് എന്നു കാണാം.

**പെന്തക്കോസ്ത് ക്രിസ്ത്യാനികൾ**

അതുപോലെ തന്നെ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ പെന്തക്കോസ്ത് എന്ന ഒരു മത വിഭാഗം കൂടി കേരളത്തിൽ സ്ഥാപിതമായി. അങ്ങനെ ക്രിസ്തു മതത്തിൽ വിശ്വസിക്കുന്നവരുടെ തരംതിരിവ് നോക്കുകയാണെങ്കിൽ കേരളത്തിൽ കത്തോലിക്കർ, ഓർത്തഡോക്സ്, യാക്കോബായ, പ്രൊട്ടസ്റ്റൻറ്, പെന്തക്കോസ്ത്, കരിസ്മാറ്റിക് എന്നീ വ്യത്യസ്ത വിഭാഗങ്ങളെ കാണുവാൻ സാധിക്കുന്നു. ഇത് പലപ്പോഴായി നടന്ന ക്രിസ്തീയ വിഭാഗങ്ങളുടെ മുന്നേറ്റങ്ങളിൽ കൂടി ഉടലെടുത്തതാണ്. കൂടാതെ ക്രിസ്ത്യാനികൾക്കിടയിലുള്ള വിഭാഗങ്ങളുടെ പൊതുവായ വ്യത്യാസം നോക്കുകയാണെങ്കിൽ കേരളത്തിൽ സിറിയൻ ക്രിസ്ത്യാനികൾ, ലത്തീൻ കത്തോലിക്കർ, റോമൻ ക്രിസ്ത്യാനികൾ, നവ-ക്രിസ്ത്യാനികൾ എന്നീ വിഭാഗങ്ങളേയും കാണാം.

**കേരളത്തിൽ പാശ്ചാത്യ പെന്തക്കോസ്തു വിഭാഗക്കാരുടെ ആഗമനം**

ജോർജ് ബെർഗ് എന്ന അമേരിക്കൻ മിഷനറി 1909 ൽ നടത്തിയ കേരള സന്ദർശനത്തോടു കൂടിയാണ് പെന്തക്കോസ്തു വിശ്വാസം കേരളത്തിൽ ഉടലെടുക്കുന്നത്. ഇരുപതാം നൂറ്റാണ്ടിൽ കൂടുതൽ വിദേശ മിഷനറിമാരുടെ ആഗമനമുണ്ടാകുകയും അതോടുകൂടി ഈ വിശ്വാസത്തിനു ധ്രുതഗതിയിൽ ഉള്ള ഒരു വളർച്ച സംഭവിക്കുകയും ചെയ്തു. ഇതിൽ പ്രധാനി റോബർട്ട്.എഫ്.കുക്ക് എന്ന അമേരിക്കൻ മിഷനറി ആണ്. അദ്ദേഹം 1914 ൽ കേരത്തിൽ പെന്തക്കോസ്തു പൗരോഹിത്യം ആരംഭിക്കുകയും 1920 ൽ അദ്ദേഹം കൊട്ടാരക്കരയിലെ തിക്കണ്ണമംഗലത്തുള്ള കല്ലൂർ ചാക്കോ എന്ന വ്യക്തിയുമായി പരിചയപ്പെടുകയും തന്റെ ആസ്ഥാനം തൃക്കണ്ണമംഗലത്തേക്കു മാറ്റുകയും ചെയ്തു. പിന്നീട് അദ്ദേഹം "മലങ്കര ഫുൾ ഗോസ്പൽ ചർച്ച് ഓഫ് ഗോഡ്" എന്ന പേരിൽ തന്റെ പള്ളികളെ രജിസ്റ്റർ ചെയ്യുകയും ചെയ്തു. റോബർട്ട്.എഫ്.കുക്ക് 1923 ഓടു കൂടി "സൗത്ത് ഇന്ത്യ ചർച്ച് ഓഫ് ഗോഡ് (ഫുൾ ഗോസ്പൽ)" എന്ന പേരിൽ 36 പള്ളികൾ ഇന്ത്യയിൽ സ്ഥാപിക്കുകയുണ്ടായി.

പാസ്റ്റർ കെ. ഇ എബ്രഹാം പാസ്റ്റർ കുക്കുമായി ചേർന്ന് "ഇന്ത്യൻ പെന്തക്കോസ്ത് ചർച്ച് ഓഫ് ഗോഡ്" എന്ന സ്ഥാപനത്തിന് അടിസ്ഥാനമിടുകയും അതിന്റെ തലസ്ഥാനം കേരളത്തിലെ മുളക്കുഴ എന്ന സ്ഥലത്തേക്കു മാറ്റി സ്ഥാപിക്കുകയും ചെയ്തു. ഈ സമയത്തുള്ള മറ്റു രണ്ടു പള്ളികളിൽ ഒന്ന്, ശ്രീലങ്കയിൽ ഉള്ള "ദി പെന്തക്കോസ്തൽ മിഷൻ" എന്നതും , കെ. ഇ എബ്രഹാം സ്ഥാപിച്ച "ദി ഇന്ത്യൻ പെന്തക്കോസ്തൽ ചർച്ച് ഓഫ് ഗോഡ് " എന്നതും ആണ്. പിന്നീട് 1953 ൽ "ദി ഷാരോൺ ഫെല്ലോഷിപ്പ്" എന്ന പേരിൽ ഷാരോൺ വിമെൻസ് ബൈബിൾ കോളേജ് എന്ന സ്ഥാപനവും നിലവിൽ വന്നു.

**ദളിതരുടെ ക്രിസ്തുമതത്തിലേക്കുള്ള പരിവർത്തനം**

മൂന്ന് പ്രോട്ടസ്റ്റൻറ് വിഭാഗങ്ങൾ ആയ CMS, LMS, BASEL മിഷൻ എന്നിവ ക്രിസ്ത്യാനികൾ അല്ലാത്ത ആളുകളുടെ ഇടയിൽ പ്രവർത്തിക്കുകയും, അവരെ ക്രിസ്തുമതം സ്വീകരിക്കാൻ പ്രേരിപ്പിക്കുകയും ചെയ്തു. പിന്നീട്, ബ്രദറൻ, സാൽവേഷൻ ആർമി എന്നീ വിഭാഗങ്ങളും ദളിതരുടെ ഇടയിൽ പള്ളികൾ രൂപികരിക്കുകയുണ്ടായി. ഓർത്തഡോക്സ് പള്ളികളുമായുള്ള അഭിപ്രായ വ്യത്യാസം മൂലം CMS മിഷനറിമാർ അവരുടെ പ്രവർത്തനങ്ങൾ ക്രിസ്ത്യാനികളല്ലാത്തവരുടെ, പ്രത്യേകിച്ച് ദളിതരുടെ ഇടയിലേക്ക് വ്യാപിപ്പിക്കുകയും ചെയ്തു. തന്മൂലം, ദളിതരുടെ ഇടയിൽ സംഖ്യാപരമായി മുന്നിൽ നിൽക്കുന്ന പുലയ അഥവാ ചേരമർ വിഭാഗവും, പറയാ അഥവാ സാംബവ എന്ന വിഭാഗവും കൂടുതലായി ക്രിസ്തുമതം സ്വീകരിച്ചു തുടങ്ങുകയും ചെയ്തു.

**ജാതി വേർതിരിവും അനുബന്ധപ്രശ്നങ്ങളും**

ക്രിസ്തുമതം ദളിത ക്രിസ്ത്യാനികളെ മറ്റുള്ള ദളിതരിൽ നിന്നും സാംസ്കാരികമായി വേർതിരിച്ചു. എന്നാൽ, ഇരുകൂട്ടരിലും ജാതി-വർഗ ഘടകങ്ങൾ ഒരുപോലെ തന്നെ മാറ്റമില്ലാതെ തുടർന്നു വന്നു. അതെ സമയം, ക്രിസ്ത്യാനികൾ അല്ലാത്ത ദളിതർ, ക്രിസ്ത്യൻ ദളിതരെക്കാൾ കൂടുതൽ സംവരണാനുകൂല്യങ്ങൾ, മറ്റു വിവിധ തരത്തിലുള്ള സൗജന്യങ്ങൾ അനുഭവിക്കുകയും, സർക്കാർ സ്ഥാപനങ്ങളിൽ ജോലി സംവരണം സമ്പാദിക്കുകയും ചെയ്തു വരുന്നു. മാത്രമല്ല, പല തിരഞ്ഞെടുക്കപെട്ട സർക്കാർ സ്ഥാപനങ്ങളിലും പ്രത്യേകിച്ച് പാർലമെണ്ട്, നിയമ നിർമ്മാണസഭകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽ ഹിന്ദു-ദളിതർക്കു വേണ്ടി സീറ്റുകൾ സംവരണം ചെയ്യപ്പെട്ടിട്ടുമുണ്ട്. ഇത് ഹിന്ദു-ദളിതരുടെ സ്ഥാനം ക്രിസ്ത്യൻ-ദളിതരേക്കാൾ കുറച്ചു കൂടി മെച്ചപ്പെടുത്താൻ സഹായിക്കുന്നതായി

കാണിക്കുന്നു. അതേ സമയം, ക്രിസ്തുമതത്തിലേക്കുള്ള  മതപരിവർത്തനം ദളിതരെ യഥാർത്ഥ ക്രിസ്ത്യാനികളായി കാണാൻ ശ്രമിക്കാതെ പുലയ അല്ലെങ്കിൽ പറയ എന്നീ വിഭാഗങ്ങളായി പള്ളികൾക്കുള്ളിലും പുറത്തും കാണുന്നതായി കണ്ടുവരുന്നു. ദളിതർ, ക്രിസ്തുമതം സ്വീകരിച്ചതിലൂടെ  സാംസ്കാരികവും സാമൂഹികവുമായി ഉയർന്ന ഒരു ചുറ്റുപാടും പുതിയ ഒരു ജീവിതം  നയിക്കുവാനുമാണ് ആഗ്രഹിച്ചത്. എന്നാൽ യഥാർത്ഥത്തിൽ സംഭവിച്ചത് ഇവർ മറ്റൊരു ക്രിസ്തീയ വിഭാഗമായ പുതു ക്രിസ്ത്യാനികൾ എന്ന പേരിൽ അറിയപ്പെടുകയാണ് ചെയ്തത്. ഇവരെ സമൂഹം ഇന്നും കാണുന്നത് പുലയ ക്രിസ്ത്യാനി എന്നും പറയ ക്രിസ്ത്യാനി എന്നുമാണ്. ഈയൊരു സാഹചര്യത്തിൽ, കേരളത്തിലെ കൊല്ലം, കൊട്ടാരക്കര എന്നിവിടങ്ങളിൽ ഈ പുതു ക്രിസ്ത്യാനികളുടെ എണ്ണം വളരെ കൂടുതലായി ഉണ്ടാകുകയും CSI പള്ളികളിൽ ഇവർ തങ്ങളുടെ സാന്നിദ്ധ്യം തെളിയിക്കുകയും ചെയ്ത അവസരത്തിൽ ഇവർക്ക് കൊല്ലം–കൊട്ടാരക്കര എന്ന നാമധേയത്തിൽ സ്വന്തമായ ഒരു പുതിയ ഇടവക സ്ഥാപിക്കുവാനുള്ള സാഹചര്യം ഉണ്ടാവുകയും ചെയ്തു. ഇവിടെ ഇവർക്ക് മാത്രമായി പള്ളികളും, ഇടവകയും ബിഷപ്പും ഉണ്ട്. എന്നാൽ പ്രത്യേകമായി ശ്രദ്ധിക്കപ്പെട്ട ഒരു കാര്യം ഈ ബിഷപ്പ് ഉന്നത ജാതിയിൽപ്പെട്ട സിറിയൻ ക്രിസ്ത്യാനി ആണ് എന്നുള്ളതാണ്. ഇവിടെയും അവർക്ക് സ്വന്തം ബിഷപ്പിനെ തിരഞ്ഞെടു ക്കുവാനുള്ള അവകാശമില്ല.

**സംവരണത്തിന്റെ  ആവശ്യകത**

കേരളം, മറ്റു മതവിഭാഗങ്ങളോടൊപ്പം തന്നെ ക്രിസ്തു മതത്തിനും വളരെയേറെ പ്രാധാന്യം നൽകി വരുന്നു. ഇവിടെ കണ്ടു വരുന്നത് പല ക്രൈസ്തവ പൈതൃകങ്ങളുടെയും ഒരു കൂട്ടായ്മയാണ്. ഇവിടുത്തെ സാധാരണ ക്രൈസ്തവ ദേവാലയങ്ങൾ എന്നു പറയുന്നത് യാക്കോബായ, ഓർത്തഡോക്സ് സിറിയൻ, റോമൻ, ലാറ്റിൻ കാത്തോലിക്കാ, സിറോ-മലബാർ, സിറോ-മലങ്കര, മാർത്തോമാ  എന്നിവയാണ്. ഈ മത വിഭാഗങ്ങൾക്കിടയിൽ  പണ്ട് മുതൽക്കേ വളരെ ഗഹനമായ ഒരു ദേശീയവും അന്തർദേശീയവും ആയ ഭിന്നതകളും സഖ്യവും നില നിന്നു പോന്നിരുന്നു. ഇവരിൽ സാമൂഹികവും സാമ്പത്തികവുമായി മുന്നിൽ നില കൊണ്ടിരുന്ന സിറിയൻ ക്രിസ്ത്യനികൾക്കും, റോമൻ കത്തോലിക്കാ സമുദായാംഗങ്ങൾക്കും പറയത്തക്ക സാമൂഹിക പ്രശ്നങ്ങളൊന്നും  അനുഭവിക്കേണ്ടതായി വന്നിരുന്നില്ല. എന്നാൽ ചരിത്രപരമായി തന്നെ വളരെ താഴ്ന്ന സാമൂഹിക സാമ്പത്തിക സ്ഥാനം പുലർത്തുന്ന

ദളിത ക്രിസ്ത്യാനികൾ ഇന്നും ദളിത ഹിന്ദുക്കളെക്കാൾ വളരെ താഴ്ന്ന നിലവാരം തന്നെയാണ് പുലർത്തുന്നത്.

മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് പ്രകാരം നോക്കുകയാണെങ്കിൽ സാമൂഹികവും വിദ്യാഭ്യാസപരവുമായി ദളിത് ക്രിസ്ത്യാനികൾ മറ്റു ദളിതർക്കൊപ്പം തന്നെ ഏതാണ്ട് ഒരേ സ്ഥാനത്തു തന്നെയാണ് ഇന്നും നിൽക്കുന്നത്. മതപരിവർത്തനം നടത്തിയ ക്രിസ്ത്യാനികൾ ദളിത് ഹിന്ദുക്കളെപോലെതന്നെ തന്നെ സാമൂഹികമായും സാമ്പത്തികമായും പിന്നിൽ നിൽക്കുന്നവരായും കണ്ടുവരുന്നു. സംസ്ഥാനങ്ങൾ പോലും ദളിത് ക്രിസ്ത്യാനികളെ വേർതിരിച്ചു കാണുകയാണ് ഇന്നു ചെയ്യുന്നത്. ഭരണഘടനാപരമായി ഇന്ത്യ ഒരു മതേതര രാജ്യമാണെങ്കിലും ക്രിസ്ത്യൻ, മുസ്ലിം വിഭാഗങ്ങളിൽപ്പെട്ട മത പരിവർത്തിതരെ ദളിതരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇന്ത്യൻ ഭരണഘടനയുടെ രൂപരേഖ തയാറാക്കിയ അവസരത്തിൽ പട്ടിക ജാതിയിൽപ്പെട്ട ആളുകൾക്ക് അവരുടെ തുല്യതയും, അന്തസ്സും നിലനിർത്തുന്നതിനു വേണ്ടി ചില പ്രത്യേക അവകാശങ്ങളും ആനുകൂല്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെ ചെയ്തതു് വർഷങ്ങളായി അവർക്കു നിഷേധിച്ചിരുന്ന അവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയും അവർക്ക് തുല്യ അവസരങ്ങൾ ഉറപ്പുവരുത്തുന്നതിനു വേണ്ടിയുമാണ്. ഇതിലൂടെ അവരുടെ ജീവിത നിലവാരവും, സാമൂഹ്യ-സാമ്പത്തിക സ്ഥിതിയും മെച്ചപ്പെടുത്താം എന്നുള്ള പ്രതീക്ഷയിലാണ് ഈ സംവരണം നടപ്പാക്കിയിട്ടുള്ളത് .

സംവരണത്തിനു വേണ്ടി ജാതികളെ പട്ടികയിൽ ഉൾപ്പെടുത്തുന്നത് പ്രസിഡണ്ട് ആണ്. അതിൻപ്രകാരം, ഹിന്ദു, സിക്ക് , ബുദ്ധ എന്നി മതങ്ങളിൽ പെടാത്തവർ ഈ ജാതി പട്ടികയിൽ ഉൾപ്പെടുന്നില്ല. ഇത് ദളിത് ക്രിസ്ത്യാനികളെ സംവരണത്തിൽ നിന്നും പുറത്താക്കുന്നു. അങ്ങനെ, അവർ സർക്കാരിന്റെ സംരക്ഷണത്തിൽ നിന്നും, പള്ളികളിൽ നിന്നും, ചിലപ്പോൾ പട്ടിക ജാതിയിൽ നിന്നു പോലും വേർതിരിക്കപ്പെടുന്നു. ദേശീയ തലത്തിലും, സംസ്ഥാന തലത്തിലും അവർ മറ്റു പിന്നോക്ക സമുദായ പട്ടികയിൽ ആണ് ഇന്നുൾപ്പെട്ടിട്ടുള്ളത്. മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് സംസ്ഥാന തല റിസർവേഷന്റെ നിശ്ചിത വീഹിതമായ 27 ശതമാനത്തിൽ നിന്നും, 9 ശതമാനം മുസ്ലിങ്ങൾക്കും, 8 ശതമാനം ഈഴവർക്കും, 5 ശതമാനം മറ്റു പിന്നോക്ക ഹിന്ദുക്കൾക്കും, 2 ശതമാനം ലാറ്റിൻ കത്തോലിക്കർക്കും 2

ശതമാനം ആംഗ്ലോ-ഇന്ത്യക്കാർക്കും, 1 ശതമാനം മാത്രം ദളിത് ക്രിസ്ത്യാനി കൾക്കുമായി വിഭജിച്ചിരിക്കുന്നു.

സംസ്ഥാന തലത്തിൽ വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിന് വേണ്ടി "അർഹരായ മറ്റു വിഭാഗം" (Other Eligible Community) എന്നുള്ള ഒരു പ്രത്യേക വിഭാഗമുണ്ടാക്കുകയും ദളിത് ക്രിസ്ത്യാനികളും, തീരപ്രദേശത്തുള്ള മറ്റു ചില ഹിന്ദു-ക്രിസ്ത്യൻ വിഭാഗങ്ങളേയും ഈ വിഭാഗത്തിൽ പെടുത്തുകയും ഇവർക്ക് വിദ്യാഭ്യാസത്തിന് പ്രത്യേക സീറ്റു സംവരണമേർപ്പെടുത്തുകയും ചെയ്യുന്നതാണ് ഇന്നുള്ള ആനുകൂല്യം. ഈ ആനുകൂല്യം ഇവരുടെ വിദ്യാഭ്യാസ പുരോഗതിയെ ഉദ്ദേശിച്ചാണ് സംസ്ഥാന മറ്റു പിന്നോക്ക വിഭാഗത്തിന്റെ പട്ടികയിൽ നിന്നും തിരഞ്ഞെടുക്കുന്നത്. പരമാവധി 6 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ളവരുടെ കുട്ടികൾക്കാണ് ഈ ആനുകൂല്യം ലഭിക്കുന്നത്. ഇതുമൂലം ദളിത് ക്രിസ്ത്യാനികളോടൊപ്പം തന്നെ എല്ലാ ആനുകൂല്യങ്ങൾക്കും ഇവർ അർഹരാകുകയും ചെയുന്നു. അങ്ങനെ, തൊഴിൽ സംബന്ധമായ സംവരണത്തിൽ അവരെ OBCയുടെ പട്ടികയിൽ പെടുത്തുകയും, വിദ്യാഭ്യാസ പരമായ ആനുകൂല്യങ്ങൾക്ക് അവരെ OEC പട്ടികയിൽ പ്പെടുത്തുകയുമാണ് കേരളത്തിൽ ഇന്നു ചെയ്തു വരുന്നത്.

## അദ്ധ്യായം 2

## പഠന രീതി

കേരളത്തിലെ പരമ്പരാഗത ക്രിസ്ത്യാനികൾ പുരാതന കാലം മുതൽക്കു തന്നെ സമൂഹത്തിൽ വളരെ ഉയർന്ന ഒരു സ്ഥാനം നേടിയിരുന്നു. തോമശ്ലീഹ ആദ്യമായി കേരളത്തിൽ വന്നു മത പരിവർത്തനം നടത്തിയ നമ്പൂതിരി സമുദായത്തിലെ അംഗങ്ങളാണ് ഇവർ എന്നു വിശ്വസിക്കപ്പെട്ടുവരുന്നത്. പണ്ടുമുതൽക്കേ മലബാറിലെ സിറിയൻ ക്രിസ്ത്യാനികൾ സമൂഹത്തിൽ നായർ സമുദായത്തോടൊപ്പം തന്നെ വളരെ ഉയർന്ന ഒരു സ്ഥാനം നേടിയിരുന്നു (അനന്തകൃഷ്ണ അയ്യർ,1926). ഇതിനാൽ ഇവർ ജാതീയമായിത്തന്നെ സമൂഹത്തിൽ ഉയർന്ന സ്ഥാനവും നിലവാരവും പുലർത്തുകയും വളരെ ഉയർന്ന നിലയിൽ വിദ്യാഭ്യാസവും സാമ്പത്തിക മികവും പുലർത്തുകയും ചെയ്തിരുന്നു. മാത്രമല്ല, സ്ത്രീ-പുരുഷ തുല്യതയിലും ഇവർ മുന്നോക്ക സ്ഥാനം നേടുകയും, ഇന്ത്യയിലും വിദേശത്തും ഒരുപോലെ ഔദ്യോഗിക നേട്ടം കൈവരിക്കുകയും, ഉയർന്ന ജീവിതനിലവാരം ഇന്ത്യക്കകത്തും പുറത്തും ഒരു പോലെ നേടുകയും ചെയ്തിരുന്നു.

എന്നാൽ മറ്റു പല ക്രിസ്തീയ വിഭാഗം പ്രത്യേകിച്ച് മത പരിവർത്തിത ക്രിസ്ത്യൻ വിഭാഗങ്ങളുടെ കാര്യം ഇതല്ല. വിദേശ സുവിശേഷകരുടെ ആഗമനത്തോടെ ക്രിസ്തു മതം സ്വീകരിച്ച ഇവരിൽ ഒരു വിഭാഗം പേർ പെന്തകോസ്ത്, CSI, ലത്തീൻ എന്നീ ക്രിസ്ത്യൻ വിഭാഗക്കാരാണ്. ഇവരിൽ ഭൂരിപക്ഷം പേരും സാമൂഹികവും സാമ്പത്തികവുമായി വളരെ താഴെ തട്ടിൽ ജീവിക്കുന്നവരാണ്. ഇവർ പ്രധാനമായും ആങ്ഗ്ലോ ഇന്ത്യക്കാർ, പെന്തകോസ്ത്, ലത്തീൻ കത്തോലിക്കർ, പുതുക്രിസ്ത്യാനികൾ എന്നീ വിഭാഗത്തിൽപ്പെടുന്നവരാണ്.

എല്ലാ പൗരൻമാർക്കും തുല്യ അവകാശവും അവസരവും സംരക്ഷണവും നൽകുന്നതിനും അതോടൊപ്പം തന്നെ വിവിധ കാരണങ്ങളാൽ പാർശ്വവൽക്കരിക്കപ്പെട്ട പട്ടിക ജാതി/പട്ടിക വർഗ്ഗ, പിന്നോക്ക വിഭാഗങ്ങളുടേയും മത ഭാഷ ന്യൂനപക്ഷങ്ങളുടേയും സംരക്ഷണത്തിനും അവരെ പൊതുധാരയിലേക്ക് പിടിച്ചുയർത്തുന്നതിനും വേണ്ടി കേന്ദ്ര -സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളായി ക്ഷേമ പദ്ധതികൾക്ക് രൂപം നൽകി നടപ്പാക്കി വരുന്നു. അതിന്റെ ഭാഗമായിട്ട് 1992 ലെ നാഷണൽ കമ്മീഷൻ ഫോർ മൈനോറിട്ടീസ് ആക്ട് പ്രകാരം ദേശീയ ന്യൂനപക്ഷ

കമ്മീഷൻ രൂപവൽക്കരിക്കുകയും, 2013 ലെ കേരള സംസ്ഥാന ന്യുനപക്ഷ കമ്മീഷൻ ആക്ട് പ്രകാരം കേരള സംസ്ഥാന ന്യുനപക്ഷ കമ്മീഷൻ രൂപികരിക്കുകയും ചെയ്തു .

ഈ കമ്മീഷൻ ന്യുനപക്ഷങ്ങളുടെ സമഗ്ര വിദ്യാഭ്യാസ പുരോഗതിക്കും ക്ഷേമത്തിനും, സംരക്ഷണത്തിനും ശാക്തീകരണത്തിനും വേണ്ടി പ്രവർ ത്തിച്ചു പോരുന്നു. ന്യുനപക്ഷങ്ങൾക്ക് സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവും ഭാഷാപരവുമായിട്ടുള്ള അവകാശങ്ങളും, സംരക്ഷണ വ്യവസ്ഥകളും, ആനുകൂല്യങ്ങളും, നഷ്ടപ്പെടുന്നതിനെക്കുറിച്ചുള്ള പ്രത്യേക പരാതികളിന്മേൽ അന്വേഷണം നടത്തുകയും അത്തരം കാര്യങ്ങൾ ബന്ധപ്പെട്ട അധികാര സ്ഥാപനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടു വരികയും പരിഹാര നടപടികൾ നിർദ്ദേശിക്കുകയും, അതു സംബന്ധിച്ച് തുടർ നടപടികൾ നിരീക്ഷിക്കുകയും ചെയ്യുക എന്നത് കമ്മീഷന്റെ ചുമതലയിൽപ്പെട്ട കാര്യങ്ങളാണ്.

കേന്ദ്ര സർക്കാർ താഴെ പറയുന്ന വിഭാഗങ്ങളെയാണ് ന്യുനപക്ഷ വിഭാഗത്തിൽ ചേർത്തിട്ടുള്ളത്

1. മുസ്ലിം
2. ക്രിസ്ത്യൻ
3. സിക്ക്
4. ബുദ്ധ മതക്കാർ
5 ജൈനമതക്കാർ
6. പാർസി

ഈ ന്യുനപക്ഷ കമ്മീഷനു ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ CSI, പെന്തക്കോസ്ത് എന്നീ ന്യുനപക്ഷ സമുദായങ്ങളുടെ പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് മനസ്സിലാക്കുക, അവയ്ക്കുള്ള പരിഹാരങ്ങൾ നിർദ്ദേ ശിക്കുക എന്നതുമാണ്, ഈ പഠനത്തിന്റെ ഉദ്ദേശ്യം.

- ന്യുനപക്ഷ സമുദായങ്ങൾക്ക് അനുവദിച്ചിട്ടുള്ള സംവരണവും ക്ഷേമ പദ്ധതികളും എത്രത്തോളം ഈ മതവിഭാഗങ്ങളിലേക്ക് എത്തി ച്ചേർന്നിട്ടുണ്ട്
- എത്രത്തോളം അവർ അത് പ്രയോജനപ്പെടുത്തിയിട്ടുണ്ട്
- എത്രത്തോളം ആളുകൾക്ക് ഈ പദ്ധതികളെപ്പറ്റി അറിവുണ്ട്.

കൂടാതെ കമ്മീഷനിൽ ലഭിച്ച പരാതിയിൽ പരാമർശിച്ചിട്ടുള്ള വിഷയങ്ങളും സഭാധ്യക്ഷന്മാരെ ഉൾപ്പെടുത്തിക്കൊണ്ട് നടത്തിയ മീറ്റിംഗിനേയും അടിസ്ഥാനപ്പെടുത്തിയാണ് ഈ പഠനത്തിന്റെ റിപ്പോർട്ടു തയ്യാറാക്കിയിട്ടുള്ളത്.

- വർഷങ്ങളായി രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചു വരുന്ന പെന്തക്കോസ്ത് സഭകളെ ക്രൈസ്തവ സഭാ വിഭാഗമായി അംഗീകരിക്കുകയും ന്യൂന പക്ഷ പദവി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
- ഇപ്പോൾ ഉപയോഗിച്ചു കൊണ്ടിരിക്കുന്നതും പെർമിട്ടുള്ളതുമായ ശവക്കോട്ടകളുടെ തുടർ നിർമ്മാണങ്ങൾ (സെൽ, ചുറ്റുമതിൽ, മുതലായവ) നടത്തുന്നതിന് നിയമങ്ങൾ ലഘൂകരിക്കുകയും, മുൻസിപ്പാലിറ്റി / കോർപ്പറേഷൻ /പഞ്ചായത്ത് എന്നിവിടങ്ങളിലുള്ള അംഗീകൃത പ്ലാൻ നിർമ്മാണത്തിനുള്ള മാനദണ്ഡമായി കണക്കാക്കുകയും ജില്ല ഭരണകൂടത്തിന്റെ നടപടി ക്രമങ്ങൾ ഒഴിവാക്കുകയും ചെയ്യുക.
- അഞ്ചു വർഷമായി പ്രാർഥനക്ക് ഉപയോഗിക്കുന്ന ഹാളുകൾ ആരാധനാലയങ്ങളായി അംഗീകരിച്ച് ലൈസൻസ് നൽകുക.
- സർക്കാർ അംഗീകൃത പൊതു ശ്മശാനങ്ങളിൽ ക്രൈസ്തവ ആചാര പ്രകാരം അടക്കുവാൻ അനുവാദം നൽകുക.
- എല്ലാ ജില്ലകളിലും പൊതുശ്മശാനങ്ങൾ ദീർഘകാല വ്യവസ്ഥിതിയിൽ പാട്ടത്തിനു അനുവദിക്കുകയും അവിടെ പൊതു ശ്മശാനങ്ങൾ, സെൽ നിർമ്മാണത്തിന് അനുമതി നൽകുകയും ചെയ്യുക.
- വീടുകളിൽ പ്രാർത്ഥന നടത്തുന്നതിനുള്ള അനുവാദം നൽകുക
- പെന്തക്കോസ്ത് ആരാധനാലയങ്ങളെ പ്രാർഥനാ ഹാൾ എന്ന ലിസ്റ്റിൽ പെടുത്തുക.
- SC, ST, OBC വിഭാഗങ്ങളിൽ നിന്നും പെന്തക്കോസ്ത് സഭാവിശ്വാസം സ്വീകരിച്ച വിശ്വാസികൾക്ക് നിലവിൽ ലഭിച്ചു കൊണ്ടിരിക്കുന്ന സംവരണം നിലനിർത്തുക.

ഇവരുടെ പ്രശ്നങ്ങൾ നേരിട്ടറിയുന്നതിനും മനസ്സിലാക്കുന്നതിനും വേണ്ടി കേരളത്തിലെ കൊല്ലം, കോട്ടയം, തിരുവനന്തപുരം എന്നീ മൂന്നു ജില്ലകളിൽ വിശദമായ ഒരു പഠനം നടത്തുകയുയുണ്ടായി. ഈ പഠനത്തിന്റെ ഭാഗമായി CSI, പെന്തക്കോസ്ത് എന്നീ മത വിശ്വാസികളുടെ ഇടയിൽ നിന്നും 180 പേരെ വീതം തിരഞ്ഞെടുക്കുകയും

അവരുടെ പ്രശ്നങ്ങളെപ്പറ്റി വിശദമായി പഠനം നടത്തുകയും വിശകലനം ചെയ്യുകയും ചെയ്തു.

ഇതിനായി ഓരോ ജില്ലയിൽ നിന്നും 60 CSI കൃസ്ത്യാനികളേയും, 60 പെന്തക്കോസ്ത് വിശ്വാസികളേയും തിരഞ്ഞെടുക്കുകയുണ്ടായി. അങ്ങിനെ മൂന്നു ജില്ലകളിൽ നിന്നായി 360 പേരെ തിരഞ്ഞെടുക്കുകയും വളരെ വിശദമായ ചോദ്യാവലിയിലൂടെയും അഭിമുഖ സംഭാഷണത്തിൽക്കൂടിയും അവരുടെ പ്രശ്നങ്ങളിലേക്ക് ആഴത്തിൽ ഇറങ്ങി ചെല്ലുകയും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. ഇങ്ങനെ ശേഖരിച്ച വിവരങ്ങൾ വിശദമായ വിശകലനത്തിലൂടെ യഥാർത്ഥ പ്രശ്നം എന്താണെന്നു കണ്ടെത്തുവാനും സാധിച്ചു. കമ്മീഷനിൽ പരാതിനൽകിയവരേയും ഈ പഠനത്തിൽ ഉൾപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. ഓരോ സമൂഹത്തിൽ പ്പെട്ടവരുടേയും പ്രശ്നങ്ങൾ വിശദമായ വിശകലനത്തിലൂടെ തയ്യാറാക്കിയ പഠന റിപ്പോർട്ടാണ് താഴെ കൊടുത്തിരിക്കുന്നത്.

## അദ്ധ്യായം 3

## CSI മത വിശ്വാസികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ

യേശുവിന്റെ സുവിശേഷ പ്രസംഗത്തിനായി അയച്ച പന്ത്രണ്ട് അപ്പോസ്തലൻമ്മാരിൽ ഒരാളായ തോമസ്ലീഹയാണ് ക്രിസ്തുമതം കേരളത്തിൽ കൊണ്ടുവന്നതെന്നാണ് വിശ്വാസം. പ്രൊട്ടസ്റ്റൻറ് നവോത്ഥാനത്തിനു വളരേ മുൻപു തന്നെ റോമൻ പള്ളികളിൽ ചിലയിടങ്ങളിൽ ബൈബിൾ നിഷ്കർഷിക്കുന്ന രീതിയിലല്ലാതെ പ്രവർത്തിച്ചിരുന്ന റോമപള്ളികളുടെ പ്രവർത്തനങ്ങൾക്കെതിരെയുള്ള പ്രതിഷേധം നടന്നു വന്നിരുന്നെങ്കിലും അതത്ര ഫലം കണ്ടിരുന്നില്ല.

പ്രൊട്ടസ്റ്റൻറ് മുന്നേറ്റത്തിന്റെ ഭാഗമായി 1947ൽ CSI എന്ന പേരിൽ ഒരു സംയുക്ത ക്രിസ്തീയ വിഭാഗം കേരളത്തിൽ നിലവിൽ വരുകയുണ്ടായി. ഇത് യൂറോപ്യൻ രാജ്യങ്ങളിലെ റോമൻ കത്തോലിക്ക പള്ളികളുടെ ഉപദ്രവകരമായ സമീപനത്തിനെതിരേയുള്ള പ്രക്ഷോഭമായിട്ടാണ് തുടങ്ങിയത്. റോമൻ കത്തോലിക്ക പള്ളികളുടെ ആധിപത്യവും അതിനു ജനങ്ങൾക്കിടയിലുള്ള അമിത സ്വാധീനവും, അവരുടെ മേൽക്കോയ്മക്കെതിരെയുമാണ് പതിനാറാം നൂറ്റാണ്ടിൽ പുതിയൊരു മുന്നേറ്റത്തിനു തുടക്കമിട്ടത്. ഇത് നിലവിൽ വന്നത് റോമൻ സഭയിൽ തന്നെയുള്ള ലൂതർ എന്ന വിശ്വാസിയുടെ ശ്രമഫലമായാണ്. അദ്ദേഹം നിലവിലുണ്ടായിരുന്ന കത്തോലിക്ക സഭാധ്യക്ഷനായ പോപ്പിന് വിശ്വാസികൾക്കുമേലുണ്ടായിരുന്ന അമിതമായ ആധിപത്യത്തെയും അവകാശങ്ങളെയും ചോദ്യം ചെയ്തതോടെയാണ് ഈ ഒരു മുന്നേറ്റം ഉടലെടുത്തത്. എന്നാൽ ഈ നീക്കത്തെ കാത്തോലിക് സഭകൾ അടിച്ചമർത്താൻ ശ്രമിക്കുകയും പരിഷ്കർത്താക്കളെ നിശബ്ദരാക്കാൻ ശ്രമിക്കുകയും ചെയ്തു.

ഇതിന്റെ ഫലമായി പുതിയ കുറെ പള്ളികൾ നിലവിൽ വരുകയും. നാല് പ്രധാന നിഷേധാത്മക വിഭാഗങ്ങൾ ഉണ്ടാവുകയും ചെയ്തു. ലൂതറിന്റെ പിൻഗാമികളുടെ പള്ളികളായ ലൂതറൻ പള്ളികൾ, കാൽവിന്റെ അനുയായികൾ റീഫോർമ്ട് പള്ളികളും, ജോൺനോക്ക്സിന്റെ അനുയായികൾ സകോട്ട്ലാൻഡിൽ കാൽവിന്റെ സിദ്ധാന്ത പ്രകാരം പ്രസ്ബിട്ടേറിയൻ പള്ളികൾ എന്നിവ തുടങ്ങുകയും, ഇംഗ്ലണ്ടിൽ ആംഗലേയപള്ളികൾ സ്ഥാപിക്കുകയും ചെയ്തു.

ഇതേ സമയം പ്രാചീന മലബാർ സിറിയൻ പള്ളികൾക്ക് വെസ്റ്റ് ഏഷ്യയുമായി ബന്ധമുണ്ടായിരുന്നു. പതിനാറാം നൂറ്റാണ്ടിൽ ചർച്ച് മിഷനറി സൊസൈറ്റി, ലണ്ടൻ മിഷനറി സൊസൈറ്റി, ബേസൽ മിഷൻ എന്നിവയുടെ വരവോടുകൂടി പതിനാറാം നൂറ്റാണ്ടിൽ യുറോപ്പിനെ പിടിച്ചു കുലുക്കിയ പുരോഗമന പ്രസ്ഥാനത്തിന്റെ അലകൾ ക്രിസ്ത്യൻ മിഷനറിമാരുടെ വരവോടുകുടി ഇന്ത്യയിലും ഉണ്ടായി. ഇതിന്റെ ഫലമായി രൂപപ്പെട്ട ചർച്ച് ഓഫ് സൌത്ത് ഇന്ത്യ, ക്രിസ്ത്യാനികളുടെ ചരിത്രത്തിലെ ഒരു മഹാസംഭവമായി മാറുകയുണ്ടായി. ബിഷപ്പ് ജേക്കബ് ആയിരുന്നു ആദ്യത്തെ ബിഷപ്പ്. മദിരാശിയിലെ സെൻട് ജോർജ് കത്തീഡ്രലിൽ വച്ച് നടന്ന ചടങ്ങിൽ പ്രസ്ബിട്ടെരിയനുകൾ, കോൺഗ്രിഗേഷനലിസ്റ്റുകൾ, മെതോടിസ്റ്റുകൾ, ആംഗലേയർ എന്നിവർ ഒന്നിച്ചു ചേർന്ന് ആദ്യത്തെ യൂണിയൻ പള്ളികളുമുണ്ടായി. ഈ യൂണിയൻപള്ളികളുടെ അംഗങ്ങൾ ബിഷപ്പിന്റെ ഭരണത്തിൻ കീഴിലുള്ളതും അല്ലാത്തതുമായ നിയമങ്ങൾ പള്ളി വ്യവസ്ഥയുടെ ഭാഗമായി സ്വീകരിക്കുകയും ചെയ്തു.

മതഗ്രന്ഥങ്ങൾ വിശ്വാസത്തിന്റെ യും ആചാരങ്ങളുടെയും ഏറ്റവും വലിയ മാനദണ്ഡമാണ്. CSI സഭകൾക്ക് അതിന്റെ തായ മത ഗ്രന്ഥവും പ്രാർഥന രീതികളും ഉണ്ട്. ഇവ രണ്ടും പല വിഭാഗങ്ങളിൽ നിന്നും ഒരുമിച്ചു ചേർത്ത് ഒന്നാക്കിയഒന്നാണ്. ഇവർ മറ്റു പല ക്രിസ്തീയ പ്രമാണങ്ങളിൽ നിന്നും പ്രത്യേകിച്ചു ആംഗലേയ വിശ്വാ സപ്രമാണങ്ങളുടെ കാഴ്ച്ചപ്പാടുകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് ഈ പുതിയ സഭയുടെ പ്രമാണങ്ങൾ. ഇത് പ്രൊട്ടസ്റ്റൻറ് സഭകളിലെത്തന്നെ ഒരു നാഴികക്കല്ലാണ്. ഈ സഭയുടെ കീഴിൽ 2000 ത്തിലധികം സ്കൂളുകൾ, 13 തി ലധികം കോളേജുകൾ, 104ൽ പ്പരം ആശുപത്രികൾ, എന്നിവ ഈ സഭയുടെ കീഴിൽ ഇന്നു പ്രവർത്തിച്ചു വരുന്നു. 1960ൽ ഈ സഭ തങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതകളെക്കുറിച്ച് ബോധവാന്മാരാവുകയും, തൽഫലമായി പല ഗ്രാമീണ പുരോഗമന പദ്ധതികളും നടപ്പിൽ കൊണ്ടു വരികയും ചെയ്തു. ഇതു കൂടാതെ യുവജനങ്ങൾക്കുള്ള പരിശീലനകേന്ദ്രങ്ങൾ, കുട്ടികൾക്കു വേണ്ടി ഹോസ്റ്റൽ, എന്നിവയെല്ലാം തന്നെ ഈ സഭ ഇന്നു നടത്തിവരുന്നുണ്ട്. 1947 നവംബറിൽ തന്നെ ചർച്ച് ഓഫ് നോർത്ത് ഇന്ത്യയും നിലവിൽ വന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ ഈ പഠനത്തിൽ പങ്കെടുത്ത CSI മത വിശ്വാസികളുടെ സാമൂഹ്യ സാമ്പത്തിക ചുറ്റുപാടുകളെ പറ്റി അന്വേഷിക്കുകയുണ്ടായി. താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്നും ഇവരുടെ ചുറ്റുപാടുകളെ പറ്റി മനസ്സിലാക്കാം .

**പട്ടിക 1:** സാമൂഹ്യ-സാമ്പത്തിക ചുറ്റുപാടുകൾ

| വയസ്സ് | പ്രതികരിച്ചവരുടെ എണ്ണം | ശതമാനം |
|---|---|---|
| 18-25 | 42 | 23 .33 |
| 26-40 | 61 | 33.89 |
| 41-55 | 38 | 21.11 |
| 56 വയസ്സിനു മുകളിലുള്ളവർ | 39 | 21.67 |
| ആകെ | 180 | 100 |

ഈ പഠനത്തിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ വയസ്സിന്റെ അടിസ്ഥാനത്തിൽ അവരെ 18 മുതൽ 25 വയസ്സ്, 26 മുതൽ 40 വയസ്സ്, 41 മുതൽ 55 വയസ്സ്, 56 വയസ്സിനു മുകളിൽ പ്രായമുള്ളവർ എന്നിങ്ങനെ 4 വിഭാഗങ്ങളായാണ് വിഭജിച്ചിരിക്കുന്നത്, ഇതിൽ 34 ശതമാനം പേർ 26 നും 40 വയസ്സിനും ഇടയിൽ പ്രായമുള്ള ചെറുപ്പക്കാരാണ്. 18.33 ശതമാനം പേർ 18 നും 25 നും ഇടയിലുള്ളവർ. ഈ പ്രായക്കാർ മിക്കവാറും സ്കൂൾ

വിദ്യാഭ്യാസം പൂർത്തിയാക്കി ഉപരിപഠനത്തിനു പോകുന്നവരോ ജോലിയിൽ പ്രവേശിച്ചവരോ അതിനു വേണ്ടി ശ്രമിക്കുന്നവരോ ആണ്.

ഇതു കാണിക്കുന്നത് ഭൂരിഭാഗം (57.22%) പേരും 40 വയസ്സിൽ താഴെ പ്രായമുള്ള ചെറുപ്പക്കാരാണ് എന്നും, വിദ്യാഭ്യാസം തുടരുന്നവരോ, വിദ്യാഭ്യാസം പൂർത്തിയാക്കി എന്തെങ്കിലും ജോലിക്കു വേണ്ടി ശ്രമിക്കുന്നവരോ, വിവിധ തരം ജോലികളിൽ പ്രവേശിച്ചിട്ടുള്ളവരോ ആണ് എന്നുമാണ്.

**പട്ടിക 2 :** സ്ത്രീ പുരുഷ വിഭജനം

| ലിംഗം | എണ്ണം | ശതമാനം |
|---|---|---|
| പുരുഷന്മാർ | 82 | 45.56 |
| സ്ത്രീകൾ | 98 | 54.44 |
| ആകെ | 180 | 100 |

ഈ പഠനത്തിനു സ്ത്രീ പുരുഷന്മാരുടെ എണ്ണം ഏകദേശം തുല്യമായാണ് ഉള്ളത്.ഇവരിൽ 45.56% പുരുഷന്മാരും 54.44% സ്ത്രീകളുമാണ് ഈ പഠനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത് അവരുടെ സാമൂഹികവും സാംസ്കാരികവുമായ പ്രശ്നങ്ങൾ മനസ്സിലാക്കാൻ സാധിക്കുന്നു. പഠനത്തിനും ഉദ്യോഗത്തിനും നൽകുന്ന വ്യത്യസ്തമായ സമീപനം വ്യക്തമായി മനസ്സിലാക്കുവാനും സാധിക്കുന്നു. മാത്രമല്ല ഉപരിപഠനത്തിനു നൽകുന്ന പ്രാധാന്യവും ഉദ്യോഗത്തിനു നൽകുന്ന പ്രാമുഖ്യവും

വളരെ വ്യക്തമായി മനസ്സിലാക്കു വാനും സാധിക്കുന്നു. ഓരോരുത്തരും ഏതു തരം ജോലിക്കാണ് പ്രാധാന്യം നൽകുന്നതെന്നും മനസ്സിലാക്കാൻ കഴിയുന്നു.

**പട്ടിക 3 :** എല്ലാ സ്രോതസ്സിൽ നിന്നുമുള്ള മാസവരുമാനം

| **മാസവരുമാനം** | **എണ്ണം** | **ശതമാനം** |
|---|---|---|
| 10,000 താഴെ | 84 | 46.67 |
| 10,000 -20,000 | 58 | 32.22 |
| 20,000- 30,000 | 38 | 21.11 |
| ആകെ | 180 | 100 |

ഒരാളുടെ സാമ്പത്തിക സ്ഥിതി സൂചിപ്പിക്കുന്നത് അയാളുടെയോ അയാളുടെ കുടുംബത്തിന്റെ യോ ധന വിനിയോഗ സാധ്യതയും സാമുഹ്യ സ്ഥിതിയും എത്രത്തോളം മെച്ചപ്പെടുത്താൻ സാധിക്കും എന്നതാണ്. മാത്രമല്ല വരുമാനം ഒരാൾക്ക് തന്റെ ജീവിത രീതി മെച്ചപ്പെടുത്തുവാനും നല്ല ജീവിത സാഹചര്യങ്ങൾ, നല്ല ചുറ്റുപാടുകൾ എന്നിവ തിരഞ്ഞെടുക്കുവാനും സഹായിക്കുന്നു.

ഒരാളുടെ കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതി അയാളുടെ വിദ്യാഭ്യാസ നിലവാരത്തെ മെച്ചപ്പെടുത്തുവൻ സഹായിക്കുന്നു. എന്നിരുന്നാലും സാമ്പത്തിക സ്ഥിതിയിൽ പിന്നോക്കം നിൽക്കുന്നവർ പലരും ജീവിതത്തിൽ ഉയർന്ന വിദ്യാഭ്യാസ നേട്ടത്തിനേക്കാൾ കൂടുതൽ പ്രാധാന്യം വിവാഹം ജോലി മുതലായ മറ്റു പല കാര്യങ്ങൾക്കും നൽകുന്നു. ഇങ്ങിനെ വരുമ്പോൾ അവർ വിദ്യാഭ്യാസ മൂല്യത്തെ

അപേക്ഷിച്ചു മറ്റു  പല കാര്യങ്ങൾക്കും മുൻതൂക്കം നൽകുവാൻ പ്രേരിതരാക്കുന്നു. തങ്ങളുടെ ദൈനംദിന ജീവിതപ്രശ്നങ്ങൾക്കു മുന്നിൽ ഉന്നത വിദ്യാഭ്യാസത്തിനു താരതമ്യേന കുറഞ്ഞ പ്രാധാന്യം നൽകുന്നതായാണ് കണ്ടുവന്നത്. തുടർ പഠനത്തിനു പകരം ഏതെങ്കിലും ഒരു തൊഴിലിൽ ഏർപ്പെടുവാനും സാമ്പത്തിക നേട്ടം കൈവരിക്കുവാനും ഇവർ പ്രേരിതരാകുന്നു. ഇതുമൂലം വിദ്യാഭ്യാസം പാതിവഴിയിൽ ഉപേക്ഷിക്കുകയും വരുമാന മാർഗമുള്ള തൊഴിൽ തിരഞ്ഞെടുക്കുകയും ചെയുന്നു.

കുടുംബ വരുമാനം വിശകലനം ചെയ്യുന്നതിൽക്കൂടി  ഒരാളുടെ ദൈനംദിന കാര്യങ്ങൾക്കു ചിലവാക്കാൻ സാധിക്കുന്ന തുകയുടെ ഏകദേശം കണക്കു ലഭിക്കുന്നു.

ഈ പഠനത്തിൽ ഭൂരിഭാഗം പേരും (84%) വളരെ താഴ്ന്ന വരുമാനക്കാരാണ്. 10,000 രൂപയിൽ താഴെ മാത്രം മാസവരുമാനമുള്ളവർ. 58 % പേർ  10,000 ത്തിനും 20,000 ത്തിനും മദ്ധ്യേ വരുമാനമുള്ളവരും, 38% പേർ സാമാന്യം നല്ല വരുമാനക്കാരുമാണ്. ഇവർ 20,000 രൂപക്കും 30,000 രൂപക്കും മദ്ധ്യേ വരുമാനമുള്ളവരുമാണ്.

ഈ അപഗ്രഥനം കാണിക്കുന്നത് ഭൂരിഭാഗം പേരും വളരെ താഴ്ന്ന സാമ്പത്തിക ചുറ്റുപാടുകളിൽ  ഉള്ളവരാക്കുന്നു എന്നതാണ് .  അതായത് 81.33% പേർ വെറും 20,000 രൂപയിൽ താഴെ മാത്രം മാസ വരുമാനം നേടുന്നവരാണ് എന്നു കാണുന്നു.

**പട്ടിക 4:** ഏതെങ്കിലും  തരത്തിലുള്ള ആസ്തി ഉള്ളവർ

| **ആസ്തി** | **എണ്ണം** | **ശതമാനം** |
|---|---|---|
| ഉണ്ട് | 51 | 28. 33 |
| ഇല്ല | 129 | 71 . 67 |
| ആകെ | 180 | 100 |

സ്വന്തമായി നില നിൽക്കാൻ സാധിക്കാതെ വരുന്ന അവസരത്തിൽ ഒരാളുടെ സമ്പാദ്യം അയാളുടെ സഹായത്തിനു  വരുന്നു. സമ്പാദ്യം എന്ന് പറയുന്നത് സ്വന്തമായി വിൽക്കുവാനോ, പണയപ്പെടുത്തുവാനോ സാധിക്കുന്ന തരത്തിലുള്ള വസ്തുവകകളോ, സ്വർണാഭരണങ്ങളോ, ഉരുപ്പടികളോ ധനപരമായ സമ്പാദ്യങ്ങളോ, ബാങ്ക് നിക്ഷേപങ്ങളോ, അല്ലെങ്കിൽ ചിട്ടി പോലുള്ള സാമ്പത്തിക  സമ്പാദ്യങ്ങളോ എന്നിവയെല്ലാം ആകാം. സമ്പാദ്യം ഒരാൾക്ക് സമൂഹത്തിൽ നല്ല ഉയർന്ന സ്ഥാനം നൽകുന്നു, മാത്രമല്ല സാമൂഹ്യ സുരക്ഷയും അതു മൂലം മനഃസന്തോഷവും  ഇവർക്കു ലഭിക്കുന്നു.

പഠനങ്ങൾ തെളിയിക്കുന്നത് നല്ല കുടുംബ സ്വത്തും സമ്പാദ്യവും ഉള്ളവർ സ്വന്തമായി ഉയർന്ന വിദ്യാഭ്യാസം സമ്പാദിക്കുന്നതിൽ തൽപ്പരരും തങ്ങളുടെ കുട്ടികൾക്ക് കൂടുതൽ ഉയർന്ന വിദ്യാഭ്യാസം നൽകുന്നതിൽ ശ്രദ്ധിക്കുന്നവരുമാണ് എന്നതാണ്. ഉന്നത വിദ്യാഭ്യാസം ഉയർന്ന ഉദ്യോഗം നേടിക്കൊടുക്കുന്നതിനും നല്ല സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിനും, സമൂഹത്തിൽ ഉയർന്ന സ്ഥാനം നേടിക്കൊടുക്കുന്നതിനും സഹായിക്കുന്നു.

എന്നാൽ ഈ പഠനത്തിൽ വളരെ കുറച്ചു പേർ മാത്രമേ കുറച്ചെങ്കിലും വസ്തു വകകൾ ഉള്ളവരായിട്ടുള്ളൂ. വെറും 28.33% പേർ . അതേസമയം ഒരു വലിയ വിഭാഗം പേർ 71.67% ഒരാസ്ഥിയും ഇല്ലാത്തവരാണ്. സാമ്പത്തികമായ പിന്നോക്കാവസ്ഥ അവരുടെ മാനസിക സംതൃപ്തിയേയും സാമൂഹ്യ സുരക്ഷയേയും സാരമായി ബാധിക്കുന്നു. മാത്രമല്ല ഈ അവസ്ഥ  അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും  ഉയർന്ന വിദ്യാഭ്യാസം നേടുന്നതിനും തടസ്സമാകുന്നു.

**പട്ടിക 5:** വിദ്യാഭ്യാസ നിലവാരം

| **വിദ്യാഭ്യാസ പദവി** | **എണ്ണം** | **ശതമാനം** |
|---|---|---|
| ഹൈസ്കൂൾ തലം | 59 | 32 .78 |
| ഹയർ സെക്കണ്ടറി | 66 | 36.68 |
| ഡിഗ്രി | 37 | 20.56 |
| പ്രൊഫഷണൽ ഡിഗ്രി | 18 | 10 |
| ആകെ | 180 | 100 |

മാതാപിതാക്കളുടെ വിദ്യാഭ്യാസ നിലവാരം മക്കളുടെ വിദ്യാഭ്യാസ സമ്പാദനത്തിലുള്ള പുരോഗതിയിൽ വലിയ സ്വാധീനം ചെലുത്തുന്നു. മാത്രമല്ല വിദ്യാസമ്പന്നരായ മാതാപിതാക്കൾ തങ്ങളുടെ മക്കളുടെ വിദ്യാഭ്യാസ പുരോഗതിയിൽ വളരെയേറെ ശ്രദ്ധ ചെലുത്തുകയും ചെയ്യുന്നു.

ഈ പഠനത്തിൽ കാണുന്നത് വലിയൊരു ശതമാനം പേരും ഹയർ സെക്കണ്ടറി വിദ്യാഭ്യാസം മാത്രം നേടിയിട്ടുള്ളവരാണ് എന്നാണ്(36.68%). അതേ സമയം 32.78 ശതമാനം പേർ ഹൈസ്കൂൾ തലം വരെ മാത്രമേ വിദ്യാഭ്യാസം നേടിയിടുള്ളൂ. കുറച്ചു പേർ (20.56%) ഡിഗ്രി തലം വരെയും വിദ്യാഭ്യാസം നേടിയിട്ടുണ്ടെങ്കിലും വളരെ ചെറിയൊരു ശതമാനം (10%) പേർ മാത്രം പ്രൊഫഷണൽ വിദ്യാഭ്യാസം നേടിയിട്ടുള്ളൂ .

ഇതു കാണിക്കുന്നത് ഭൂരിഭാഗം പേരും സ്കൂൾതലം വരെ മാത്രമേ വിദ്യാഭ്യാസം നേടിയിടുള്ളൂ(69.46%) എന്നാണ്. ഇതു സർക്കാരിന്റെ വിദ്യാഭ്യാസനയമായ പത്താം ക്ലാസ് വരെ എല്ലവർക്കും സൗജന്യ വിദ്യാഭ്യാസം നൽകുക എന്നുള്ള പദ്ധതിയുടെ പൂർണ്ണമായ നടപ്പാക്കലിന്റെ ഫലമാണ് എന്നു വേണം വ്യാഖ്യാനിക്കാൻ.

**പട്ടിക 6:** വിദ്യാഭ്യാസ സമ്പാദനത്തിലുള്ള സ്ത്രീ പുരുഷ വ്യത്യാസം

| **വിദ്യാഭ്യാസ സ്ഥിതി** | **പത്താം ക്ലാസ്** | **പ്ലസ് 2** | **ഡിഗ്രീ** | **പ്രൊഫഷണൽ കോഴ്സ്** | **ആകെ** |
|---|---|---|---|---|---|
| പുരുഷന്മാർ | 19 (23.17) | 35 (42.68) | 17 (20.73) | 11 (13.41) | 82 (100) |
| സ്ത്രീകൾ | 40 (40.82) | 31 (31.63) | 20 (20.41) | 7 (7.14) | 98 (100) |
| ആകെ | 59 | 66 | 37 | 18 | 180 (100) |

വിദ്യാഭ്യാസ സമ്പാദനത്തിൽ സത്രീകൾക്കും പുരുഷന്മാർക്കും തമ്മിലുള്ള വ്യത്യാസത്തിൽ നിന്നും ആ സമൂഹം സ്ത്രീ വിദ്യാഭ്യാസത്തിനു കൊടുക്കുന്ന പ്രാധാന്യത്തെപ്പറ്റി മനസ്സിലാക്കാൻ കഴിയുന്നു, മാത്രമല്ല കുടുംബം എത്രത്തോളം സ്ത്രീകൾക്ക് സമൂഹത്തിൽ വില നൽകുന്നു എന്നു മനസ്സിലാക്കുവാനും സാധിക്കുന്നു. സ്ത്രീകൾക്ക് വിദ്യാഭ്യാസമുണ്ടെങ്കിൽ അത് അവരുടെ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തോടുള്ള ആഭിമുഖ്യത്തിലും അതിലൂടെ അവരുടെ വിദ്യാഭ്യാസ പുരോഗതിയിലും പ്രതിഫലിക്കുന്നു. മാത്രമല്ല, ഇത് അവരുടെ പിൻതലമുറക്കാരുടെ സാമൂഹ്യ സ്ഥിതിയിലും പുരോഗതിയിലും കൂടി പ്രതിഫലിക്കൂന്നു.

ഈ പഠനം കാണിക്കുന്നത് പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളിൽ 40.82 ശതമാനം പേർ ഹൈസ്കൂൾ വിദ്യാഭ്യാസം മാത്രം നേടിയവരാണ്. എന്നാൽ പുരഷന്മാരിൽ വലിയൊരു ശതമാനം (42.68%) പേർ പന്ത്രണ്ടാം തരം വരെ പഠിച്ചവരാണ്. ഡിഗ്രീ തല വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ സ്ത്രീ പുരുഷന്മാർക്കിടയിൽ വലിയ വ്യത്യസമൊന്നും

കാണുന്നില്ല. എന്നാൽ പ്രൊഫഷണൽ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ പുരുന്മാർ സ്ത്രീകളെക്കാൾ വളരെയേറെ മുന്നിലാണ്. പുരുഷന്മാർ 13.41 ശതമാനമുള്ളപ്പോൾ സ്ത്രീകൾ വെറും 7.14 ശതമാനം മാത്രമേയുള്ളു. ഇതിൽ നിന്നും വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ സ്ത്രീകളേക്കാൾ മുന്നിൽ പുരുഷന്മാരാണെന്നു കാണാം.

ഇത് സമൂഹം സ്ത്രീകൾക്കു നൽകുന്ന പദവിയേക്കൂടി വ്യക്തമാകുന്നു . ഇതിൽ നിന്ന് മറ്റൊരു കാര്യം കൂടി മനസ്സിലാക്കാൻ സാധിക്കുന്നത് സ്ത്രീകളിൽ ഭൂരിഭാഗം പേരും സ്കൂൾതലം വരെ മാത്രം വിദ്യാഭ്യാസം നേടിയവരാണ്, അതേസമയം പുരുഷന്മാർ കൂടുതലും കോളേജ് തല വിദ്യാഭ്യാസം നേടിയവരാണ് എന്നുമാണ്.

**പട്ടിക 7:** കുട്ടികൾ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസ സ്ഥാപനത്തിന്റെ തരം

| **സ്ഥാപനത്തിന്റെ തരം** | **എണ്ണം** | **ശതമാനം** |
|---|---|---|
| സർക്കാർ സ്ഥാപനം | 23 | 63.89 |
| മാനേജ്മെൻറ് സ്ഥാപനം | 13 | 36.11 |
| ആകെ | 36 | 100 |

ഏതു തരം വിദ്യാഭ്യാസ സ്ഥാപനത്തിലാണ് ഇവരുടെ കുട്ടികൾ പഠിക്കുന്നത് എന്നാണ് ഈ പട്ടികയിൽക്കൂടി മനസ്സിലാക്കാൻ ശ്രമിച്ചത്. CSI പള്ളികളുടെ കീഴിൽ അനേകം വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അതുപോല സർക്കാർ സ്ഥാപനങ്ങളിൽ അധികവും പണച്ചിലവില്ലാതെ വിദ്യാഭ്യാസം നേടുവാനും സാധിക്കും.

ഈ പട്ടികയിൽ കാണുന്നത് ഈ പഠനത്തിൽ പങ്കെടുത്ത ഭൂരിഭാഗം പേരുടെ കുട്ടികളും സർക്കാർ സ്ഥാപനങ്ങളിലാണ് പഠിക്കുന്നത് എന്നാണ് **(63.89%).** CSI സഭയുടെ കീഴിൽ

അനേകം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടെങ്കിലും ഇവരിൽ 36.11 ശതമാനം പേർ മാത്രമേ തങ്ങളുടെ മക്കളെ മാനേജ്മെൻറ് സ്ഥാപനങ്ങളിൽ പഠിപ്പിക്കുന്നുളൂ.

സാമ്പത്തിക ശേഷിക്കുറവു കാരണമാകാം സർക്കാർ സ്കൂളുകൾക്ക് ഇവർ മുൻഗണനന നൽകുന്നതിനു കാരണം. പൊതുവേ ഇവരുടെയിടയിൽ ഉള്ള ഒരു ധാരണ പ്രൈവറ്റ് സ്ഥാപങ്ങളിൽ മാത്രമേ നല്ല വിദ്യാഭ്യാസ സൗകര്യങ്ങളുള്ളൂ എന്നും ഇതു തങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിക്കു സഹായകമാകും എന്നുമാണ്. ഈ സ്ഥാപനങ്ങളിൽ ചിലവേറുമെങ്കിലും ഉയർന്ന വിദ്യാഭാസത്തിന് ഈ സ്ഥാപനങ്ങളിലെ സൗകര്യങ്ങൾ ഗുണപ്രദമാകും എന്ന് ചിന്തിക്കുന്നവരാണ് ഈ പഠനത്തിൽ പങ്കെടുത്ത 36.11 ശതമനം മാതാപിതാക്കളും.

**പട്ടിക 8**: തുടർവിദ്യാഭ്യാസം നേടുന്നതിൽ നിന്നും കൊഴിഞ്ഞു പോയവർ

| **വിദ്യാഭ്യാസ പദവി** | **എണ്ണം** | **ശതമാനം** |
|---|---|---|
| കൊഴിഞ്ഞു പോയവർ | 144 | 80 |
| പഠനം തുടർന്നവർ | 36 | 20 |
| ആകെ | 180 | 100 |

ഈ പട്ടികയിൽ കാണുന്നത് വലിയ ഒരു വിഭാഗം പേർ അതായത് 80 ശതമാനം വിദ്യാഭ്യാസം പൂർത്തിയാക്കാതെ പാതി വഴിയിൽ പഠനം നിർത്തിയവരാണ്. ഇരുപതു ശതമാനം പേർ മാത്രമേ തുടർ വിദ്യാഭ്യാസത്തിനു പോകുന്നവരുള്ളൂ. ഇവർ കൂടുതൽ വിദ്യാഭ്യാസം നേടണം എന്നാഗ്രഹിച്ചെങ്കിലും കുടുംബ പ്രാരാബ്ധം അവരെ ഉന്നത

വിദ്യാഭ്യാസം സമ്പാദിക്കുന്നതിൽ നിന്നും പിന്തിരിപ്പിച്ചിരുന്നു. ഇവരിൽ 20 ശതമാനം പേർ മാത്രമേ വിദ്യാഭ്യാസം തുടരുന്നുള്ളൂ.

ഇതിൽ നിന്നും മനസ്സിലാകുന്നത് ഇവർ വിദ്യാഭ്യാസത്തിനു മൂല്യം നല്കുന്നവരാണ് എന്നും ഇവർ അവരുടെ മക്കളെ കൂടുതൽ വിദ്യാഭ്യാസ സമ്പാദനത്തിന് അയക്കുന്നുണ്ടെന്നുമാണ്.

**പട്ടിക 9**: കൊഴിഞ്ഞു പോകലിനു കാരണം

| **കൊഴിഞ്ഞു പോകലിനു കാരണം** | **എണ്ണം** | **ശതമാനം** |
|---|---|---|
| പണച്ചിലവ് കാരണം | 40 | 22.22 |
| തുടർ പഠനത്തിനു താൽപര്യമില്ലായ്മ | 36 | 20 |
| കുടുംബത്തിന്റെ പിന്തുണ ഇല്ലാത്ത സാഹചര്യം | 20 | 11.11 |
| പ്രവേശനം ലഭിച്ചില്ല | 48 | 26.67 |
| ഇപ്പോൾ പഠനം തുടരുന്നു | 36 | 20 |
| ആകെ | 180 | 100 |

ഈ പഠനത്തിൽ നിന്നും 80 ശതമാനം പേരും പാതി വഴിയിൽ പഠനം ഉപേക്ഷിച്ചവരാണെന്നു കാണുകയുണ്ടായി. ഇതിന്റെ കാരണം അന്വേഷിക്കുകയും ചെയ്തു. ഇതിൽ നിന്നും മനസ്സിലായ കാര്യം ഇവരിൽ 22.22 ശതമാനം പേരും സാമ്പത്തിക ബുദ്ധിമുട്ടു കാരണമാണ് പഠനം നിറുത്തിയത് എന്നും 11.11 ശതമാനം പേർ കുടുംബത്തിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ടുമാണ് പഠനം നിറുത്തേണ്ടി വന്നതെന്നും മനസ്സിലായി. ഇവരിൽ 26.67 ശതമാനം പേർക്ക് ഉന്നത വിദ്യാഭ്യാസത്തിനു പ്രവേശനം ലഭിക്കാത്തതിന്റെ കാരണത്താലും അവർക്ക് പഠനം നിറുത്തേണ്ട സാഹചര്യമാണ് ഉണ്ടായത് എന്നു മനസ്സിലാക്കാൻ സാധിച്ചു.

ഇതിൽ നിന്നും മനസ്സിലാക്കാൻ സാധിച്ച മറ്റൊരു കാര്യം ആകെ 20 ശതമാനം പേർ മാത്രമേ തുടർ പഠനം ആഗ്രഹിക്കാത്തവരുള്ളൂ എന്നും, ഭൂരിഭാഗം പേരും പ്രതികൂല സാമ്പത്തിക ചുറ്റുപാടുകൾ മൂലം തുടർ പഠനത്തിനു സാധിക്കാത്തവരാണ് എന്നുമാണ്. കുടുംബത്തിന്റെ സാമൂഹിക സാമ്പത്തിക ചുറ്റുപാടുകളാണ് ആഗ്രഹമുണ്ടെങ്കിൽ പോലും അവരെ കൂടുതൽ വിദ്യാഭ്യാസം നേടുന്നതിൽ നിന്നും പിന്തിരിപ്പിക്കുന്നത്.

**പട്ടിക 10**: ഔദ്യോഗിക പദവി

| **ഔദ്യോഗിക പദവി** | **എണ്ണം** | **ശതമാനം** |
|---|---|---|
| ഉദ്യോഗമുണ്ട് | 99 | 55 |
| പഠിക്കുന്നു | 36 | 20 |
| ജോലിയില്ല | 45 | 25 |
| ആകെ | 180 | 100 |

ഈ പഠനത്തിൽ പങ്കെടുത്തവരിൽ ഭൂരിഭാഗം പേരും ഉയർന്ന വിദ്യാഭ്യാസ സമ്പാദനത്തിനു പോകാതെ വിവിധ തരം വിധജോലികളിലേർപ്പെട്ടിരിക്കുന്ന വരാണ് (55%). ഇവരിൽ 25% പേർ മാത്രമേ ജോലിയില്ലാത്തവരുള്ളൂ. ഒരാളുടെ വിദ്യാഭ്യാസ നിലവാരം അയാളുടെ തൊഴിൽ സാദ്ധ്യതയേയും, അതിലൂടെ അയാളുടെ സമ്പാദന ശേഷിയേയും കാണിക്കുന്നു. ഈ പഠനത്തിൽ 80 ശതമാനം പേരും തുടർപഠനം നടത്താതെ പഠനം പാതി വഴിയിൽ ഉപേക്ഷിച്ചവരാണ് ഇവരിൽ 55 ശതമാനം പേരും ഏതെങ്കിലും തരത്തിലുള്ള ജോലിയിൽ പ്രവേശിക്കുകയാണ് ഉണ്ടായത്. തൊഴിലിൽ ഏർപ്പെടാത്തവർ അധികവും വീട്ടമ്മമാരാണ്.

ഇതിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നത് സാമ്പത്തിക കാരണങ്ങളാണ് തുടർ പഠനത്തിൽ നിന്നും അവരെ പിന്തിരിപ്പിക്കുന്നത് എന്നാണ്. ഇവരിൽ ഭൂരിഭാഗം പേരും വിദ്യാഭ്യാസമുപേക്ഷിച്ച് ഏതെങ്കിലും ഒരു ജോലിയിൽ പ്രവേശിച്ചവരാണ്. ഇതിനു കാരണം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഇവർ വിദ്യാഭ്യാസത്തേക്കാൾ സാമ്പത്തിക സമ്പാദനത്തിനാണ് കൂടുതൽ പ്രാധാന്യം നൽകുന്നത്. ജോലിയിൽ നിന്നുള്ള സാമ്പത്തിക നേട്ടം അവർക്ക് തങ്ങളുടെ കുടുംബത്തിന്റെ നിലവാരം ഉയർത്തുവാൻ സാധിക്കുന്നു, മാത്രമല്ല ഇവർക്ക് സമൂഹത്തിൽ നല്ല സ്ഥാനവും സാമ്പത്തിക ഭദ്രതയും ഉറപ്പാക്കുന്നു.

**പട്ടിക 11**: ഔദ്യോഗിക മേഖല

| **ഔദ്യോഗിക മേഖല** | **എണ്ണം** | **ശതമാനം** |
|---|---|---|
| സ്വകാര്യ മേഖല | 47 47.47 ) | 26.11 |
| സ്വയം തൊഴിൽ മേഖല | 52 ( 52.52 ) | 28.89 |
| **ജോലി ചെയ്യുന്നവർ** | **99** | **(100)** |
| തൊഴിൽ ചെയ്യാത്തവർ | 81 | 45 |
| ആകെ | 180 | 100 |

ഈ പഠനത്തിൽ കാണുന്നത് 28.89% പേർ സ്വയം തൊഴിലിൽ ഏർപ്പെടുന്നവരും, 26.11% പേർ സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്നവരുമാണ് എന്നാണ്. ഇവരിൽ 45% പേർ സാമ്പത്തിക നേട്ടമുള്ള ജോലികളിലൊന്നും തന്നെ ഏർപ്പെടാത്തവരാണ്**.** ഈ പഠനം കാണിക്കുന്നത് ആകെ ജോലിചെയ്യുന്ന 99 പേരിൽ 52.52% പേർ സ്വയം തൊഴിലിൽ ഏർപ്പെടുന്നവരും 47.47% സ്വകാര്യ മേഖലയിൽ തൊഴിലെടുക്കുന്നവരുമാണ് എന്നാണ്. ഇവരിൽ ആർക്കും തന്നെ സർക്കാർ സഹായമോ സർക്കാർ തലത്തിൽ ജോലിയോ ലഭിച്ചിട്ടില്ല. മാത്രമല്ല ഇവരിൽ ആർക്കും തന്നെ ജോലി സ്ഥിരതയുമില്ല. ഇവർക്ക് പെൻഷനോ മറ്റൊരു തരത്തിലുള്ള ആനുകൂല്യങ്ങളോ ലഭിക്കുന്നില്ല. ഇത് അവരുടെ ജീവിത നിലവാരത്തേയും സാമ്പത്തികചുറ്റുപാടുകളെ തന്നേയും സാരമയി ബാധിക്കുന്നു.

**തൊഴിൽ രംഗം**

ഒരാളുടെ വിദ്യാഭ്യാസ നിലവാരം അയാളുടെ തൊഴിൽ സാദ്ധ്യതയേയും തൊഴിലവസരങ്ങളേയും സൂചിപ്പിക്കുന്നു. വിദ്യാഭ്യാസ നേട്ടം നല്ല തൊഴിലവസരങ്ങളിലൂടെ നല്ല സാമ്പത്തിക നേട്ടമായി മാറ്റാൻ അയാൾക്കു സാധിക്കുന്നു. ഒരാളുടെ തൊഴിൽ അയാളുടെ സമൂഹത്തിലെ സ്ഥാനവും സമൂഹത്തിൽ അയാൾക്കുള്ള വിലയും സൂചിപ്പിക്കുന്നു.

**പട്ടിക 12**: തൊഴിൽ രംഗം (N= **99**)

| ജോലിയുടെ സ്വഭാവം | എണ്ണം | ശതമാനം |
|---|---|---|
| കൂലിപ്പണി | 29 | 29.29 |
| ഡ്രൈവർ | 13 | 13.13 |
| കട നടത്തുന്നു | 23 | 23.23 |
| ഓഫീസ് ഗുമസ്തൻ | 26 | 26.26 |
| പ്രൊഫഷണൽ | 8 | 8.08 |
| **ആകെ** | **99** | **100** |

തൊഴിലെടുക്കുന്നവരെല്ലാം തന്നെ സ്വകാര്യ മേഖലയിലാണ് ജോലി ചെയ്യുന്നത്. ഇവരിൽ ഭൂരിഭാഗം പേരും (65.65%) സ്വയം തൊഴിലിലേർപ്പെട്ടിരിക്കുന്നവരാണ്. അതും അധികവും വിദ്യാഭ്യാസ യോഗ്യത ആവശ്യമില്ലാത്ത കൂലിപ്പണി, സ്വന്തം പെട്ടിക്കട

നടത്തൽ മുതലായവയാണ്. ഇവരിൽ കാൽ ഭാഗത്തിൽ കൂടുതൽ പേർ (26.26%) സ്വകാര്യ മേഖലയിൽ പ്രൊഫഷണൽ ജോലികളായ ഡോക്ടർ, എഞ്ചിനീയർ എന്നീ ജോലികൾ ചെയ്യുന്നു.

ഇതിൽ നിന്നും അവരുടെ കുറഞ്ഞ വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ അവർ ചെയ്യുന്ന ജോലികളും കുറഞ്ഞ സാമ്പത്തിക നേട്ടമുള്ള ജോലികളാണ് എന്നു മനസ്സിലാക്കാം. ഇത് അവരുടെ കുടുംബ വരുമാനത്തേയും സാരമായി ബാധിക്കുന്നു.

**പട്ടിക13**: ലിംഗ പദവിയും ഔദ്യോഗിക നിലവാരവും

| **ഉദ്യോഗം** / ലിംഗ പദവി | **ജോലി ചെയ്യാത്തവർ** | **കൂലിപ്പണി** | **ഡ്രൈവർ ജോലി** | **കട നടത്തുന്നു** | **ക്ലാർക്ക്** | **പ്രൊഫഷണൽ** | **ശതമാനം** |
|---|---|---|---|---|---|---|---|
| പുരുഷന്മാർ | 23 (28.05%) | 15 (18.29%) | 13 (15.85%) | 13 (15.85) | 14 (17.07%) | 4 (4.88%) | 82 (100) |
| സ്ത്രീകൾ | 58 (59.18%) | 14 (14.29%) | - | 10 (10.20%) | 12 (12.24%) | 4 (4.08%) | 98 (100) |
| ആകെ | 81 (45%) | 29 (16.11) | 13 (7.22%) | 23 (12.78%) | 26 (14.44%) | 8 (4.44%) | 180 (100) |

ജോലിചെയ്യുന്നവരിലുള്ള ലിംഗവ്യത്യാസം കാണിക്കുന്നത് ജോലി ചെയ്യുന്നവരിൽ ഭൂരിഭാഗം പേരും പുരുഷന്മാരാണ് (71.94%) എന്നുള്ളതാണ്. അതുപോലെ ജോലി ചെയ്യാത്തവരിൽ ഭൂരിഭാഗം പേരും സ്ത്രീകളാണ് എന്നുമാണ് (59.18%). പുരുഷന്മാരിൽ ഒരു വലിയ ശതമാനം (18.29%)പേർ കൂലിപ്പണിക്കാരും, 17.07 ശതമാനം പേർ

ഗുമസ്തന്മാരും ആണ്. സ്ത്രീകളിൽ 14.29 % കൂലിപ്പണിക്കാരും, 12.24% പേർ ഗുമസ്തന്മാരും ആയി ജോലി ചെയ്യുന്നവരാണ്.

ഇതിൽനിന്നും ഉയർന്ന വിദ്യാഭ്യാസത്തിനനുയോജ്യമായ ജോലി ചെയ്യുന്നവരിൽ വലിയ ഒരു വിഭാഗം പേർ (21.95%) പുരുഷന്മാരും, 16.32% പേർ സ്ത്രീകളുമാണ് എന്നു കാണാം. ഉയർന്ന വിദ്യാഭ്യാസ യോഗ്യത ഉയർന്ന വേതനം നൽകുന്ന ജോലി ലഭ്യമാക്കുകയും തന്മൂലം ഉയർന്ന സാമൂഹ്യ പദവി കൈവരിക്കാൻ സഹായിക്കുകയും ചെയ്യുന്നു. ഇതിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നത് സ്ത്രീകളെ അപേക്ഷിച്ച് കൂടുതൽ പുരുഷന്മാർ ജോലിക്കു പോകുന്നവരും ഇവരിൽ അധികം പേരും താഴ്ന്ന വരുമാനം ലഭിക്കുന്ന അസംഘടിത മേഖലയിൽ ജോലി ചെയ്യുന്നവരും ആകുന്നു എന്നതാണ് .

**പട്ടിക 14**: ക്രിസ്തീയ മത വിഭാഗം

| **ക്രിസ്തീയ മത വിഭാഗം** | **എണ്ണം** | **ശതമാനം** |
|---|---|---|
| സിറിയക്കാർ | 116 | 64.44 |
| യാക്കോബായ സഭക്കാർ | 64 | 35.56 |
| ആകെ | 180 | 100 |

ഇന്ത്യയിലെ മുഖ്യധാരയിൽപ്പെട്ട കത്തോലിക്കരല്ലാത്ത CNI, CSI. മലങ്കര (കേരളത്തിന്റെ പുരാതന നാമം) മാർതോമ സിറിയൻ ചർച്ച്/ യക്കോബായ, സിറിയൻ പള്ളി എന്നീ മൂന്ന് മത വിഭാഗത്തിലുള്ള വിശ്വാസികളുടെ ഒരു കൂട്ടായ്മയാണ് CSI പള്ളികൾ. ഇവർ വൈദികരെ, വിശ്വാസത്തെ, ബൈബിൾ വ്യാഖ്യാനം എന്നിവയെല്ലാം തന്നെ പരസ്പരം

സ്വീകരിക്കുകയും പ്രാർത്ഥനാ രീതികൾ അനുകരിക്കുകയും ചെയ്യുന്നു. സിറിയൻ ക്രിസ്തീയ മത വിഭാഗങ്ങളായ ഓർത്തഡോക്സ് സിറിയൻ, യാക്കോബായ സിറിയൻ, മാർത്തോമ സിറിയൻ ചർച്ച് ഓഫ് സൗത്ത് ഇന്ത്യ എന്നിവയാണ് ഈ CSI ക്രിസ്തീയ വിഭാഗത്തിൽ പ്പെടുന്നത്. ഈ പ്രൊട്ടസ്റ്റന്റ് സഭാ വിഭാഗക്കാരുടെ പ്രാർഥന രീതികൾ മറ്റു ക്രിസ്തീയ സഭക്കാരുടേതു പോലെയാണെങ്കിലും ഇവർ മേരി മാതാവിനേയും അപ്പോസ്തലന്മാരേയും തങ്ങളുടെ പ്രാർത്ഥനകളിൽ ഉൾപ്പെടുത്താറില്ല എന്നുള്ളതാണ് ഇവരുടെ പ്രത്യേകത.

ഈ പഠനത്തിൽ പങ്കെടുത്തവരിൽ ഭൂരിഭാഗം പേരും സിറിയൻ ക്രിസ്ത്യനികളും, 35.56 ശതമാനം പേർ യാക്കോബായ വിഭാഗത്തിൽപ്പെട്ടവരുമാണ്. ഇവർ ജാതി മത ഭേദമന്യേ എല്ലാ മത വിഭാഗക്കാരേയും തങ്ങളുടെ സഭകൾക്കു കീഴിൽ കൊണ്ടുവരുവൻ താൽപ്പര്യം കാണിക്കുന്നു. ഈ പഠനത്തിൽ പങ്കെടുതവരിൽ 64.44% പേർ സിറിയൻ ക്രിസ്താനികളും 35.56% പേർ യാക്കോബായ സമൂഹത്തിൽ പെട്ടവരുമാണ്.

**പട്ടിക 15**: CSI പള്ളിയിൽ ചേരും മുൻപുള്ള മതവിഭാഗം

| **മുൻപുള്ള മതവിഭാഗം** | **എണ്ണം** | **ശതമാനം** |
|---|---|---|
| പട്ടിക ജാതി | 69 | 38.33 |
| പട്ടിക വർഗ്ഗം | 19 | 10.56 |
| മറ്റു പിന്നോക്ക വിഭാഗം | 56 | 31.11 |
| പെതു വിഭാഗം | 36 | 20 |
| ആകെ | 180 | 100 |

പ്രൊട്ടസ്റ്റൻറ് പള്ളികളിൽ  പ്രമുഖമായ CSI പള്ളികൾ ജാതി മത ഭേദമന്യേ എല്ലാ വിഭാഗക്കാരേയും തങ്ങളുടെ പള്ളികളിൽ അംഗങ്ങളാക്കുന്നു. ഈ ക്രിസ്തീയ വിഭാഗത്തിൽ സമൂഹത്തിലെ താഴെത്തട്ടിലുള്ള വിഭാഗങ്ങളിലെ ആളുകളാണ് ഭൂരിഭാഗം അംഗങ്ങളെങ്കിലും സമൂഹത്തിൽ ഉന്നത സ്ഥാനീയരായ സിറിയൻ ക്രിസ്ത്യാനികൾ തന്നെയാണ് പള്ളികളിലെ എല്ലാ കാര്യങ്ങളിലും പ്രത്യേകിച്ച് ഭരണകാര്യങ്ങളിൽ പ്രഥമ സ്ഥാനം വഹിക്കുന്നത്. കേരളത്തിലെ മദ്ധ്യ കേരള ഇടവകയായ കോട്ടയം ജില്ലയിലെ പള്ളികളിൽ, സിറിയൻ ക്രിസ്തനികളെ മേൽ ജാതിക്കാരായാണ് കണക്കാക്കുന്നത്. കാരണം അവർ വിശുദ്ധ  തോമസ്ലീഹയിൽ നിന്നും ക്രിസ്തു മതം സ്വീകരിച്ച ഉന്നത ജാതിയിലുള്ള  ബ്രാഹ്മണ സമുദായത്തിൽപ്പെട്ടവരാണ് എന്നതാണ്. അതുകൊണ്ട് ഇന്നും ഇവർ സമൂഹത്തിൽ ഉന്നത ജാതിയായി തന്നെ നില നിൽക്കുന്നു. അതിനാൽ തന്നെ ഇവർ പള്ളികളിലെ എല്ലാക്കാര്യങ്ങളിലും ഉന്നത സ്ഥാനം തന്നെയാണ് വഹിക്കുന്നത്.

ഈ പഠനത്തിൽ പങ്കെടുത്തവരിൽ **38.33%** പേർ പട്ടിക ജാതിയിൽ പെട്ടവരും **10.56%** പേർ പട്ടിക വർഗത്തിൽപെട്ടവരും **31.11%** പേർ മറ്റു പിന്നോക്ക വിഭാഗത്തിൽ പെട്ടവരുമാണ്. ഇവരിൽ ചെറിയ ഒരു ശതമാനമായ 20% പേർ മാത്രമേ പൊതു വിഭാഗങ്ങളിൽപ്പെടുന്നവരുള്ളൂ. ഇവർ തോമാസ്ലീഹയുടെ പിൻ തലമുറക്കാരാണെന്നും ബ്രാഹ്മണരിൽ നിന്നും മതം മാറിയവരാണ്  എന്നുമാണ് കരുതുന്നത്, അതിനാൽ തന്നെ സിറിയൻ ക്രിസ്ത്യാനികളെ ഉയർന്ന ജാതിക്കാരായാണ് കണക്കാക്കുന്നത്. അതായത് ഭൂരിഗം പേരും (80%) താഴ്ന്ന സമൂഹത്തിൽ നിന്നും മതപരിവർത്തനം നടത്തിയവരാണ്, അതിനാൽ ഇവർക്ക് സഭയിൽ വളരെ ചെറിയ സ്ഥാനം മാത്രമേ ലഭിക്കുന്നുള്ളൂ. എന്നാൽ ഇവരെല്ലാവരും തന്നെ സിറിയൻ-യാക്കോബായ സമൂഹാംഗങ്ങളാണ് എന്നു പുറമേ പറയുമെങ്കിലും ഇവരെ തങ്ങളുടെ പൂർവ്വ ജാതിയും ജാതിപ്പേരും ചേർത്താണ് പലപ്പോഴും അറിയപ്പെടുന്നത്.  ചിലപ്പോൾ ഇവരെ പുതു ക്രിസ്ത്യാനികൾ എന്നും  അറിയപ്പെടുന്നു. ഇതിൽ നിന്നും ഇവർ മതം മാറിയെങ്കിലും ഇന്നും ഇവർക്ക് സമൂഹത്തിലും സഭയിലും ജാതി വേർതിരിവുണ്ട് എന്നു മനസ്സിലാക്കാം.

അലക്സാണ്ടർ (1971) പുതുക്രിസ്ത്യനികളുടെ ആവിർഭാവത്തെപ്പറ്റിയും അന്നു നില നിന്നിരുന്ന രീതികളെപ്പറ്റിയും പറയുന്നത് ചേരമർ ക്രിസ്ത്യാനികളും പുലയ ക്രിസ്ത്യാനികളും പട്ടിക ജാതി പട്ടിക വർഗ്ഗം  മുതലായ സമൂഹത്തിലെ  താഴ്ന്ന വിഭാഗങ്ങളിൽ നിന്നും ക്രിസ്തു മതം സ്വീകരിച്ചവരാണ് എന്നാണ്. മദ്ധ്യ

തിരുവിതാംകൂറിൽ പുലയ ക്രിസ്ത്യാനികൾ മാർത്തോമ സിറിയൻ പള്ളികളിലേയും CSI പള്ളികളിലേയും അംഗങ്ങളാണ്. ഇവർക്കിടയിൽ പ്രത്യേകിച്ച് സിറിയക്കാരുടെയും പുലയ അംഗങ്ങളുടേയും ഇടയിൽ ഔദ്യോഗികമായ വേർതിരിവില്ലെങ്കിലും പലപ്പോഴും പ്രത്യക്ഷമായിത്തന്നെ വേർതിരിവ് നിലനിൽക്കുന്നതായി കാണാം. ഇവരുടെ പ്രാർഥനകൾ വ്യത്യസ്ത കെട്ടിടങ്ങളിൽ വ്യത്യസ്തമായാണ് നടത്തിയിരുന്നത്. സിറിയൻ പുരോഹിതൻ പുലയ അംഗങ്ങൾക്ക് പ്രാർത്ഥന നടത്തുകയില്ല പകരം ഒരു പ്രത്യേക രീതിയിൽ ഒരു പ്രത്യേക പുരോഹിതനാണ് അത് ചെയ്യുന്നത്. പള്ളികളിലെ കാര്യങ്ങളിലാണങ്കിലും ഇവർക്ക് അധികാര സ്ഥാനങ്ങളൊന്നും തന്നെ നൽകിയിരുന്നില്ല. മതപരിവർത്തനം മിക്ക പുലയ അംഗങ്ങൾക്കും വെറുമൊരു പേരു മാറ്റം മാത്രമായിരുന്നു. പുതിയ പേരു സ്വീകരിക്കലിലൂടെ ഇവർക്ക് തങ്ങളുടെ മുൻപുണ്ടായിരുന്ന വിശ്വാസങ്ങളിലോ ചടങ്ങുകളിലോ യാതൊരു വിധ മാറ്റവും ഉണ്ടായിരുന്നില്ല. ഈ രീതികളിൽ ഇന്നും വലിയ മാറ്റമൊന്നും സംഭവിച്ചിട്ടില്ല. പ്രത്യേകിച്ചും മദ്ധ്യകേരള ഇടവകകളിൽ. പുതുതായി നിലവിൽ വന്ന കൊല്ലം കൊട്ടാരക്കര ഇടവകയിൽ സിറിയക്കാരല്ലാത്തവർക്കും മറ്റു ദളിത് ക്രിസ്ത്യാനികൾക്കും മാത്രമായി തുടങ്ങിയതാണ്. എന്നിരുന്നാലും ഇതിന്റെ പ്രഥമ പുരോഹിതൻ സിറിയക്കാരൻ തന്നെയാണ്. മിക്ക പള്ളികളിലും ഇന്ന് ദളിത് ക്രിസ്ത്യാനികളും സിറിയൻ ക്രിസ്ത്യാനികളും തമ്മിൽ തുറന്ന യുദ്ധം തന്നെയാണ് നടക്കുന്നത്. ഇത്തരം പള്ളികളെ (Converted Dalit Christian Churches (CDC) പള്ളികൾ അല്ലെങ്കിൽ മത പരിവർത്തനം ചെയ്തവരുടെ പള്ളികൾ എന്നറിയപ്പെടുന്നു. ഇത്തരം പള്ളികളിൽ ഇവർക്ക് ഉയർന്ന സ്ഥാനം ലഭിക്കുന്നതൂമൂലം ജാതി വിവേചനം എന്ന പ്രശ്നം ഉണ്ടാകുന്നില്ല, കാരണം ഈ പള്ളിയിലെ എല്ലാ അംഗങ്ങളും താഴ്ന്ന ജാതിയിൽപ്പെട്ടവരാണ് എന്നതുകൊണ്ട്.

പഠനം കാണിക്കുന്നതും 38.33 ശതമാനം പേർ പട്ടിക ജാതിയിൽ നിന്നും 10.5 ശതമാനം പേർ പട്ടികവർഗ്ഗത്തിൽ നിന്നും മതം മാറി വന്നവരും 31.11 ശതമാനം പേർ മറ്റു പിന്നോക്ക മത വിഭാഗങ്ങളിൽ നിന്നുമുള്ളവരാണ്. ഇവരിൽ 20 ശതമാനം പേർ മാത്രമാണ് ജനറൽ വിഭാഗമായ സിറിയൻ ക്രിസ്ത്യാനി വിഭാഗത്തിൽ നിന്നുള്ളവർ അതായത് പരമ്പരാഗത ക്രിസ്ത്യാനികൾ. ഇവർ തോമാസ്ലീഹയിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ചവരും, തോമാസ്ലീഹയുടെ പിൻഗാമികളാണ് എന്നു വിശ്വസിക്കപ്പെടുന്നവരുമാണ്. സമൂഹത്തിൽ മുന്നോക്ക സമുദായത്തിൽപ്പെട്ട ഇവർ സാമ്പത്തികമായും സാമൂഹികമായും വളരെയേറെ മുൻപന്തിയിൽ നിൽക്കുന്നവരാണ്.

ഈ പഠനത്തിൽ പങ്കെടുത്തവരിൽ ഭൂരിഭാഗം പേരും (80%) പട്ടിക ജാതി, പട്ടിക വർഗ്ഗത്തിൽ നിന്നുള്ളവരോ മറ്റു പിന്നോക്ക മത വിഭാഗങ്ങളിൽപ്പെട്ടവരോ ആണ്. ഇവർ യാക്കോബായ വിഭാഗമെന്നും (64%), സിറിയൻ ക്രിസ്ത്യാ നികളെന്നും (35.56%) പറയുമെങ്കിലും ഭൂരിഭാഗം പേരും മറ്റു മത വിഭാഗങ്ങളിൽ നിന്നും മതപരിവർത്തനം ചെയ്തവരാണ്. ഇവർ തങ്ങളുടെ പൂർവ്വ മതത്തെപ്പറ്റിയും ചുറ്റുപാടുകളെപ്പറ്റിയും വളരെയധികം ബോധവാന്മാരാണ്. ഇത് അവർക്ക് പള്ളികളിൽ ജാതി വ്യത്യാസം അനുഭവപ്പെടുന്നു എന്നതിനുള്ള തെളിവാണ്.

ഇതു പ്രത്യേകിച്ചും പ്രകടമാകുന്നത് തിരഞ്ഞെടുപ്പു പോലുള്ള സമയങ്ങളിലാണ്. എണ്ണത്തിൽ ചെറുതാണെങ്കിലും സിറിയൻ ക്രിസ്ത്യാനികൾ തിരഞ്ഞെടുപ്പിൽ നാമനിർദേശം നൽകുന്ന വേളകളിലോ, തിരഞ്ഞെടുപ്പു പ്രക്രിയകൾ നടത്തുന്ന അവസരങ്ങളിൽപ്പോലുമോ ഈ മതപരിവർത്തനം നടത്തിയവരുടെ അഭിപ്രായം ചോദിക്കുകയോ അതിനു വേണ്ടുന്ന പ്രാധാന്യം നൽകുകയോ ചെയ്യുന്നില്ല പ്രത്യേകിച്ചും കോട്ടയം ജില്ലയിൽ.

എന്നാൽ കൊല്ലം കൊട്ടാരക്കര ഇടവകയിൽ മതപരിവർത്തിതരുടെ ഇടവകയായതിനാൽ ഈ പ്രശ്നങ്ങൾ രൂക്ഷമല്ല, എന്നിരുന്നാലും ഇവരുടെ ബിഷപ്പിന്റെ നിയമനം വരുമ്പോൾ അത് ഉയർന്ന ജാതിയിലുള്ള സിറിയൻ ക്രിസ്ത്യാനി തന്നെയായിരിക്കും. തിരുവനന്തപുരത്താണെങ്കിൽ ഭൂരിഭാഗം പേരും നാടാർ സമുദായാംഗങ്ങളാണ്. ഇവർ SIUC വിഭാഗമായതിനാൽ സർക്കാർ തലത്തിൽ ഇവർക്ക് SIUC എന്ന പരിഗണനയിൽ പ്രത്യേക സംവരണം ലഭിക്കുന്നുണ്ട്. ഇത് 1947 നു മുൻപ് നാടാർ സമുദായത്തിൽ നിന്നും ക്രിസ്തു മതം സ്വീകരിച്ചവർക്ക് ലഭിച്ചിരുന്ന പ്രത്യേക പരിഗണനയാണ്. ഈ പരിഗണന മൂലം ഇവർക്ക് സർക്കാരിന്റെ എല്ലാ മേഖലകളിലും പ്രത്യേകിച്ച് വിദ്യാഭ്യാസം, PSC പരീക്ഷകൾ, സർക്കാർ നിയമനങ്ങൾ എന്നിവിടങ്ങളിലെല്ലാം SIUC എന്ന പരിഗണനയിൽ സംവരണം ലഭിക്കുന്നു. അതേസമയം പിന്നോക്ക സമുദായങ്ങളിൽ നിന്നും CSIലേക്ക് മത പരിവർത്തനം നടത്തിയവർക്ക് സർക്കാരിൽ നിന്നും ഒരു പരിഗണനയും ലഭിക്കുന്നില്ല, മാത്രമല്ല അവർക്ക് പിന്നോക്ക വിഭാഗം എന്ന നിലയിൽ അർഹതപ്പെട്ട സംവരണം പോലും നിരാകരിക്കപ്പെടുന്നു. ഇങ്ങനെ ഇവർ രണ്ടു രീതിയിൽ പിന്തള്ളപ്പെട്ടവരാണ്. ഇവർ സാമൂഹികമായും സാമ്പത്തികമായും വളരെയേറെ പിന്തള്ളപ്പെട്ടവരാകുന്നു.

**പട്ടിക 16 :** പള്ളിയിൽ അംഗത്വമെടുത്ത കാലയളവ്

| **അംഗത്വമെടുത്ത കാലയളവ്** | **എണ്ണം** | **ശതമാനം** |
|---|---|---|
| 5 വർഷത്തിൽ താഴെ | 55 | 30.55 |
| 5-15 വർഷം വരെ | 68 | 37.78 |
| 16-25 വർഷം വരെ | 21 | 11.67 |
| 25 വർഷ ത്തിനു മേൽ | 36 | 20.0 |
| ആകെ | 180 | 100 |

ക്രിസ്തീയ സഭകളിൽ അംഗത്വമെടുത്ത കാലയളവ് മനസ്സിലാക്കുന്നതിലൂടെ അവരുടെ മതവിശ്വാസത്തിലുള്ള ആഴം മനസ്സിലാക്കാൻ സാധിക്കുന്നു. പഠനം കാണിക്കുന്നത് ഭൂരിഭാഗം പേരും (68.33%) ക്രിസ്ത്യനികളായിട്ടു 15 വർഷത്തിൽ താഴെ മാത്രമേ ആയിട്ടുള്ളൂ. ഇവരിൽ 30.55 ശതമാനം പേർ അഞ്ചു വർഷത്തിൽ താഴെ മാത്രമേ മതപരിവർത്തനം ചെയ്തിട്ട് ആയിട്ടുള്ളൂ. 37.78 ശതമാനം പേർ 5 മുതൽ 15 വർഷം വരെ. ഇവരിൽ 20% പേർ മതപരിവർത്തനം നടത്തിയിട്ട് 25 ൽപ്പരം വർഷങ്ങളായി. ഇവർ അധികവും മുന്നോക്ക സമുദായമായ സിറിയൻ ക്രിസ്ത്യാനികളാണ്. ബാക്കി 80 ശതമാനം പേരും വളരെ കുറഞ്ഞ കാലയളവ് മാത്രമേ ക്രിസ്തു മതത്തിലേക്ക് പരിവർത്തിതരായിട്ടുള്ളൂ. അതായത് SIUC ആനുകൂല്യം വളരെ കുറച്ചു പേർക്ക് മാത്രമേ ലഭിക്കുകയുള്ളൂ എന്നും ഭൂരിഭാഗംപേർക്കും മതപരിവർത്തനം നടത്തിയതിലൂടെ

ഭരണഘടന പ്രകാരമുള്ള പട്ടിക ജാതി പട്ടിക വർഗ്ഗത്തിനർഹതപ്പെട്ട ആനുകൂല്യം നഷ്ടപ്പെടുന്നു എന്നുമാണ് മനസ്സിലാക്കിയത് . ഇപ്രകാരം രണ്ടു തരത്തിലുള്ള പ്രശ്നങ്ങളാണ് ഇവർ നേരിടുന്നത്.

**ജാതിവ്യവസ്ഥിതിയുടെ ഉറവിടം**




**Figure**: ജാതി വ്യവസ്ഥിതിയിൽ ദളിതരുടെ സ്ഥാനം (Source:BBC)

ജാതി എന്ന് പറയുന്നത് ഇന്ത്യയുടെ ഏറ്റവും വലിയ മതവിഭാഗമായ ഹിന്ദുമതത്തിന്റെ ഭാഗമാണ്. ജാതി വ്യവസ്ഥിതി ദൈവീകമായ ഒന്നായിട്ടാണ് കരുതുന്നത്. അത് ഓരോരുത്തരുടെയും ജോലിയിലധിഷ്ഠിതമായ ഒന്നയിട്ടാണ് പുരാതന ഗ്രന്ഥങ്ങളിൽ പ്രതിപാദിക്കുന്നത്. വേദങ്ങളിൽ നാലു ജാതികളെപ്പറ്റി മാത്രമേ പ്രതിപാദിക്കുന്നുള്ളൂ. അഞ്ചാം ജാതിയായ ദളിതരെ പുറം ജാതിയായി കണക്കാക്കുകയും ഗാന്ധിജി അവരെ ഹരിജനങ്ങളായി കാണുകയും ചെയ്തിരുന്നു.

ഈ പഠനപ്രകാരം ക്രിസ്തു മതം സ്വീകരിച്ചവരിൽ വലിയൊരു വിഭാഗം പേർ ഹരിജനങ്ങളാണ്. ഡോ. അംബേദ്കർ തന്റെ "വൈ ഗോ ഫോർ കൺവേർഷൻ" എന്നാ ഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ളത് "മാനുഷിക പരിഗണന ലഭിക്കാൻ, സംഘടിക്കാൻ, ശക്തി നേടാൻ, സമത്ത്വം നേടാൻ, സ്വാതന്ത്ര്യം നേടാൻ, നിങ്ങളുടെ ജീവിതത്തിൽ സന്തോഷം ലഭിക്കാൻ നിങ്ങൾ മത പരിവർത്തനം നടത്തുക" (അംബേദ്കർ. ബി .ആർ, 1987). ഈ

പഠനത്തിൽ ഭൂരിഭാഗം പേരും മതപരിവർത്തനം നടത്തിയിട്ട് 15 വർഷത്തിൽ താഴെ മാത്രമേ കാലമായിട്ടുള്ളൂ. അതിനാൽ തന്നെ ഇവരുടെ മതപരിവർത്തനത്തിന്റെ കാരണം കൂടി അന്വേഷിക്കുകയുണ്ടായി.

**മതപരിവർത്തനത്തിന്റെ കാരണം**

ഇന്ത്യയുടെ ഭരണഘടന ഇന്ത്യയിലെ എല്ലാ മതക്കാർക്കും തുല്യ സ്ഥാനമാണ് അനുവദിക്കുന്നത്. സ്വാതന്ത്ര്യ ലബ്ധിക്കു ശേഷം ഭരണഘടനയിൽ പോലും എല്ലാവർക്കും തുല്യ സ്ഥാനമാണ് നൽകിയിട്ടുള്ളത്. ഭരണഘടന പ്രകാരം എല്ലാമതസ്ഥർക്കും തുല്യ സ്ഥാനമാണ് അനുശാസിക്കുന്നതെങ്കിലും യഥാർത്ഥത്തിൽ ഇതു വെറും ബാഹ്യമായി മാത്രമാണ് നിലനിൽക്കുന്നത്.

**പട്ടിക: 17** മത പരിവർത്തനത്തിന്റെ കാരണം

| **മത പരിവർത്തനത്തിന്റെ കാരണം** | **എണ്ണം** | **ശതമാനം** |
|---|---|---|
| സാമൂഹ്യ പിന്തുണ ലഭിക്കാൻ | 84 | 46.67 |
| സാമ്പത്തിക പിന്തുണ ലഭിക്കാൻ | 28 | 15.55 |
| ഉയർന്ന സാമൂഹ്യ പദവി നേടാൻ | 68 | 37.77 |
| ആകെ | 180 | 100 |

ഈ പഠനത്തിലെ ചോദ്യങ്ങളോട് പ്രതികരിച്ചവരിൽ ഒരു വലിയ വിഭാഗം പേർ (46.67%) സമൂഹത്തിന്റെ പിന്തുണ ലഭിക്കുന്നതിനു വേണ്ടിയാണ് മതപരിവർത്തനം നടത്തിയത് എന്നു പറയുന്നു. അതേ സമയം 37.77 ശതമാനം പേർ സാമൂഹ്യ പദവിക്കു വേണ്ടിയാണ് പരിവർത്തനം നടത്തിയത് എന്ന് വ്യക്തമാക്കുകയുണ്ടായി. എന്നാൽ സാമ്പത്തിക നേട്ടങ്ങൾക്കു വേണ്ടിയാണ് 15.55 ശതമാനം പേർ പരിവർത്തനം നടത്തിയത്.

ഇതു കാണിക്കുന്നത് ഇവർക്ക് സമൂഹത്തിൽ മറ്റുള്ളവർക്കൊപ്പം സ്ഥാനം നേടുവാനും, സമത്ത്വവും സ്വാതന്ത്ര്യവും ലഭിക്കുവാനുമാണ് ഭൂരിഭാഗം പേരും ക്രിസ്തുമതം സ്വീകരിച്ചത് എന്നു കാണാൻ സാധിക്കുന്നു. വളരെ കുറച്ചു പേർക്കു മാത്രമേ സാബത്തിക നേട്ടമുണ്ടയിട്ടുള്ളൂ എന്നും കാണാം. ഈ സാമ്പത്തിക നേട്ടം സ്കൂൾ തുറക്കുന്ന അവസരത്തിൽ കുട്ടികൾക്ക് യൂനിഫോറമോ പുസ്തകങ്ങളോ വാങ്ങുന്ന അവസരത്തിൽ മാത്രമേ ലഭിക്കാറുള്ളൂ. ചില അവസരങ്ങളിൽ വളരെ കുറച്ചു പേർക്ക് ഭവന നിർമ്മാണത്തിനും സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട്.

ഈ പഠനത്തിൽ നിന്നും വിശ്വാസങ്ങളെക്കാളുപരി സാമൂഹിക നേട്ടങ്ങൾക്കാണ് ഇവർ മുൻതൂക്കം നൽകുന്നത് എന്നു കാണാം. ഇതിൽ മുഖ്യമായത് ജാതീയമായ അടിച്ചമർത്തലുകളിൽ നിന്നും രക്ഷപ്പെടുക എന്നതും സമൂഹത്തിൽ മറ്റുള്ളവർക്കൊപ്പം സ്ഥാനം നേടുക എന്നതുമാണ് ഇവരെ പ്രേരിപ്പിച്ച ഘടകങ്ങൾ. ഇത് ഇവർക്ക് സ്വന്തം ജാതിയിൽ നിന്നാൽ ലഭിക്കാൻ പ്രയാസമായ സംഗതിയാണ്.

**പട്ടിക: 18** ദേവാലയങ്ങളിലെ പ്രവർത്തനങ്ങളിലുള്ള സജീവ പങ്കാളിത്തം

| **സജീവ പങ്കാളിത്തം** | **എണ്ണം** | **ശതമാനം** |
|---|---|---|
| ഉണ്ട് | 100 | 55.56 |
| ഇല്ല | 80 | 44.44 |
| ആകെ | 180 | 100 |

പള്ളി സംബന്ധമായ കാര്യങ്ങളിലെല്ലാം ഭൂരിഭാഗം പേരും സജീവമായി പങ്കെടുക്കുന്നവരാണ് (55.56%). ഈ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നത് സൺഡേ ക്ലാസ്സ്, ക്രിസ്തുമസ്സുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, 17 മുതൽ 28 വയസ്സ് വരെയുള്ള

യുവജനങ്ങൾക്ക് ലക്ഷ്യ ബോധമുണ്ടാക്കുവാനുള്ള മോറൽ ക്ലാസ്സുകളും മറ്റും നടത്തുകയും അവയിൽ പങ്കെടുക്കുകയും ചെയ്യുക എന്നിവയാണ്. മറ്റു പ്രധാന പ്രവർത്തങ്ങൾ സ്ത്രീ ജനസഖ്യം, 5 മുതൽ 12 വയസ്സ് വരെയുള്ള കുട്ടികൾക്ക് ബാലജനസഖ്യം എന്നിവയാണ്. പഠനത്തിൽ പങ്കെടുത്ത 44.44% പേർ ഇത്തരം കാര്യങ്ങളിലൊന്നും സജീവമല്ല. ഈ പ്രവർത്തനങ്ങളെല്ലാം തന്നെ മതപരമായ കാര്യങ്ങളായാണ് കൈകാര്യം ചെയ്യുന്നത്.

**പട്ടിക: 19** മറ്റുള്ളവർക്കൊപ്പം പള്ളിയിൽ ലഭിക്കുന്ന സ്വീകാര്യത

| **പള്ളിയിലുള്ള സ്വീകാര്യത** | **എണ്ണം** | **ശതമാനം** |
|---|---|---|
| ഉണ്ട് | 20 | 11.11 |
| കുറച്ചൊക്കെ | 87 | 48.33 |
| ഇല്ല | 73 | 40.56 |
| ആകെ | 180 | 100 |

ക്രിസ്തുമതം ജാതിക്കതീതമാണെന്ന് പറയുമെങ്കിലും ഇന്നും അവരെ ജാതിപ്പേരിനൊപ്പമാണ് പള്ളികളിൽ അറിയപ്പെടുന്നത്. ഇത് ഇവർക്കും മറ്റുള്ള അംഗങ്ങൾക്കും അറിയാവുന്ന കാര്യങ്ങളാണ്. പരമ്പരാഗത ക്രിസ്ത്യാനികൾ എന്നവകാശപ്പെടുന്ന സിറിയൻ ക്രിസ്ത്യാനികൾ എല്ലാ അവസരങ്ങളിലും തങ്ങളുടെ മേൽക്കോയ്മ ഉറപ്പിക്കാറുണ്ട്. ഈ ജാതി വേർതിരിവ് ചെറിയ തോതിലെങ്കിലും ഇന്നും കേരളത്തിൽ നിലനിന്നു പോരുന്ന ഒരു സാമൂഹ്യ വ്യവസ്ഥിതിയാണ്. ഇതു

പ്രതിഫലിക്കുന്നത് ഒരു ബിഷപ്പിനെ തിരഞ്ഞെടുക്കുന്ന അവസരത്തിലോ, ഒരു വിവാഹാലോചന നടക്കുമ്പോഴോ ആണ്. മറ്റു ചിലപ്പോൾ ഒരു മാനേജ്മെൻറ് സ്ഥാപനത്തിലേക്ക് നിയമനം നടക്കുന്ന അവസരത്തിലും ഇത് പ്രകടമാകാറുണ്ട്. പട്ടിക ജാതിക്കാർ അധികവും മതം മാറ്റം നടത്തിയവരെ അപേക്ഷിച്ച് സ്വന്തം ജാതിയിൽ നിന്നു തന്നെ വിവാഹാലോചന നടത്തുവാനാണ് കൂടുതൽ താൽപര്യം കാണിക്കാറ്. ഇങ്ങിനെ ക്രിസ്ത്യാനികളെ വിഭജിക്കുമ്പോൾ കാണുന്നത് സിറിയൻ ക്രിസ്ത്യാനികൾ, ലത്തീൻ കത്തോലിക്കർ, പുതു ക്രിസ്ത്യാനികൾ അല്ലെങ്കിൽ ദളിത് ക്രിസ്ത്യാനികൾ എന്നിങ്ങനെയുള്ള വേർതിരിവാണ്. ഈ വേർതിരിവിൽ നിന്നു തന്നെ അവർക്ക് പള്ളികളിൽ മറ്റുള്ളവർക്കൊപ്പം സ്ഥാനം ലഭിക്കുന്നില്ല എന്നു മനസ്സിലാക്കാം.

ഈ പഠനത്തിൽ കാണുന്നത് ആകെ 11.11% പേർക്ക് മാത്രമേ പള്ളികളിൽ അവർ അർഹിക്കുന്ന അംഗീകാരം ലഭിക്കുന്നുള്ളൂ എന്നാണ്. അതേ സമയം 48.33 ശതമാനം പേർക്ക് കുറച്ചൊക്കെ അംഗീകാരം ലഭിക്കുമ്പോൾ 40.56% പേർക്ക് ഒട്ടും തന്നെ ലഭിക്കുന്നില്ല എന്നും കാണാം. ഇതിൽ നിന്നു മനസ്സിലാകുന്നത് ഒരു വലിയ വിഭാഗം (88.89%) പേർക്കും വേണ്ടത്ര അംഗീകാരം പള്ളികളിൽ നിന്നും ലഭിക്കുന്നില്ല എന്നതാണ്.

**പട്ടിക: 20** മതപരിവർത്തനം മൂലമുണ്ടായ പ്രയാസങ്ങൾ

| **മത പരിവർത്തനം മൂലമുണ്ടായ പ്രയാസങ്ങൾ** | **എണ്ണം** | **ശതമാനം** |
|---|---|---|
| എല്ലായിപ്പോഴും | 94 | 52.22 |
| വല്ലപ്പോഴും | 57 | 31.67 |
| ഒരിക്കലുമില്ല | 29 | 16.11 |
| ആകെ | 180 | 100 |

മതം മത പരിവർത്തനം മൂലം ഇവരുടെ നിത്യ ജീവിതത്തിൽ എന്തെങ്കിലും പ്രയാസങ്ങൾ ഉണ്ടായിട്ടുണ്ടോ എന്നന്വേഷിച്ചപ്പോൾ മനസ്സിലായത് ഭൂരിഭാഗം പേർക്കും എല്ലായിപ്പോഴും (52.22%) വളരെയേറെ പ്രയാസങ്ങളനുഭവിക്കേണ്ടി വന്നിട്ടുണ്ട് എന്നതാണ്. എന്നാൽ 31.67% പേർ വല്ലപ്പോഴും പ്രയാസങ്ങൾ അനുഭവപ്പെടുന്നവരാണ്. വളരെ ചെറിയ ഒരു വിഭാഗത്തിനു മാത്രമേ 16.11% ഒരിക്കലും പ്രയാസങ്ങളുണ്ടാകാത്തതായിട്ടുള്ളൂ. ഇതിൽ നിന്നു മനസ്സിലാകുന്നത് ബഹുഭൂരിഭാഗം പേർക്കും മതപരിവർത്തനത്തിനു ശേഷം പല തരത്തിലുള്ള പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്നു. ഇവയിൽ പ്രധാനമായത് പള്ളിക്കകത്തും പുറത്തുമുള്ള ജാതി വിവേചനമാണ്. പരമ്പരാഗത ക്രിസ്ത്യാനികളെ അപേക്ഷിച്ച് ഇവർ സാമ്പത്തികമായും സാമുഹികമായും വളരെയേറെ പിന്നോക്കം നിൽക്കുന്നവരാണ്. ഇവർക്ക് സർക്കാരിൽ വെറും 1 % സീറ്റു മാത്രമാണ് സംവരണം ചെയ്തിട്ടുള്ളത്. ഇവർക്ക് മാനേജ്മെൻറ് സ്ഥാപനങ്ങളിലും യാതൊരു പരിഗണനയും കിട്ടുന്നില്ല.

ഇവരെ പട്ടിക ജാതിക്കാരായി സർക്കാർ പരിഗണിക്കുന്നില്ലെങ്കിലും സമൂഹം ഈ രീതിയിലാണ് കാണുന്നത്. രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ വേണ്ടത്ര സ്വാധീനമില്ലാത്തതിനാൽ രാഷ്ട്രിയമായിപ്പോലും ഇവർക്ക് യാതൊരു പ്രാതിനിധ്യവും ലഭിക്കുന്നില്ല. ക്രിസ്തുമതം ഇവരെ സാംസ്കാരികമായി വ്യത്യസ്തരാക്കിയെങ്കിലും സമൂഹത്തിലും ജാതി വിവേചനത്തിന്റെ കാര്യത്തിലും മറ്റുള്ള ദളിതർക്കൊപ്പം തന്നെയാണ് ഇവരുടേയും സ്ഥാനം .

ഈ പഠനം കാണിക്കുന്നത് മതപരിവർത്തനത്തിലൂടെ ഇവർ പ്രതീക്ഷിച്ച തരത്തിൽ സമൂഹത്തിൽ ഉയർച്ചയോ സ്ഥാനമോ പള്ളികളിൽ നിന്നും സാമ്പത്തിക സഹായമോ ഉണ്ടാകുന്നതിനു പകരം ഒരു വലിയ വിഭാഗം പേർക്കും പല തരത്തിലുള്ള ബുദ്ധിമുട്ടുകളാണ് അനുഭവിക്കേണ്ടി വരുന്നത് (83.89%) എന്നതാണ് .

**പട്ടിക 21**: പള്ളികളിൽ ജാതി വിവേചനം അനുഭവപ്പെടൽ

| **പള്ളികളിൽ ജാതി വിവേചനം** | **എണ്ണം** | **ശതമാനം** |
|---|---|---|
| ഉണ്ട് | 133 | 73.89 |
| ഇല്ല | 47 | 26.11 |
| ആകെ | 180 | 100 |

ഈ പഠനത്തിലൂടെ കാണാൻ കഴിഞ്ഞത് ബഹു ഭൂരിഭാഗം പേർക്കും (73.89%) തങ്ങളുടെ പള്ളികളിൽ ജാതി വിവേചനം അനുഭവപ്പെടുന്നുണ്ട് എന്നാണ്. ഇവരിൽ 26.11% പേർക്കു മാത്രമേ അങ്ങിനെ അല്ലാതുള്ളൂ. ക്രിസ്തു മതം സ്വീകരിച്ചതുകൊണ്ടു മാത്രം അവരെ യഥാർത്ഥ ക്രിസ്ത്യാനികളായി കണക്കാക്കപ്പെടുകയോ തുല്യ പദവി ലഭിക്കുകയോ ചെയ്യുന്നില്ല. അതേ സമയം സ്വന്തം പള്ളികളിൽ തന്നെ അവരെ പറയരോ പുലയരോ ആയി മാത്രമേ കാണുന്നുള്ളൂ. ഹിന്ദുക്കളും അവരെ പള്ളിക്കു പുറത്തു ദളിതരായി മാത്രമേ കാണുന്നുള്ളൂ. ക്രിസ്തുമതം അവർക്ക് പുതിയ ഒരു ജീവിതം നൽകുന്നതിനു പകരം അവരെ പുതു ക്രിസ്ത്യാനികളായി മാത്രമേ

കാണുന്നുള്ളൂ. ഇത് പ്രത്യേകിച്ചും സിറിയൻ പള്ളികളിൽ അനുഭവപ്പെടുന്ന കാര്യങ്ങളാണ്.

**പട്ടിക: 22** ഉന്നത വിദ്യാഭ്യാസത്തിനുള്ള അവസരം നഷ്ടപ്പെടൽ

| **ഉന്നത വിദ്യാഭ്യാസത്തിനുള്ള അവസരം നഷ്ടപ്പെടൽ** | **എണ്ണം** | **ശതമാനം** |
|---|---|---|
| ഉണ്ട് | 148 | 82.22 |
| ഇല്ല | 32 | 17.78 |
| ആകെ | 180 | 100 |

ഏതെല്ലാം തരത്തിലാണ് പ്രയാസങ്ങൾ അനുഭവപ്പെടുന്നത് എന്നന്വേഷിച്ചപ്പോൾ മനസ്സിലായത് ബഹുഭൂരിപക്ഷം പേർക്കും തുടർന്ന് പഠിക്കാനുള്ള അവസരം നഷ്ട്ടപ്പെടുന്നതായാണ് (82.22%). അതുകൊണ്ടു തന്നെയാകാം ഭൂരിഭാഗം പേരും ഹയർ സെക്കൻണ്ടറി വിദ്യാഭ്യാസം മാത്രമേ നേടിയിട്ടുള്ളൂ. സാമ്പത്തിക ക്ലേശവും പഠനം മുന്നോട്ട് കൊണ്ടുപോകാനുള്ള പ്രയാസവും മൂലം വലിയൊരു ശതമാനം പേരും പഠിപ്പ് നിറുത്തി പലവിധ ജോലികളിൽ പ്രവേശിക്കുകയാണ് ചെയ്തിരിക്കുന്നത്. അസംഘടിത മേഖലകളിലുള്ള ജോലികളിലാണ് മിക്കവാറും പേർ ഏർപ്പെട്ടിരിക്കുന്നത്. ഇവരിൽ അധികം പേരും കൂലിപ്പണി, പെട്ടിക്കട നടത്തൽ, ഡ്രൈവിംഗ് മുതലായ കുറഞ്ഞ ശമ്പളം ലഭിക്കുന്ന ജോലികളിലാണ് ഏർപ്പെട്ടിരിക്കുന്നത്. ഇതുമൂലം ഔദ്യോഗികമായും അവർക്ക് സമൂഹത്തിൽ ഉയർന്ന സ്ഥാനം നേടാൻ സാധിക്കാതെ വരുന്നു.

മാത്രമല്ല ഭൂരിഭാഗം പേർക്കും (82.22%) സംവരണമോ മറ്റാനുകൂല്യങ്ങളോ ഇല്ലാത്തതിനാൽ തുടർ പഠനത്തിനുള്ള അവസരം ലഭിക്കുന്നില്ല എന്നുള്ള വിഷമം ഉണ്ട്. ഇവരിൽ 17.78% പേർക്കു മാത്രമേ ഇത്തരം പ്രയാസങ്ങളില്ലാതുള്ളൂ. കാരണം ഇവർ നല്ല സാമ്പത്തിക ചുറ്റുപാടിൽ നിന്നും വരുന്നവരും ഉന്നത വിദ്യാഭ്യാസം സിദ്ധിച്ചവരും ആണ്.

**പട്ടിക: 23** സർക്കാരുദ്യോഗത്തിനുള്ള അവസരം നഷ്ടപ്പെടൽ

| **സർക്കാരുദ്യോഗത്തിനുള്ള അവസരം നഷ്ടപ്പെടൽ** | **എണ്ണം** | **ശതമാനം** |
|---|---|---|
| ഉണ്ട് | 65 | 65. 66 |
| ഇല്ല | 34 | 34.34 |
| ആകെ | 99 | 100 |

കേരളത്തിലെ ഏതൊരു സാധാരണക്കാരൻറേയും ആഗ്രഹം ഒരു സർക്കാർ ജോലി നേടുക എന്നുള്ളതാണ്. മതപരിവർത്തനം ചെയ്തവരെ പിന്നോക്ക സമുദായമായി സർക്കാർ പരിഗണിക്കുന്നില്ല. സംവരണം ഹിന്ദു പിന്നോക്ക സമുദായാംഗങ്ങൾക്കും പട്ടിക ജാതി പട്ടിക വർഗ്ഗക്കാരായ ഹിന്ദുക്കൾക്കും മാത്രമേ ഉള്ളൂ. സാമ്പത്തികമായി പിന്നോക്കമാണെങ്കിൽപ്പോലും സർക്കാർ തലത്തിൽ ഇവർക്ക് ആനുകൂല്യങ്ങൾ കാര്യമായി കിട്ടുന്നില്ല. ഈ പഠനത്തിൽ പങ്കെടുത്ത ഭൂരിഭാഗം പേർക്കും (65.66%) സംവരണാനുകൂല്യം ലഭിക്കുന്നില്ല എന്നുള്ള വിഷമം പ്രകടിപ്പിക്കുകയുണ്ടായി.

**പട്ടിക: 24** പള്ളികളിൽ നിന്നുള്ള സാമ്പത്തിക സഹായം

| പള്ളികളിൽ നിന്നുള്ള സാമ്പത്തിക സഹായം | എണ്ണം | ശതമാനം |
|---|---|---|
| ഉണ്ട് | 11 | 6.11 |
| ഇല്ല | 169 | 93.89 |
| ആകെ | 180 | 100 |

മതം മാറാനുള്ള സാഹചര്യങ്ങളിലൊന്ന് ധനസഹായമായിരുന്നു. എന്നാൽ ഇവരിൽ വളരെ കുറച്ചു പേർക്കു മാത്രമേ (6.11%) ഏതെങ്കിലും രീതിയിലുള്ള സാഹായം ലഭിച്ചിട്ടുള്ളൂ. ഭൂരിഭാഗം പേർക്കും (93.89%) യാതൊരു വിധ പിന്തുണയും കിട്ടിയിരുന്നില്ല. ഇതിൽ നിന്നും സഹായങ്ങൾ പ്രതീക്ഷിച്ച് പരിവർത്തനം നടത്തിയവർക്ക് അവരുടെ പ്രതീക്ഷകളൊന്നും തന്നെ ഫലപ്രദമായിട്ടില്ല. ഇവർക്ക് പള്ളികളിൽ വേണ്ടത്ര പ്രാധാന്യം ലഭിക്കുകയോ ധനപരമായി പിന്തുണ ലഭിക്കുകയോ,സാമൂഹികമായി ഉയർച്ചയുണ്ടാകുകയോ ചെയ്തിട്ടില്ല. അതായത് മതപരിവർത്തനത്തിന്റെ പിന്നിലുണ്ടായിരുന്ന അവരുടെ ലക്ഷ്യങ്ങളൊന്നും തന്നെ പ്രതീക്ഷിച്ച പോലെ നേടാൻ അവർക്ക് സാധിച്ചിട്ടില്ല.

**പട്ടിക: 25** സംസ്ഥാന ന്യൂനപക്ഷ കമ്മീഷനെക്കുറിച്ചുള്ള അറിവ്

| **സംസ്ഥാന ന്യൂനപക്ഷ കമ്മീഷനെപ്പറ്റിയുള്ള അറിവ്** | **എണ്ണം** | **ശതമാനം** |
|---|---|---|
| ഉണ്ട് | 33 | 18.33 |
| ഇല്ല | 147 | 81.67 |
| ആകെ | 180 | 100 |

കേരളത്തിൽ ന്യൂനപക്ഷ സംരക്ഷണത്തിനായി രൂപീകരിച്ച സംസ്ഥാന ന്യൂനപക്ഷ കമ്മീഷനെപ്പറ്റി എന്തെങ്കിലും വിവരമുണ്ടോ എന്നറിയുന്നതിനു വേണ്ടി അന്വേഷിച്ചപ്പോൾ ബഹുഭൂരിഭാഗം (81.67%) പേർക്കും ഇതേപ്പറ്റി യാതൊന്നും അറിയുകയില്ല എന്നു മനസ്സിലായി. ചെറിയ ഒരു വിഭാഗം 18.33 ശതമാനം പേർക്കു മാത്രമേ ഇതേപ്പറ്റി എന്തെങ്കിലും അറിവുള്ളൂ.

കേരള സംസ്ഥാന ന്യൂനപക്ഷ ഓർഡിനൻസ് 2013 പ്രകാരം കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ നിലവിൽ വരികയുണ്ടായി. ഈ കമ്മീഷന്റെ ഉദ്ദേശം ന്യൂനപക്ഷ സമുദായത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുകയും അതിലൂടെ അവരെ സമൂഹത്തിന്റെ മുൻനിരയിലേക്ക് നയിക്കുകയും ചെയ്യുക എന്നുള്ളതാണ്.

ഇതു പ്രകാരം ഈ ന്യൂനപക്ഷ സമുദായത്തിന്റെ സമഗ്രമായ വിദ്യാഭ്യാസ പുരോഗതി, ക്ഷേമം, സംരക്ഷണം, ശാക്തീകരണം എന്നിവയാണ് ലക്ഷ്യമിടുന്നത് .

എന്നാൽ ഈ പഠനത്തിൽ പങ്കെടുത്തവരിൽ ബഹുഭൂരിഭാഗം പേരും(81.67%) ഇങ്ങനെ ഒരു കമ്മീഷൻ നിലവിലുണ്ട് എന്നു പോലും അറിയുന്നവരല്ല. ഇവരിൽ ആകെ (18.33%) പേർക്കു മാത്രമേ ഇതേപ്പറ്റി അറിയുകയുള്ളൂ. ഇത് തങ്ങളുടെ ക്ഷേമത്തിനുവേണ്ടി

നിലനിൽക്കുന്ന സർക്കാർ തല സംവിധാനങ്ങളെപ്പറ്റിയുള്ള അവരുടെ അജ്ഞതയെയാണ് സൂചിപ്പിക്കുന്നത്.

**പട്ടിക: 26** ന്യുനപക്ഷ ക്ഷേമ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ

| **ന്യുനപക്ഷ ക്ഷേമ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ** | **എണ്ണം** | **ശതമാനം** |
|---|---|---|
| ഉണ്ട് | 30 | 16.67 |
| ഇല്ല | 150 | 83.33 |
| ആകെ | 180 | 100 |

ന്യൂനക്ഷക്ഷേമവകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള ഏതെങ്കിലും സേവനങ്ങൾ ലഭിക്കുന്നുണ്ടോ/ലഭിച്ചിട്ടുണ്ടോ എന്നുള്ള ചോദ്യത്തിന് ഭൂരിപക്ഷം പേരും (83.33%) ലഭിച്ചിട്ടില്ല എന്നാണ് മറുപടി പറഞ്ഞത്. ആകെ 16.67% പേർ മാത്രമേ ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യങ്ങൾ നേടിയിട്ടുള്ളൂ. ഇതിനു കാരണം ഇത്തരം ആനുകൂല്യങ്ങളെപ്പറ്റിയുള്ള ഇവരുടെ അറിവില്ലായ്മയാണ് .

പട്ടിക: **27** ലഭിക്കുന്ന ആനുകൂല്യങ്ങൾ

| **ന്യൂന പക്ഷ ക്ഷേമ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ** | **എണ്ണം** | **ശതമാനം** |
|---|---|---|
| കോളേജ് വിദ്യാഭ്യാസത്തിനുള്ള സ്കോളർഷിപ്പ് | 15 | 50 |
| മെറിറ്റ് സ്കോളർഷിപ്പ് | 15 | 50 |
| ആകെ | 30 | 100 |

ഇവർക്ക് ക്ഷേമ വകുപ്പുകളിൽക്കുടി ആകെ ലഭിക്കുന്നത് വിദ്യാഭ്യാസ സംബന്ധമായ സ്കോളർഷിപ്പുകൾ മാത്രമാണ്. ഇവരിൽ 50% പേർ മെറിറ്റ് സ്കോളർഷിപ്പുകളും 50% പേർ കോളേജ് വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സഹായവും ലഭിക്കുന്നവരാണ്. ഇത് കാണിക്കുന്നത് ക്ഷേമ വകുപ്പുകളിൽക്കൂടി നടപ്പാക്കുന്ന മറ്റു പല സാമ്പത്തിക പദ്ധതികളെപ്പറ്റിയുള്ള യാതൊരറിവും ഇവർക്കില്ല എന്നും ഈ അവബോധം ആവശ്യക്കാരിലേക്ക് എത്തിക്കേണ്ട ചുമതല കൂടി സർക്കാർ ഏറ്റെടുക്കേണ്ടതായിട്ടുണ്ട് എന്നുമാണ്. ക്ഷേമ പദ്ധതികളെപ്പറ്റി നല്ല രീതിയിലുള്ള അവബോധം ഇവർക്കുണ്ടാകേണ്ടത് അത്യാവശ്യമായ ഒരു കാര്യമാണ്.

**ഉപസംഹാരം**

CSI മതവിശ്വാസികളുടെ പ്രശ്നങ്ങളെപ്പറ്റി അറിയുവാനായി ഒരു പഠനം നടത്തുകയും അതിന്റെ ഫലമായി മനസ്സിലാക്കുകയും ചെയ്ത ചില പ്രധാനപ്പെട്ട കാര്യങ്ങളാണ് താഴെ പറയുന്നത്.

ഈ പഠനത്തിൽ പങ്കെടുത്തവരിൽ ഭൂരിഭാഗം പേരും 18–40 നും ഇടയിൽ പ്രായമുള്ളവരാണ് (57.22%). ഇവരിൽ 45.56 ശതമാനം പേർ പുരുഷന്മാരും 54.44

ശതമാനം പേർ സ്ത്രീകളുമാണ്. അതായത് ഭൂരിഭാഗം പേരും തൊഴിലിൽ ഏർപ്പെടുവാൻ പ്രാപ്തിയുള്ള പ്രായത്തിലുള്ളവരാണ്.

ഇവരിൽ വലിയ ഒരു വിഭാഗം പേർക്ക് 10,000 രൂപയിൽ താഴെ മാത്രമേ മാസവരുമാനമുള്ളൂ (46.67%). ചെറിയൊരു വിഭാഗം ആളുകൾക്ക് (21.117%), 20,000 രൂപക്കുമേൽ മാസവരുമാനമുണ്ട്. സാമ്പത്തികമായി വളരെയേറെ താഴേത്തട്ടിൽ നിൽക്കുന്ന ഇവരുടെ സമ്പാദ്യവും വസ്തുവഹകളും കാണിക്കുന്നത് വളരെ കുറച്ചു പേർക്കു മാത്രമേ (28.33%) സ്വന്തം പേരിൽ ഏതെങ്കിലും തരത്തിലുള്ള സ്വത്തുക്കളുള്ളൂ എന്നതാണ്. അതേസമയം വലിയ ഒരു ശതമനം പേർക്ക് (71.67%) അത്യാവശ്യ സന്ദർഭങ്ങളിൽ ഉപയോഗിക്കത്തക്കതായി യാതൊരു വിധ സമ്പാദ്യങ്ങളും ഇല്ല.

കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചമാണെങ്കിൽ തങ്ങളുടെ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തന് ഊന്നൽ നൽകുവാനും അവരുടെ ആഗ്രഹപ്രകാരം ഉയർന്ന വിദ്യാഭ്യാസം നേടുന്നതിനും സാധിക്കുന്നു. താഴ്ന്ന സാമ്പത്തിക സ്ഥിതി മൂലമാകാം ബഹു ഭൂരിഭാഗം പേർക്കും ഹയർ സെക്കണ്ടറി തലത്തിലുള്ള വിദ്യാഭ്യാസം മാത്രമേ നേടാൻ സാധിച്ചിട്ടുള്ളൂ. ഇവരിൽ 32.78% പേർ ഹൈസ്കൂൾ തലത്തിലും, 36.68% പേർ ഹയർ സെക്കണ്ടറി തലത്തിലും മാത്രമേ വിദ്യാഭ്യാസം നേടിയിട്ടുള്ളൂ. തുടർവിദ്യാഭ്യാസം നേടിയവരിൽ 20.5% പേർ ഡിഗ്രി തലത്തിലും, 10 ശതമാനം പേർ അദ്ധ്യാപനം, വൈദ്യ ശാസ്ത്രം, എഞ്ചിനീയറിംഗ്, CA മുതലായ മേഖലകളിലും വിദ്യാഭ്യാസം നേടിയിട്ടുള്ളവരാണ് .

കോളേജ് വിദ്യാഭ്യാസം വളരെയേറെ പണച്ചിലവുള്ള കാര്യമാണ്. മാത്രമല്ല സ്കൂൾ തലത്തിലെ മാർക്കിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം ലഭിക്കുന്നത്. മെറിറ്റ് അടിസ്ഥാനത്തിൽ കിട്ടിയില്ലെങ്കിൽ പല തരത്തിലുള്ള ഫീസ് അടക്കേണ്ടി വരുകയും ചെയ്യുന്നു. ഇതു സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ തുടർ പഠനത്തിൽ നിന്നും പിന്തിരിപ്പിക്കുന്നു. ഹയർ സെക്കണ്ടറി തലത്തിൽ പഠിത്തം നിറുത്തുവാനും എന്തെങ്കിലും ജോലിയിൽ പ്രവേശിക്കുവാനും അവരെ പ്രേരിപ്പിക്കുന്നു. CSI മാനേജ്മെന്റ് നടത്തുന്ന കോളേജുകളിൽപ്പോലും ഇവർക്ക് ഉദ്യോഗം ലഭിക്കുന്നതിനോ പഠിക്കുന്നതിനോ വേണ്ടുന്ന യാതൊരുവിധ ആനുകൂല്യങ്ങളും കിട്ടുന്നില്ല.

ഉന്നത വിദ്യാഭ്യാസം നേടുന്നതിൽ പുരുഷന്മാരെപ്പോലെ തന്നെ സ്ത്രീകളും തുല്യമായ ആഗ്രഹങ്ങളും താല്പര്യങ്ങളും ഉള്ളവരാണ്. ഉന്നത വിദ്യാഭ്യാസം സിദ്ധിച്ച സ്ത്രീ പുരുഷൻമാരുടെ അനുപാതവും ഏകദേശം തുല്യമായാണ് കാണുന്നത്. പുരുഷന്മാരുടെ (20.41%) ഒപ്പം തന്നെ സ്ത്രീകളും (20.73%) ഡിഗ്രി തല വിദ്യാഭ്യാസം നേടിയവരാണ്, എന്നാൽ പ്രൊഫഷണൽ തലത്തിലുള്ള വിദ്യാഭ്യാസം നേടുന്നതിൽ പുരുഷന്മാരെ അപേക്ഷിച്ച് (13.41%) സ്ത്രീകൾ വളരെയേറെ പിന്നിലാണ് (7.14%). ഇതു പ്രധാനമായും രക്ഷിതാക്കളുടെ സാമ്പത്തികമായ പിന്നോക്കാവസ്ഥ കാരണമാണ്. വിദ്യാഭ്യാസത്തിനു ശേഷം വിവാഹച്ചിലവിനുള്ള പണവും രക്ഷിതാക്കൾ തന്നെ കണ്ടെത്തേണ്ടതു കൊണ്ട് സ്ത്രീ വിദ്യാഭ്യാസത്തിന് ഇവർ താരതമ്യേന കുറഞ്ഞ മുൻഗണന മാത്രമേ നൽകുന്നുള്ളൂ .

സർക്കാർ സ്കൂളുകളിലും സർക്കാർ സഹായത്തോടെ നടത്തുന്ന സ്കൂളുകളിലും 14 വയസ്സു വരെ എല്ലാവർക്കും സൗജന്യ വിദ്യാഭ്യാസമാണ് ലഭിക്കുന്നത്. അതുകൊണ്ടു തന്നെ വലിയ ഒരു വിഭാഗം ആളുകളും സർക്കാർ സ്ഥാപനങ്ങളിലാണ് വിദ്യാഭ്യാസം ചെയ്തിട്ടുള്ളത് (63.89%), അതേസമയം 36.11% പേർ സ്വകാര്യ സ്ഥാപനങ്ങളിലോ മാനേജ്മെൻറ് സ്ഥാപനങ്ങളിലോ ആണ് വിദ്യാഭ്യാസം നിർവഹിച്ചത്. ഇവരുടെ ഇടയിൽ കണ്ടു വന്ന ഒരു വലിയ പ്രശ്നം വിദ്യാഭ്യാസം പൂർത്തീകരിക്കാതെ പാതി വഴിയിൽ പഠനം നിർത്തുക എന്നുള്ളതാണ്. ഏതാണ്ട് 80% പേർ ഇങ്ങിനെ പഠനം നിറുത്തിയവരാണ്.

ആഗ്രഹമുണ്ടയിട്ടും പഠനം പാതി വഴിയിൽ ഉപേക്ഷിക്കാനുള്ള പ്രധാന കാരണം മറ്റു പലതാണ്. കുടുംബത്തിനു പിന്തുണ നൽകാനുള്ള സാഹചര്യക്കുറവ് (11.11%), തുടർന്ന് പഠിപ്പിക്കുവാനുള്ള സാമ്പത്തിക ബുദ്ധിമുട്ട് (22.22%), കോളേജുകളിൽ പ്രവേശനം ലഭിക്കുവാനുള്ള ബുദ്ധിമുട്ട് (26.67%), എന്നിവയെല്ലാമാണ്.

ഇവർക്ക് ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക സഹായം സർക്കാരിൽ നിന്നും ലഭിച്ചിരുന്നെങ്കിൽ തുടർ പഠനം സാദ്ധ്യമാകുമായിരുന്നു എന്നുള്ള അഭിപ്രായക്കാരാണ് ഭൂരിഭാഗം പേരും.

ഹൈസ്കൂൾ തല വിദ്യാഭ്യാസത്തിനു ശേഷം ഒരു വലിയ ശതമനം (55%) ആളുകളും വിവിധ തൊഴിൽ മേഖലകളിലാണ് പ്രവേശിച്ചത്. ഇവരിൽ 20 ശതമാനം പേർ തുടർവിദ്യഭ്യാസം ചെയ്യുന്നവരുമാണ്. ബാക്കി 25% പേർ ഒരു തൊഴിലിലും ഏർപ്പെടാത്തവരാണ്. ഇവരിൽ അധികം പേരും വീട്ടമ്മമാരാണ്.

തൊഴിലെടുക്കുന്ന 99 പേരിൽ 52.52% പേർ സ്വയം തൊഴിലിൽ ഏർപ്പെട്ടവരും 47.48% പേർ അസംഘടിത മേഖലയായ സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുമാണ്. ഈ മേഖലയിൽ ജോലി സ്ഥിരതയോ സംരക്ഷണമോ ഇല്ല. ഇവരിൽ 29.29% പേർ കൂലിപ്പണിക്കാരായാണ് ജോലി ചെയ്യുന്നത്. ഇവിടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് വലിയ സ്ഥാനമൊന്നുമില്ല. അതേ സമയം 34.34% പേർ സർവീസ് മേഖലയിലാണ് ജോലി ചെയ്യുന്നത്. 26.26% പേർ ക്ലെറിക്കൽ മേഖലയിലുമാണ് തൊഴിലെടുക്കുന്നത്. വളരെ കുറച്ചു പേർ മാത്രം വിദ്യാഭ്യാസ യോഗ്യതക്കനുസരിച്ചുള്ള ജോലികൾ ചെയ്യുന്നു. ഇവരിൽ 8.8% പേർ പ്രൊഫഷണൽ മേഖലയായ ഡോക്ടർ എഞ്ചിനീയർ ചാർട്ടേഡ് അക്കൗണ്ടന്റ് എന്നീ ഔദ്യോഗിക മേഖലകളിലാണ് ജോലി ചെയ്യുന്നത്.

ഈ പഠനത്തിൽ കാണുന്നത് പങ്കെടുത്ത എല്ലാവരും തന്നെ ജോലിയിൽക്കൂടി ദൈവത്തെ പ്രാർഥിക്കുക എന്ന പ്രൊട്ടസ്റ്റൻറ് തത്വത്തിൽ വിശ്വസിക്കുന്നവരാണ് .

തൊഴിൽ രംഗത്തുള്ള സ്ത്രീകളുടെ സാന്നിദ്ധ്യം നോക്കുകയാണെങ്കിൽ, പുരുഷന്മാർക്കൊപ്പം തന്നെ സ്ത്രീകളും തുല്യ പങ്കാളിത്തം ഉള്ളവരാണ്. ക്ലെറിക്കൽ മേഖലയിൽ 17.07% പുരുഷന്മാർക്കൊപ്പം 12.24% സ്ത്രീകളും ജോലി ചെയ്തു വരുന്നു. എന്നാൽ ഔദ്യോഗിക സ്ഥാനങ്ങളിൽ വളരെ കുറച്ചു സ്ത്രീകളെ മാത്രമേ കാണുവാൻ സാധിച്ചുള്ളൂ. ഇതിനു കാരണം കുടുംബത്തിലെ സാമ്പത്തിക ബുദ്ധിമുട്ടുകൾ പെൺകുട്ടികളെ അധികം സാമ്പത്തികച്ചിലവു വരുന്ന പ്രൊഫഷണൽ വിദ്യാഭ്യാസം നേടുന്നതിൽ നിന്നും പിൻവലിയുവാൻ പ്രേരിപ്പിക്കുന്നു. ഇത് ആൺകുട്ടികൾക്കും ഒരു പോലെ ബാധകമായ ഒരു സംഗതിയാണ്. ഇവരിൽ 4.08% പെൺകുട്ടികളും 4.88% ആൺകുട്ടികളും മാത്രമേ പ്രൊഫഷണൽ വിദ്യാഭ്യാസം നേടിയിട്ടുള്ളൂ.

ഇവരുടെ മത വിഭാഗത്തെപ്പറ്റി മനസ്സിലാക്കിയത് 64.44% പേർ സിറിയക്കാരും 35.56% ആളുകൾ യാക്കോബായക്കാരുമാണ് എന്നാണ്. CSI ക്രിസ്തീയ വിഭാഗക്കാർ എല്ലാ വിഭാഗക്കാരേയും ഒരു പോലെ ഉൾക്കൊള്ളുന്നവരാണ്.

അവരുടെ പൂർവ്വ പാശ്ചാത്തലം ആരാഞ്ഞതിൽ നിന്നും മനസ്സിലായത് ഒരു വലിയ വിഭാഗക്കാർ (38.33%) പട്ടികജാതിയിൽനിന്നും 10.5% പേർ പട്ടികവർഗ്ഗത്തിൽ നിന്നും 31.11% പേർ മറ്റു പിന്നോക്ക വിഭാഗത്തിൽ നിന്നും മത പരിവർത്തനം നടത്തിയവരാണ് എന്നാണ്. മറ്റു പിന്നോക്ക സമുദായ ക്കാരിൽ വലിയ ഒരു ശതമാനം പേർ ഈഴവ സമുദായാംഗങ്ങളാണ്. ഇതിൽ നിന്നും മനസ്സിലാകുന്നത് 80 ശതമാനം പേരും സാമൂഹികമായി പിന്നോക്കം നിൽക്കുന്ന സമുദായങ്ങളിൽ നിന്നും മതപരിവർത്തനം

നടത്തിയവരാണ് എന്നും പരിവർത്തിതരാകാതെ ഹിന്ദു സമുദായത്തിൽത്തന്നെ നിലനിന്നിരുന്നെങ്കിൽ ഭരണഘടനപരമായി സംവരണത്തിനർഹരായ വിഭാഗക്കാരാണ് എന്നുമാണ്. ഇവരിൽ പരമ്പരാഗത ക്രിസ്ത്യാനികൾ ആകെ 20% പേർ മാത്രമാണ്.

മതപരിവർത്തനം നടത്തിയവരിൽ ഒരു വലിയ വിഭാഗം പേരും ക്രിസ്തുമതം സ്വീകരിച്ചിട്ട് വളരെ കുറഞ്ഞ കാലം മാത്രമേ ആയിട്ടുള്ളൂ. ഇവരിൽ 30.55% പേർ പരിവർത്തിതരായിട്ട് അഞ്ചു വർഷം മാത്രമേ ആയിട്ടുള്ളൂ. എന്നാൽ 37.78% പേർ മതപരിവർത്തനം നടത്തിയിട്ട് ഏകദേശം 15 വർഷത്തിലേറെക്കാലമായി. അതുപോലെ 20% പേർ ഇരുപത്തഞ്ചിലേറെ വർഷങ്ങളായി ക്രിസ്തു മതത്തിലേക്കു മാറിയിട്ട്. ഇതിൽ നിന്നും കാണാൻ സാധിക്കുന്നത് ഭൂരിഭാഗം പേരും (57.78%) തങ്ങളുടെ പൂർവികരുടെ കാലം മുതൽക്കു തന്നെ ക്രിസ്തു മതം സ്വീകരിച്ചവരും ഹിന്ദുക്കളുമായി യാതൊരു വിധ ബന്ധവും പുലർത്താത്തവരാണ് എന്നുമാണ്. ക്രിസ്തുമതം ജാതി വ്യവസ്ഥിതിക്കതീതമായതിനാൽ ഇവർ ജാതി സംവരണത്തിനർഹരല്ല.

മതം മാറാനുള്ള സാഹചര്യം സാമൂഹത്തിൽ നല്ല സ്ഥാനം ലഭിക്കുന്നതിനും (37.77%) സാമൂഹ്യമായ പിന്തുണ ലഭിക്കുന്നതിനും (46.67%),വേണ്ടിയാണ്. അതേ സമയം വളരെ കുറച്ചു മാത്രം പേർ സാമ്പത്തിക സംരക്ഷണത്തിനു വേണ്ടിയാണ് (15.55) ക്രിസ്തുമതം സ്വീകരിച്ചത് എന്നാന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ഇതിൽ നിന്നും വിശ്വാസത്തിനേക്കാൾ പ്രാധാന്യം ഇവർ സമൂഹത്തിൽ കിട്ടുന്ന സ്ഥാനതിനാണ് നൽകുന്നത് എന്നു മനസിലാക്കാം.

പഠിക്കാൻ താല്പര്യമുള്ളവർക്കും സാമാന്യം നല്ല സാമ്പത്തിക ശേഷിയുള്ള വർക്കും വിദ്യാഭ്യാസത്തിൽ മുന്നേറാൻ സാധിക്കും, എന്നാൽ സാമ്പത്തിക ശേഷി കുറഞ്ഞവർക്ക് പഠനം പൂർത്തീകരിക്കാനാകാതെ പാതി വഴിയിൽ ഉപേക്ഷിച്ച് എന്തെങ്കിലും ജോലിയിൽ പ്രവേശിക്കേണ്ടതായും വരുന്നു.

മതപരിവർത്തിതരിൽ ഭൂരിഭാഗം പേരും (55.56%) മതസംബന്ധമായ കാര്യങ്ങളിലെല്ലാം തന്നെ സജീവമായി പങ്കെടുക്കുന്നവരാണ്. എന്നാൽ ഇവരിൽ വളരെ കുറച്ചു പേർക്ക് മാത്രമേ മറ്റുള്ളവർക്കൊപ്പം പള്ളികളിൽ തുല്യ സ്ഥാനം ലഭിക്കുന്നുള്ളൂ (11.11%). അതേ സമയം ബഹു ഭൂരിഭാഗം പേർക്കും പള്ളികളിൽ വേണ്ടത്ര സ്ഥാനം ലഭിക്കുന്നില്ല. സാമൂഹ്യ പുരോഗതി മുന്നിൽ കണ്ടുകൊണ്ടാണ് ഇവർ മതം മാറ്റം നടത്തിയതെങ്കിലും പള്ളികളിൽ മിക്കവാറും പേർക്ക് വേർതിരിവാണ് അനുഭവപ്പെടുന്നത്. ക്രിസ്തു മതം ജാതി വ്യവസ്ഥിതിക്കതീതമാണ് എന്നു പറയുമെങ്കിലും യഥാർത്ഥത്തിൽ ഇവർക്കിടയിൽ

പ്രത്യേകിച്ചും സിറിയൻ ക്രിസ്തീയ വിഭാഗക്കാർക്കിടയിൽ താഴ്ന്ന ജാതിക്കാർക്ക് യാതൊരു പരിഗണനയും ലഭിക്കുന്നില്ല. ചരിത്ര പരമായി തന്നെ ഇവർ ജാതി വിവേചനം അനുഭവിക്കുന്ന ഒരു വിഭാഗമാണ്. മതപരിവർത്തനത്തിൽക്കൂടി ഇതിനു മാറ്റമുണ്ടാകുമെന്നു പ്രതീക്ഷിച്ചെങ്കിലും അവർക്ക് പ്രതീക്ഷിച്ച പ്രയോജനമൊന്നും ലഭിച്ചിട്ടില്ല. വിവാഹാലോചന ഉദ്യോഗക്കയറ്റം എന്നീ അവസരങ്ങളിലെല്ലാം ഇതു വ്യക്തമായി കാണാൻ സാധിക്കുന്നു.

മതപരിവർത്തനം നടത്തിയതിലൂടെ ഇവർ അനുഭവിക്കുന്ന പ്രശ്നങ്ങളെപ്പറ്റി അന്വേഷിച്ചപ്പോൾ മനസ്സിലാക്കാൻ സാധിച്ചത് ഭൂരിഭാഗം പേരും (52.22%) സ്ഥിരമായും 31% പേർ ഇടയ്ക്കും പ്രശ്നങ്ങളനുഭവിക്കുന്നവരാണ് എന്നാണ്. അതായത് പ്രശ്നങ്ങളൊന്നും നേരിടേണ്ടി വരാത്തവർ ആകെ 16.11% പേർ മാത്രമാണ്. മതപരിവർത്തനം നടത്തിയവരിൽ വലിയൊരു വിഭാഗക്കാർ സാമ്പത്തികമായും സാമൂഹികമായും താഴെത്തട്ടിൽ നിൽക്കുന്നവരാണ്. ഇവർ പരമ്പരാഗത ക്രിസ്ത്യനികളേയും ഇവരുടെ തന്നെ ഹിന്ദു വിഭാഗക്കാരേയും അപേക്ഷിച്ച് സാമ്പത്തികമായും സാമൂഹികമായും വളരെയേറെ പിന്നോക്കം നിൽക്കുന്നവരുമാണ്. വിദ്യാഭ്യാസത്തിനോ, ഉദ്യോഗത്തിനോ സർക്കാരിൽ നിന്നും ഇവർക്ക് യാതൊരുവിധ പരിഗണനയും ലഭിക്കുന്നില്ല. ക്രിസ്തീയ സ്ഥാപനങ്ങളിൽപ്പോലും ഇവർക്ക് യാതൊരു പരിഗണനയും ലഭിക്കുന്നില്ല. ഇതിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നത് ഇവർ ആഗ്രഹിച്ച പോലുള്ള സാമൂഹ്യ പിൻബലമോ, ഉയർച്ചയോ, പദവിയോ മതപരിവർത്തനത്തിലൂടെ ഇവർക്ക് ലഭിക്കുന്നില്ല എന്നു മാത്രമല്ല സമൂഹത്തിൽ ഇവർക്ക് വളരെയേറെ പ്രയാസങ്ങളനുഭവിക്കേണ്ടിവരുന്ന ഒരു സാഹചര്യമാണ് ഈ പുതിയ മതം അവർക്ക് നൽകിയത് .

ഭൂരിഭാഗം പേരും ദേവാലയങ്ങളിൽ വിവേചനം അനുഭവിക്കുന്നവരാണ് (73..8%). ഇവരെ ഇന്നും ജാതിപ്പേരിനൊപ്പം ക്രിസ്ത്യാനി എന്നോ പുതു ക്രിസ്ത്യാനി എന്നോ ആണ് അറിയപ്പെടുന്നത്. ഇത് അവരുടെ സമൂഹത്തിലെ സ്ഥാനം ജാതി വ്യവസ്ഥിതിക്കടിമപ്പെട്ടു തന്നെയാണ് ഇന്നും നില നിൽക്കുന്നത് എന്നു കാണിക്കുന്നു. ഇത് പ്രത്യേകിച്ചും അനുഭവപ്പെടുന്നത് കോട്ടയം ജില്ലയിലെ പള്ളികളിലാണ്.

ഇതിൽ ഏറ്റവും കൂടുതൽ പ്രയാസം അനുഭവിക്കുന്നത് ഉന്നത വിദ്യാഭ്യാസം നേടുന്ന അവസരത്തിലാണ്. ഇവരിൽ 81.91% പേരും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ

പ്രവേശനം ലഭിക്കത്തതിനാൽ പ്രയാസം അനുഭവിക്കേണ്ടിവന്നവരാണ്. അതിനാൽ തന്നെ ഉന്നത വിദ്യാഭ്യാസത്തിനുള്ള അവസരം നഷ്ട്ടപ്പെട്ടവരുമാണ്.

മറ്റൊരു പ്രധാന പ്രശ്നം സർക്കാർ ജോലി ലഭിക്കുവാനുള്ള അവസരം നഷ്ടപ്പെട്ടതാണ്. ഒരു വലിയ വിഭാഗം(81.91%) പേർക്കും ഈയൊരഭിപ്രായമാണ് ഉള്ളത്. ഇവരിൽ വലിയൊരു വിഭാഗം പേർക്കും (93.89%) പള്ളികളിൽ നിന്നും തുടർ പഠനത്തിനു യാതൊരു വിധ സാമ്പത്തിക സഹായങ്ങളും ലഭിക്കുന്നില്ല.

ന്യുനപക്ഷ സമുദായങ്ങളുടെ താല്പര്യങ്ങൾ സംരക്ക്ഷിക്കുന്നതിനു വേണ്ടി ന്യൂനപക്ഷ ക്ഷേമ വകുപ്പ് നടപ്പാക്കുന്ന വിവിധ ക്ഷേമ പദ്ധതികളെപ്പറ്റിയുള്ള ഇവരുടെ പരിജ്ഞാനം വളരെ വളരെ കുറവാണ്. ഇവരിൽ 18.33% പേർക്കു മാത്രമേ ഇത്തരം പദ്ധതികളെപ്പറ്റി എന്തെങ്കിലും അറിവുള്ളൂ. ഭൂരിഭാഗം പേർക്കും കമ്മീഷനേപ്പറ്റിയോ ക്ഷേമവകുപ്പിൽക്കൂടി നടപ്പാക്കുന്ന പദ്ധതികളെപ്പറ്റിയോ (83.33%) യാതൊരറിവും ഇല്ല.

എന്തെങ്കിലും അറിവുള്ളവർ ആകെ 30% പേർ മാത്രമേ ഉള്ളൂ. ഇവരിൽ 50 ശതമാനം പേർക്ക് കോളേജ് വിദ്യാഭ്യാസത്തിനുള്ള സ്കോളർഷിപ്പുകളെ ക്കുറിച്ചും ബാക്കി 50% പേർക്ക് മെറിറ്റ് സ്കോളർഷിപ്പുകളേക്കുറിച്ചും മാത്രമേ പരിജ്ഞാനമുള്ളൂ. ഇത് അവർക്ക് ലഭ്യമായിക്കൊണ്ടിരിക്കുന്ന പല സർക്കാർ പദ്ധതികളെപ്പറ്റിയുള്ള അവരുടെ പരിമിതമായ അറിവുകളെ കാണിക്കുന്നു.

# അദ്ധ്യായം 4

## കേരളത്തിലെ പെന്തക്കോസ്ത് ക്രിസ്ത്യാനികളുടെ പ്രശ്നങ്ങൾ

കേരളത്തിൽ വളരെയേറെ സ്വാധീനശക്തിയുള്ള ഒരു പ്രസ്ഥാനമാണ് പെന്തക്കോസ്തു ക്രിസ്ത്യൻ വിഭാഗം. ഇവർ പരിശുദ്ധാത്മാവിന്റെ നാമത്തിൽ മറുഭാഷ സംസാരിക്കുന്നതിലും, അത്ഭുത രോഗശാന്തി ശുശ്രൂഷകളിലും വേദപ്രസംഗങ്ങളിലും, വളരെയേറെ വിശ്വസിക്കുന്നവരും ഇവക്ക് അമിത പ്രാധാന്യം നൽകുന്നവരുമാണ്. പ്രാർത്ഥനകളിലും പ്രാർത്ഥനാ പ്രസംഗങ്ങളിലുമെല്ലാം ഇവർ വളരെ ഉച്ചത്തിൽ കൈയ്യടിച്ചും ആവേശകരമായി നൃത്തം ചെയ്തുമെല്ലാം വിശ്വാസികളായ ആളുകളുടെ ശ്രദ്ധ ആകർഷിക്കുന്നു. ഇവർ രോഗികളിൽ അത്ഭുതം പ്രവർത്തിക്കുക മാത്രമല്ല രോഗികളെ പ്രാർഥിച്ചു സുഖപ്പെടുത്തുന്ന ശുശ്രൂഷ രീതിയിലും വിശ്വസിക്കുന്നു. ഇവരുടെ ഈ വിശ്വാസം രോഗികളിൽ വളരെയേറെ സ്വാധീനം ചെലുത്തുകയും തന്മൂലം കൂടുതൽ ആളുകളെ ഈ മത വിഭാഗത്തിലേക്ക് ആകർഷിക്കുവാനും ഈ വിശ്വാസ പ്രമാണങ്ങളിൽ തൽപ്പരരാക്കുവാനും സാധിച്ചു. ഇതാണ് ഈ മതത്തിന്റെ അതി വേഗത്തിലുള്ള പ്രചാരത്തിനും വളർച്ചക്കും കാരണം.

പ്രൊട്ടസ്റ്റൻറ് വിഭാഗം ക്രിസ്തീയസഭകളിലെ ഒരു പുത്തനുണർവാണ് ഈ പെന്തക്കോസ്തു സഭകൾ. ദൈവവുമായി നേരിട്ടുള്ള ഒരു ബന്ധമാണ് ഇവർ മാമോദീസയിൽക്കൂടി നടത്തുന്നു എന്നവകാശപ്പെടുന്നത്. പെന്തക്കോസ്ത് എന്ന വാക്ക് തന്നെ ഉത്ഭവിക്കുന്നത് ജൂതരുടെ ക്രിസ്തുമസ് ആഴ്ചകളിലെ വിരുന്നിൽ നിന്നാണ്. ബുക്സ് ഓഫ് ആക്ട് എന്നു പറയുന്ന ഗ്രന്ഥത്തിന്റെ രണ്ടാം അദ്ധ്യായത്തിൽ പറയുന്നത് യേശുവിന്റെ ഈസ്റ്റർ വിരുന്നിൽ പങ്കെടുക്കുവാൻ വന്ന പരിശുദ്ധാത്മാക്കൾ യേശുവിന്റെ അപ്പോസ്തലന്മാരുടേയും പിൻഗാമികളുടേയും മുന്നിൽ പ്രത്യക്ഷപ്പെടുകയും അവർക്ക് വ്യത്യസ്ത ഭാഷ സംസാരിക്കുവാനും മനസ്സിലാക്കുവാനുമുള്ള കഴിവ് നൽകുകയും ചെയ്തു എന്നാണ്. ഇതു മൂലം ബാബേലിന്റെ ശാപത്തെ നീക്കുകയും വിവിധ രാജ്യങ്ങളിലുള്ളവർക്കിടയിൽ ഭാഷ മനസ്സിലാക്കുവാൻ സാധിക്കുകയും ചെയ്തു. ഇത്തരത്തിൽ ദൈവം തന്റെ പിൻഗാമികളിൽ അനുഗ്രഹവർഷം ചൊരിഞ്ഞ ദിവസത്തെയാണ് പെന്തക്കോസ്ത് എന്ന നാമം കൊണ്ട് അർഥമാക്കുന്നത്.

പെന്തക്കോസ്ത് എന്നത് ക്രിസ്ത്യാനികൾ പരിശുദ്ധാത്മാക്കളുടെ വരദാനത്തെ അനുസ്മരിക്കുന്ന ആഘോഷമായാണ് കണക്കാക്കുന്നത്. അറിവിന്റെ സമ്മാനമായും ദൈവത്തിന്റെ പ്രവചനമായും ഇതിനെ കാണുന്നു. പരിശുദ്ധാത്മാക്കളിലൂടെയുള്ള അനുഗ്രഹവർഷം വിജ്ഞാന രൂപത്തിൽ ഇവർക്കു വെളിപാടായി നൽകിയതായും വിശ്വസിക്കപ്പെടുന്നു. ഈ വെളിപാട് ലഭിച്ചത് ഈസ്റ്ററിന്റെ നാൽപ്പത്തൊൻപതാം രാത്രിയിലാണ്. ഈ ദിനത്തെയാണ് പെന്തക്കോസ്ത് എന്ന നാമത്തിലൂടെ അറിയപ്പെടുന്നത്. ഈ ദിനത്തെ ഇവർ ക്രിസ്ത്യൻ പള്ളികളുടെ ജന്മദിനമായും, ലോകത്ത് പള്ളികളുടെ പ്രചാരത്തിന്റെ തുടക്കമായും വിശ്വസിക്കപ്പെടുന്നു. ക്രിസ്തുമത വിശ്വാസത്തിൽ ത്രിമൂർത്തികളായ പിതാവ്, പുത്രൻ, പരിശുദ്ധാത്മാക്കൾ എന്നിവയിൽ മൂന്നാമത്തേതായ പരിശുദ്ധാത്മാക്കളിൽ മാത്രമാണ് പെന്തക്കോസ്തു മത വിഭാഗക്കാർ വിശ്വസിക്കുന്നത്.

മറ്റുള്ള ക്രിസ്ത്യാനികളെപ്പോലെ ഇവരും ബൈബിളിന്റെ വചനങ്ങളിൽ നിസ്സംശയം വിശ്വസിക്കുകയും ബൈബിൾ വചനങ്ങളിൽ ഒരിക്കലും തെറ്റുവരികയില്ലെന്നും ഇതിൽ പറയുന്നതെല്ലാം തന്നെ സത്യമാണെന്നും വളരെ ശക്തമായി വിശ്വസിക്കുകയും ചെയ്യുന്നു. ഇവർ ത്രിമൂർത്തികളിൽ ഈശോവിനെ ദൈവമായും രക്ഷകനായും വിശ്വസിക്കുകയും സ്വീകരിക്കുകയം ചെയ്യുന്നു. ലോകം അവസാനിക്കാൻ പോകുകയാണെന്നും ലോകാവസാനത്തിൽ പരിശുദ്ധാത്മാക്കൾ മനുഷ്യരുടെ ശരീരത്തിൽ പ്രവേശിക്കുകയും അവർക്ക് അസാധാരണ ശക്തി പ്രദാനം ചെയ്യുവാൻ സാധിക്കുമെന്നും ഇവർ അന്ധമായി വിശ്വസിക്കുന്നു. ഇവർ സുവിശേഷത്തിൽ വിശ്വസിക്കുകയും ലോകത്തിന്റെ അവസാനത്തിൽ സംഭവിക്കുന്ന മഹാദുരന്തത്തിൽ നിന്നും മാനവരാശിയെ രക്ഷിക്കുവാൻ സാധിക്കുന്ന ഒരേയൊരു മതമാണ് പെന്തക്കോസ്തു മതമെന്ന് അവകാശപ്പെടുകയും ചെയ്യുന്നു, മാത്രമല്ല ലോകാവസാനത്തിൽ മാനവരാശിയെ നരകത്തിൽ നിന്നും കരകയറ്റുവാനും അവരെ സഹായിക്കുവാനും രക്ഷിക്കുവാനുമായി യേശുക്രിസ്തു തിരികെ വരുമെന്നും ആ സമയം നരകത്തിൽ നിന്നും കരകയറുവാനുള്ള അവസരം ഈ മതത്തിൽ വിശ്വസിക്കുന്നവർക്കു മാത്രമേ സാധിക്കുകയുള്ളൂ എന്നുകൂടി ഇവർ അവകാശപ്പെടുന്നു.

പെന്തക്കോസ്ത് മതത്തിൽക്കൂടി മാത്രമേ ആത്മാക്കളെ രക്ഷിക്കാനാവുകയുള്ളൂ എന്നും ഇങ്ങനെ പരമാവധി ആത്മാക്കളെ രക്ഷിക്കണമെങ്കിൽ പ്രഭാഷണവേളകളിൽ മതപരിവർത്തനം നടത്തുകയും ജലത്തിൽ ജ്ഞാനസ്നാനം നടത്തുകയും

വേണമെന്നും ഇവർ അവകാശപ്പെടുന്നു. വംശ വർദ്ധനവിനെ അപേക്ഷിച്ച് ഇവർ മതപരിവർത്തനതിനാണ് മുൻ തൂക്കം നൽകുന്നത് (മാർട്ടിൻ 2011, 66).

മതപരിവർത്തനം നടത്തുന്നതിലൂടെ വിശ്വാസികൾക്കു ലഭിക്കുന്ന ഈ ശാക്തീകരണത്തിൽ മറു ഭാഷ സംസാരിക്കുവാനുള്ള കഴിവും അത്ഭുതകരമായ രോഗശാന്തി ശുശ്രൂഷ ചെയ്യുവാനുള്ള കഴിവും ഉൾപ്പെടുന്നു എന്നും ഇവർ വിശ്വസിച്ചു പോരുന്നു. ഈ രണ്ടു സവിശേഷതകളാണ് പെന്തക്കോസ്ത് മതത്തിനെ മറ്റു ക്രൈസ്തവ വിഭാഗങ്ങളിൽ നിന്നും വേർതിരിക്കുന്ന പ്രത്യേകതകൾ.
ബൈബിളിന് ഇവർ നൽകുന്ന അമിത പ്രമാണിത്വത്തിനും, പ്രഭാഷകർക്ക് ലഭിക്കുന്ന ആധ്യാത്മിക കഴിവുകൾക്കും വിവിധ രീതിയിലുള്ള സുവിശേഷ പ്രാർഥനകളിലൂടെ ഇവർ കാണിക്കുന്ന അത്ഭുതകരമായ രോഗശാന്തി ശുശ്രൂഷകളും പ്രാർഥനകൾക്ക് ഇവർ നൽകുന്ന അമിത പ്രാധാന്യവും പ്രാർഥനവേളകളിൽ ഇവർ നടത്തുന്നു എന്നവകാശപ്പെടുന്ന അത്ഭുത പ്രവർത്തനങ്ങളും മിഷനറി കാലഘട്ടത്തിലെ അപ്പോസ്തലന്മാരെ അനുസ്മരിപ്പിക്കുന്ന ഒന്നാണ്. ഇതിനാൽ ഇവരുടെ മുന്നേറ്റത്തെ അപ്പോസ്തലന്മാരുടെ പൂർണ്ണ സുവിശേഷമായി അറിയപ്പെടുന്നു. പെന്തക്കോസ്ത് മതവിശ്വാസികളുടേയും കരിസ്മാടിക് പള്ളികളുടേയും വളർച്ച, പരിശുദ്ധാത്മാക്കളിലുള്ള അടിയുറച്ച വിശ്വാസം, ജ്ഞാനസ്നാനം, മാമോദീസ എന്നിവ പെന്തക്കോസ്ത് ആരാധനാ രീതികളെ മറ്റുള്ള പള്ളികളിലുള്ള ആരാധനാ ക്രമങ്ങളിൽ നിന്നും വളരെയേറെ വ്യത്യസ്തമാക്കുന്നു. അതിനാൽ തന്നെ ഇവരുടെ ഇടയിലുള്ള വിശ്വാസികളുടെ അംഗസംഖ്യയിലും വളരെയേറെ വർദ്ധനവുള്ളതായി കാണാം.

ക്രിസ്തീയ സഭകളിലെ ഒരു പുത്തൻ മുന്നേറ്റമാണ് പെന്തക്കോസ്ത് ക്രിസ്തീയ സഭ. ഇതിനു മൂന്ന് രീതികളാണ് ഉള്ളത് – അവ പെന്തക്കോസ്ത്, കരിസ്മാറ്റിക് നിയോ-കരിസ്മാറ്റിക് എന്നിവയാണ്. പെന്തക്കോസ്ത് വിഭാഗം എന്നത് ആദ്യകാല വിഭാഗമായ അസംബ്ലീസ് ഓഫ് ഗോഡ് ( A G Church) ഉം ഗോഡ് ഓഫ് ചർച്ചും ആണ്. കരിസ്മാറ്റിക് വിഭാഗക്കാർ ഓർത്തഡോക്സ്, റോമൻ കാത്തോലിക്, പ്രൊട്ടസ്റ്റൻറ് എന്നീ വഴികളിൽ നില നിന്നുകൊണ്ട് പെന്തക്കോസ്ത് രീതിയിലുള്ള പ്രാർത്ഥനകൾ അവലംബിക്കുന്നവരാണ്. നിയോ-കരിസ്മാറ്റിക് വിഭാഗക്കാർ എല്ലാവരേയും ഉൾപ്പെടുത്തി പെന്തക്കോസ്ത് വിശ്വാസവും സ്വഭാവവും സ്വീകരിക്കുന്നവരും ആണ്. ജോയെൽ റോബിൻസിന്റെ (2004:117) ഗ്രന്ഥത്തിൽ പെന്തക്കോസ്ത് കരിസ്മാറ്റിക് സഭാവിശ്വാസികൾക്ക് പരിശുദ്ധാത്മാവിന്റെ വരദാനം ലഭിക്കുകയും പരമാനന്ദപ്രദമായ

അനുഭവത്തിലൂടെ മറുഭാഷ സംസാരിക്കുവാനും രോഗശാന്തി ശുശ്രൂഷ നടത്തുവാനും വേദപ്രസംഗങ്ങൾ നടത്തുവാനുമുള്ള കഴിവു ലഭിക്കുകയും ചെയ്യുന്നു എന്നു വിശ്വസിക്കുന്നവരാണ് എന്നു കാണുന്നു. ഇന്ത്യൻ പെന്തക്കോസ്ത് സഭാ വിശ്വാസികൾ പരമാത്മാവിന്റെ  വരദാനത്തിനാണ് ഊന്നൽ കൊടുത്തിട്ടുള്ളത്. ഇത് വിശ്വാസികളുടെ ജീവിതത്തിൽക്കൂടി വെളിപ്പെടുന്നതായും പെന്തക്കോസ്ത് വിശ്വാസി ആയതിന്റെ സൂചനയായും കണക്കാക്കപ്പെടുന്നു. ഈ വരദാനം അറിവ്, ജ്ഞാനം, ദുഷ്ടശക്തികളുടെ സാന്നിദ്ധ്യവും പ്രവർത്തിയും തിരിച്ചറിയുവാനും, അതിനെ എതിർക്കുവാനുമുള്ള കഴിവ്, വിശ്വാസം, ദൈവത്തിന്റെ ശക്തിയാൽ സുഖപ്പെടുത്തുവാനും സുഖംപ്രാപിച്ചത് അനുഭവപ്പെടുവാനുമുള്ള കഴിവ്, അത്ഭുതങ്ങൾ പ്രവർത്തിക്കുവാനുള്ള കഴിവ്, വേദപ്രസംഗം നടത്തുവാനുള്ള കഴിവ്, മറുഭാഷ സംസാരിക്കുവാനുള്ള കഴിവ്, മറുഭാഷ പരിഭാഷപ്പെടുത്തുവാനുള്ള കഴിവ് എന്നിവയെല്ലാം ഇവർക്കുണ്ടെന്ന് അവകാശപ്പെടുന്നു. ഇവർ യേശുക്രിസ്തുവിനെ മാത്രം ദൈവമായി വിശ്വസിക്കുകയും പ്രാർത്ഥിക്കുകയും, തങ്ങളെ ദൈവവേലക്കായി തിരഞ്ഞെടുക്കപ്പെട്ടവരാണെന്ന് വിശ്വസിക്കുകയും ചെയ്യുന്നവരാണ്.

ഇവർ നാലു ദൈവ പ്രമാണങ്ങളിലാണ് വിശ്വസിക്കുന്നത്.

1. യേശു മോക്ഷം നൽകുന്നു,
2. യേശു സുഖപ്പെടുത്തുന്നു
3. യേശു പരമാത്മാവിൽക്കൂടി  ജ്ഞാനസ്നാനം ചെയ്യിക്കുന്നു
4. യേശു തിരിച്ചു വരുന്നു (Robbins, 2004:120) എന്നിവയാണ് അവ .

കത്തോലിക്കരുടെ പ്രാർത്ഥന രീതികളെ അപേക്ഷിച്ച് ഇവരുടെ പ്രാർത്ഥന ശുശ്രൂഷകൾ വളരെയധികം ഉച്ചത്തിലാണ്. ഈ പ്രാർത്ഥന വേളകളിൽ ദൈവിക രോഗശാന്തി, വേദപ്രസംഗം, വിശ്വാസികളുടെ പൊതുസാക്ഷിത്വം, അത്യുച്ചത്തിലും അമിതാവേശത്തിലുമുള്ള പ്രാർഥനകളും, ദൈവവിളികളും, പാട്ടുകളും, സംഗീതത്തിനൊത്ത് നൃത്തം വെക്കുകയും, കൈകൾ കൂട്ടി  അടിച്ച് ഉച്ചത്തിൽ ഹല്ലേലുയ്യ എന്ന് ശബ്ദം വെക്കുകയും മറ്റുമാണ് ഇവർ ചെയ്യുന്നത്. ഇവർക്ക് പ്രാർഥന എന്നാൽ ആനന്ദാനുഭൂതിയാണ്, കാരണം അവരുടെ പ്രാർഥനകളിൽ, ആരാധനകളിൽ, അവരുടെ ദൈനംദിന ജീവിതത്തിലെല്ലാം തന്നെ പരിശുദ്ധാത്മാവിന്റെ  സാന്നിദ്ധ്യമുണ്ട് എന്നു വിശ്വസിക്കുന്നു. ഈ സാന്നിദ്ധ്യം മറു ഭാഷ സംസാരിക്കുന്നതിൽക്കൂടിയും, അതീവ ദുഖവും സന്തോഷവും പ്രകടിപ്പിക്കുന്നതിൽക്കൂടിയും, ശരീര

ചലനങ്ങളിൽക്കൂടിയും പ്രകടമാക്കുന്നു. ഇതിൽക്കൂടി വിശ്വാസികൾ എല്ലാം മറക്കുകയും സർവശക്തനിൽ പൂർണമായും മനസ്സും ശരീരവും അർപ്പിക്കുകയും ആണ് ചെയ്യുന്നത്.

**പെന്തക്കോസ്ത് മത വിശ്വാസം കേരളത്തിൽ**

കേരളത്തിൽ ഏതാണ്ട് ഒൻപതു ദശാബ്ദങ്ങൾക്കു മുൻപാണ് ക്രിസ്തീയ വൃത്തങ്ങൾക്കിടയിൽ വളർന്നു വരുന്ന ഒരു സമൂഹമായി പെന്തക്കോസ്ത് സഭ ഉയർന്നു വന്നത്. പ്രധാനപ്പെട്ട പെന്തക്കോസ്ത് ദേവാലയങ്ങളിൽ ഏതാണ്ട് 3,200 പ്രാർഥനാലയങ്ങളും മറ്റു ചെറിയ ഗ്രൂപ്പുകൾക്കിടയിൽ ഏതാണ്ട് ഒരായിരം പ്രാർഥനാലയങ്ങളും അത്രയും തന്നെ ഉപദേശികളും ഇന്നുണ്ട്. മാനുഷ നൈപുണ്യത്തിന്റെ അടിസ്ഥാനത്തിലോ, ക്രിസ്തീയ ദേവാലയ വളർച്ചയുടെ അടിസ്ഥാനമായ ക്രിസ്തീയ തത്വങ്ങളിലോ അല്ല ഈ സഭയുടെ വളർച്ച നില കൊണ്ടത്, മറിച്ച് പരിശുദ്ധാത്മാവിന്റെ അനുഗ്രഹം മൂലം ചില സാധാരണക്കാരായ മനുഷ്യരാണ് ഇത്തരത്തിൽ അമാനുഷികമായി എല്ലാം പ്രവർത്തിക്കുന്നത് എന്നാണ് അംഗങ്ങൾ വിശ്വസിക്കുന്നത്.

പെന്തക്കോസ്ത് ആചാരങ്ങൾ മറ്റു പരമ്പരാഗതമായ പള്ളികളുടെ ആത്മീയ കാര്യങ്ങളിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഇവയിൽ ചിലത് ഉപവാസ പ്രാർത്ഥന, ബൈബിൾ പഠനം, ധ്യാനം, സുവിശേഷ പ്രസംഗങ്ങൾ, പൊതു സ്ഥലങ്ങളിലുള്ള കൂട്ട പ്രാർത്ഥനകൾ, ബൈബിളിന്റെ പരിശുദ്ധിയിലുള്ള അതീവ വിശ്വാസം എന്നിവയാണ്. ഇവർ സുവിശേഷ മാഹാത്മ്യത്തിൽ വളരെയധികം വിശ്വാസമർപ്പിക്കുന്നു. ഈ മതത്തെ സംബന്ധിച്ചിടത്തോളം പരിശുദ്ധാത്മാക്കളാണ് ഏറ്റവും പ്രാധാന്യമർഹിക്കുന്നത്. ഇന്നും പെന്തക്കോസ്തു വിശ്വാസികൾക്കിടയിൽ ജാതി വർഗ്ഗ ഭേദമില്ലായെങ്കിൽപ്പോലും ഇവർ സിറിയൻ ക്രിസ്ത്യാനികൾക്കിടയിൽ മത പ്രഭാഷണങ്ങൾ നടത്തുകയും ദൈവവേലയിലേർപ്പെടുകയും ചെയ്യുന്നതായാണ് കണ്ടു വരുന്നത്.

**സാമൂഹിക സാമ്പത്തിക ചുറ്റുപാടുകൾ**

**പട്ടിക : 28** പ്രായഘടന

| പ്രായഘടന | എണ്ണം | ശതമാനം |
|---|---|---|
| 18-25 | 49 | 27.22 |
| 26-40 | 54 | 30 |
| 41-55 | 58 | 32.22 |
| 56 നു മുകളിൽ | 19 | 10.56 |
| ആകെ | 180 | 100 |

ഈ പഠനത്തിൽ പ്രതികരിച്ചവരുടെ പ്രായഘടന അവരുടെ സമൂഹത്തിലെ പ്രശ്നങ്ങൾ മനസ്സിലാക്കുവാൻ വളരെയേറെ സഹായിക്കുന്ന ഒരു ഘടകമാണ്. ഒരാളുടെ പ്രായം അയാളുടെ വിദ്യാഭ്യാസ നേട്ടത്തേയും തന്മൂലമുള്ള അയാളുടെ ഉപജീവനമാർഗ്ഗത്തേയും, തൊഴിലിലൂടെയുള്ള സാമ്പത്തിക നേട്ടത്തേയും മനസ്സിലാക്കാൻ സഹായിക്കുന്നു. ഈ പഠനത്തിൽ 18 മുതൽ 56 വയസ്സുവരെയുള്ളവരെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

ഈ പഠനത്തിൽ പ്രതികരിച്ചവരുടെ പ്രായപരിധി പരിശോധിച്ചപ്പോൾ മനസ്സിലായത്, ഇവരിൽ ഏറ്റവും കൂടുതൽ ആളുകൾ 41 നും 55 വയസ്സിനും ഇടയിൽ പ്രായമുള്ളവരാണ് (32.22%) എന്നാണ്. ഇവർക്ക് തൊട്ടു താഴെ 26 നും 40 നും ഇടയിൽ പ്രായമുള്ളവരും (30%), 27.22 ശതമാനം പേർ 18 നും 25നുമിടയിൽ ഉള്ളവരുമാണ്. ആകെ 10.56% പേർ മാത്രമേ 56 വയസ്സിനു മുകളിൽ പ്രായമുള്ളവരുള്ളൂ. ഇവരിൽ കൂടുതൽ പേരും 26 നും 55 നും മദ്ധ്യേ പ്രായമുള്ളവരും പണിയെടുക്കാൻ തക്ക പ്രായപരിധിയിലുള്ളവരുമാണ്. അതായത് 62.22% പേർ. ഏതാണ്ട് കാൽ ഭാഗത്തിനു

മുകളിലുള്ളവർ (27.22%) വിദ്യാഭ്യാസം നേടുന്നവരോ ജോലി അന്വേഷിക്കുന്നവരോ ആണ്. ചെറിയ ഒരു വിഭാഗം മാത്രമേ 55 വയസ്സിനു മുകളിൽ പ്രയമുള്ളവരുള്ളൂ (10.56%). ഇവരുടെ മക്കൾ പഠിക്കുന്നവരോ ജോലി അന്വേഷിക്കുന്നവരോ ആണ്. ഇവിടെ ഭൂരിഭാഗം പേരും വളരെ ചെറുപ്പവും പ്രാർഥനാലയങ്ങളിലെ കാര്യങ്ങളിലെല്ലാം വളരെ നന്നായി പ്രവർത്തിക്കുന്നവരുമാണ്.

**പട്ടിക 29:** ലിംഗ ഘടന

| **ലിംഗ ഘടന** | **എണ്ണം** | **ശതമാനം** |
|---|---|---|
| പുരുഷന്മാർ | 89 | 49.45 |
| സ്ത്രീകൾ | 91 | 50.55 |
| ആകെ | 180 | 100 |

ഈ പഠനത്തിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യ പ്രാധാന്യമാണ് കൊടുത്തിട്ടുള്ളത് പുരുഷന്മാർ 49.45 ശതമാനവും സ്ത്രീകൾ 50.55% ശതമാനവുമാണ്. ലിംഗഘടന സമൂഹത്തിൽ സ്ത്രീകൾക്ക് കൊടുക്കുന്ന പ്രാധാന്യത്തെയും അവരുടെ സാമൂഹ്യ പദവിയേയും കാണിക്കുന്നു. ഇതിൽ പ്രധാനപ്പെട്ടവയാണ് അവരുടെ വിദ്യാഭ്യാസ യോഗ്യതയും ഔദ്യോഗിക നേട്ടങ്ങളും.

**പട്ടിക : 30** കുടുംബത്തിന്റെ മാസ വരുമാനം

| **വരുമാനം** | **എണ്ണം** | **ശതമാനം** |
|---|---|---|
| 10,000 രൂപ യിൽ താഴെ | 44 | 24.44 |
| 10,000 രൂപ മുതൽ 20,000 രൂപ വരെ | 119 | 66.11 |
| 20,000 ത്തിനും 30,000 ത്തിനും ഇടയിൽ | 17 | 9.44 |
| ആകെ | 180 | 100 |

ഒരാളുടെ സാമ്പത്തിക ചുറ്റുപാടുകൾ എന്നാൽ അയാളുടെ കുടുംബ വരുമാനമുൾപ്പെടെയുള്ള സാമ്പത്തിക സ്ഥിതി എന്നതാണ്. ഇത് അയാളുടെ ജീവിതമികവിനേയും സാമൂഹ്യ സ്ഥിതിയേയും കാണിക്കുന്നു. ഈ പഠന ത്തിൽ പങ്കെടുത്തവരിൽ ഭൂരിഭാഗം പേരും (66.11%) ഇടത്തരം സാമ്പത്തിക ശേഷിയുള്ളവരാണ്. അതായത് 10,000 രൂപക്കും 20,000 രൂപക്കുമിടയിൽ മാസ വരുമാനമുള്ളവരും, 24.44% പേർ 10,000 രൂപയ്ക്കു താഴെ മാസ വരുമാന മുള്ളവരുമാണ്. ഇവരിൽ വളരെ കുറച്ചു പേർ മാത്രമേ 20,000 രൂപയ്ക്കു മുകളിൽ മാസ വരുമാനമുള്ളവരുള്ളൂ. ഇതിൽ നിന്നു മനസ്സിലാക്കാൻ സാധിക്കുന്നത് ബഹുഭൂരിഭാഗം പേരും വളരെ താഴ്ന്ന വരുമാനക്കാരാണ് എന്നും 20,000 രൂപയിൽ താഴെ മാത്രം വരുമാനമുള്ളവരുമാണ് എന്നുമാണ്.

**പട്ടിക : 31** ഏതെങ്കിലും തരത്തിലുള്ള സമ്പാദ്യം

| സമ്പാദ്യം | എണ്ണം | ശതമാനം |
|---|---|---|
| ഉണ്ട് | 41 | 22.78 |
| ഇല്ല | 139 | 77.22 |
| ആകെ | 180 | 100 |

ഏതെങ്കിലും തരത്തിലുള്ള സമ്പാദ്യമുണ്ടെങ്കിൽ അത്യാവശ്യഘട്ടങ്ങളിൽ അത് അവർക്ക് ഉപകാരപ്പെടുത്താൻ സാധിക്കുകയും ജീവിതം കുറച്ചു കൂടി മെച്ചപ്പെടുത്താൻ സഹായിക്കുകയും ചെയ്യും. അതുകൊണ്ട് വളരെ കുറഞ്ഞ വരുമാനം മാത്രമുള്ള ഇവർ എത്രത്തോളം സ്വത്ത് സമ്പാദ്യമുള്ളവരാണ് എന്നു കൂടി നോക്കുകയുണ്ടായി. ഇതിൽ നിന്നും മനസ്സിലായത്, ഇവരിൽ ആകെ 22.78% പേർക്കു മാത്രമേ ഏതെങ്കിലും രീതിയിലുള്ള സമ്പാദ്യമുള്ളൂ. ബഹു ഭൂരിഭാഗം പേരും ഒന്നും തന്നെ സമ്പാദ്യമുള്ളവരല്ല (77%). ഇത് ഇവരുടെ താഴ്ന്ന സാമ്പത്തിക സ്ഥിതിയേയും ഭദ്രതയേയുമാണ് കാണിക്കുന്നത്.

**പട്ടിക : 32** വിദ്യാഭ്യാസ യോഗ്യത

| **വിദ്യാഭ്യാസ യോഗ്യത** | **എണ്ണം** | **ശതമാനം** |
|---|---|---|
| SSLC ക്കു താഴെ | 38 | 21.11 |
| SSLC | 40 | 22.22 |
| ഹയർ സെക്കൻണ്ടറി | 46 | 25.56 |
| ഡിഗ്രീ | 25 | 13.89 |
| തൊഴിലധിഷ്ഠിത കോഴ്സ് | 31 | 17.22 |
| ആകെ | 180 | 100 |

ഒരാളുടെ ജീവിത ഭദ്രതയും ജീവിത നിലവാരവും നിശ്ചയിക്കുന്നതിൽ അയാളുടെ വിദ്യാഭ്യാസ യോഗ്യത വളരെയേറെ പങ്കു വഹിക്കുന്നുണ്ട്. കാരണം ഉയർന്ന വിദ്യാഭ്യാസ യോഗ്യത ഉയർന്ന വരുമാനമുള്ള ജോലിയും സമൂഹത്തിൽ ഉയർന്ന സ്ഥാനവും പ്രദാനം ചെയ്യുന്നു.

പ്രതികരിച്ചവരിൽ വെറും 13.89 പേർ മാത്രമെ ഡിഗ്രീ തലം വരെ പഠിച്ചവരായുള്ളൂ, 17.22% പേർ വിവിധ തൊഴിലധിഷ്ഠിത കോഴ്സുകളിൽ പഠിക്കുന്നവരാണ്. എന്നാൽ

വലിയൊരു വിഭാഗം പേർ സ്കൂൾ തല വിദ്യാഭ്യാസം മാത്രം നേടിയവരാണ് (68.89%). ഇവരിൽ 21.11 ശതമാനം പേർ SSLC യിലും താഴെ മാത്രമേ വിദ്യാഭ്യാസം നേടിയിട്ടിള്ളൂ. എന്നാൽ 25.56% പേർ ഹയർ സെക്കണ്ടറി തലം വരെ മാത്രമേ പഠിച്ചിട്ടുള്ളൂ.

ഈ കുറഞ്ഞ വിദ്യാഭ്യാസ യോഗ്യതയാകും അവരുടെ കുറഞ്ഞ വരുമാനത്തിനു കാരണം. കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത അവരെ താഴ്ന്ന വരുമാനമുള്ള ജോലി നേടുന്നതിനും തന്മൂലം താഴ്ന്ന സാമൂഹ്യ പദവിയിലേക്കും കുറഞ്ഞ ജീവിത നിലവാരം പുലർത്തുന്നതിലേക്കും നയിക്കുന്നു. കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത താഴ്ന്ന നിലവാരത്തിലും കുറഞ്ഞ ശമ്പളത്തിലുമുള്ള ജോലികൾ മാത്രമേ വാഗ്ദാനം ചെയ്യുന്നുള്ളൂ, മാത്രമല്ല സമൂഹത്തിലും താഴ്ന്ന സ്ഥാനം മാത്രമേ ലഭികുന്നുള്ളൂ.

ഈ പഠനത്തിലുൾപ്പെട്ടവരിൽ വലിയ ഒരു വിഭാഗം പേർക്കും (68.89%) സ്കൂൾതലം വരെ മാത്രമേ വിദ്യാഭ്യാസം ലഭിച്ചിട്ടുള്ളൂ. ഈ കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത ഇവരുടെ ജോലിയുടെ സ്വഭാവത്തേയും സ്വത്ത് സമ്പാദനത്തേയും പ്രതികൂലമായ വിധത്തിൽ സ്വാധീനിക്കുന്നു. ഇതു കാണിക്കുന്നത് ജീവിതത്തിൽ വിദ്യാഭ്യാസത്തിന്റെ സ്ഥാനവും ആവശ്യകതയുമാണ്.

**പട്ടിക : 33** ലിംഗ പദവിയും വിദ്യാഭ്യാസ യോഗ്യതയും

| വിദ്യാഭ്യാസം | SSLCക്കു താഴെ | SSLC | + 2 | ഡിഗ്രീ | പ്രൊഫഷണൽ | ആകെ |
|---|---|---|---|---|---|---|
| പുരുഷന്മാർ | 18 (20.22) | 20 (22.4) | 26 (29.21) | 10 (11.24) | 15 (16.86) | 89 (100) |
| സ്ത്രീകൾ | 20 (21.98) | 20 (21.9) | 20 (21.98) | 15 (16.48) | 16 (17.58) | 91 (100) |
| ആകെ | 38 (21.11) | 40 (22.2) | 46 (25.56) | 25 (13.89) | 31 (17.22) | 180 (100) |

വിദ്യാഭ്യാസ സമ്പാദനത്തിലുള്ള ലിംഗ വ്യത്യാസം നോക്കിയപ്പോൾ പുരുഷന്മാരേ അപേക്ഷിച്ച് (42.69%) SSLCയും അതിനു താഴെയും വിദ്യാഭ്യാമുള്ളവരിൽ കൂടുതൽ പേരും സ്ത്രീകളാണ് (43.96%). എന്നാൽ +2 തലത്തിൽ കൂടുതലും പുരുഷന്മാരാണ് (29.21%). അതേസമയം ഇതിൽ സ്ത്രീകളുടെ പ്രാതിനിധ്യം 21.98 ശതമാനമാണ്. കോളേജുതലമെത്തുമ്പോൾ, ഡിഗ്രി തലത്തിലും പ്രൊഫഷണൽ വിദ്യാഭ്യാസ സമ്പാദന രംഗത്തും പുരുഷന്മാരെ അപേക്ഷിച്ചു സ്ത്രീകൾകളാണ് കൂടുതൽ മികവു പുലർത്തുന്നത്. ഇവരിൽ 16.48% പേർ ഡിഗ്രിക്കും 17.58% പേർ പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിലും പഠനം നടത്തിയവരാണ്. അതേസമയം പുരുഷന്മാരിൽ ഇത് 11.24 ശതമാനവും, 16.86 ശതമാനവും മാത്രമാണ് എന്നു കാണാം.

ഇതിൽ നിന്നും സ്ത്രീകൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള ആഗ്രഹവും സാമ്പത്തിക സാമൂഹിക സാഹചര്യങ്ങളും പുരുഷന്മാരേ അപേക്ഷിച്ചു കുറച്ചു കൂടി മെച്ചപ്പെട്ടതാണ് എന്നു മനസിലാക്കാൻ സാധിക്കുന്നു.

**പട്ടിക: 34** ഇപ്പോഴത്തെ ഔദ്യോഗിക പദവി

| **ഇപ്പോഴത്തെ പദവി** | **എണ്ണം** | **ശതമാനം** |
|---|---|---|
| തൊഴിൽ ചെയ്യുന്നു | 86 | 47.78 |
| ജോലിയില്ല | 42 | 23.33 |
| പഠിക്കുന്നു | 52 | 28.89 |
| ആകെ | 180 | 100 |

വിവരദാതാക്കളുടെ ഇപ്പോഴത്തെ സാമുഹ്യ പദവി എന്താണെന്നു പരിശോധിക്കുകയുണ്ടായി. ഇവരിൽ വലിയൊരു ശതമാനം പേർ 47.78% വിവിധ തരം ജോലികളിലേർപ്പെട്ടിരിക്കുന്നവരാണ്. എന്നാൽ ഇവരിൽ 23.33 ശതമാനം പേർ സാമ്പത്തിക നേട്ടമുള്ള ജോലികളിലൊന്നും ഏർപ്പെടുന്നില്ല എന്നും 28.89 ശതമാനം പേർ പഠനം തുടരുന്നവരാണ് എന്നും മനസ്സിലാക്കാൻ സാധിച്ചു.

ഭൂരിഭാഗം പേരും കുറഞ്ഞ വിദ്യാഭ്യാസവും കുറഞ്ഞ സാമ്പത്തിക സ്ഥിതിയും കുറഞ്ഞ സാമ്പത്തിക ഭദ്രതയും ഉള്ളവരാണ് എന്ന് കാണുകയുണ്ടായി. ഈ പശ്ചാത്തലത്തിൽ ഇവരുടെ ഔദ്യോഗിക മേഖല ഏതാണെന്നു പരിശോധിക്കുകയുണ്ടായി. ഇവർ ഏതു തരം ജോലികളിലാണ് ഏർപ്പെട്ടിരിക്കുന്നത് എന്നറിയുന്നതിനുവേണ്ടി ഇവർ ചെയ്യുന്ന ജോലികളെന്തെല്ലാമാണെന്നും പരിശോധിക്കുകയുണ്ടായി.

**പട്ടിക : 35** ജോലി ചെയ്യുന്ന മേഖല

| **ജോലിചെയ്യുന്ന മേഖല** | **എണ്ണം** | **ശതമാനം** |
|---|---|---|
| സ്വകാര്യ മേഖല | 30 | 16.67 |
| സ്വയം തൊഴിൽ | 56 | 31.11 |
| ജോലിയില്ല | 42 | 23.33 |
| പഠനം തുടരുന്നു | 52 | 28.89 |
| ആകെ | 180 | 100 |

ഈ പഠനത്തിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചത് ആകെ 28.89 ശതമാനം പേർ മാത്രമേ തുടർ വിദ്യാഭ്യാസത്തിലേർപ്പെടുന്നവരുള്ളൂ എന്നാണ്. ഇവരിൽ 31.11 ശതമാനം പേർ സ്വയം തൊഴിലിലേർപ്പെടുന്നവരും 16.67 ശതമാനം പേർ സ്വകാര്യ മേഖലയിൽ തൊഴിലിലേർപ്പെട്ടിരിക്കുന്നവരുമാണ്.

സ്വകാര്യ മേഖലയിൽ ജോലിയെടുക്കുന്നവരിൽ കുറച്ചു പേർ നേഴ്സ് ആയും ചിലർ സോഫ്റ്റ് വെയർ എഞ്ചിനീയർമാരായും ജോലി ചെയ്യുന്നു. മറ്റു ചിലർ സാങ്കേതിക രംഗങ്ങളിൽ വിവിധ തരം ജോലികളിൽ ഏർപ്പെടുന്നു. ഈ ജോലികൾക്കൊന്നും തന്നെ മികച്ച സാമ്പത്തിക നേട്ടമോ ജോലി സുരക്ഷയോ കിട്ടുന്നില്ല.

**പട്ടിക: 36** ജോലിയുടെ സ്വഭാവം

| **ജോലിയുടെ സ്വഭാവം** | **എണ്ണം** | **ശതമാനം** |
|---|---|---|
| കൂലി വേല | 41 | 47.13 |
| ഡ്രൈവർ | 13 | 14.94 |
| കട നടത്തുന്നു | 17 | 19.54 |
| പ്രായോഗിക മേഖല | 16 | 18.39 |
| ആകെ | 87 | 100 |

ജോലിചെയ്യുന്നവരിൽ ഒരു വലിയ വിഭാഗം ആളുകൾ (47.13%) കൂലിപ്പണിക്കാരാണ്. ഇവരിൽ 34.48 ശതമാനം പേർ സ്വയം തൊഴിൽ മേഖലയിൽ പണിയെടുക്കുന്നു. ഈ ജോലികൾക്കൊന്നും തന്നെ ജോലിസ്ഥിരതയോ മെച്ചപ്പെട്ട സാമ്പത്തിക നേട്ടമോ ഉണ്ടാകുന്നില്ല. ഇത് അവരുടെ കുറഞ്ഞ വിദ്യാഭ്യാസ യോഗ്യതയേയും തൽഫലമായി ലഭിക്കുന്ന കുറഞ്ഞ വരുമാനമുള്ള ഔദ്യോഗിക നേട്ടത്തേയും കാണിക്കുന്നു. ഉയർന്ന വിദ്യാഭ്യാസത്തിലൂടെ ഉയർന്ന സാമ്പത്തിക നേട്ടമുള്ള ജോലിയും സമൂഹത്തിൽ ഉയർന്ന പദവിയും തന്മൂലം നല്ല ജീവിത നിലവാരവും നേടിയെടുക്കാൻ സാധിക്കുന്നു. ഇവരിൽ വിദ്യാഭ്യാസ യോഗ്യതക്കനുസരിച്ച് ജോലി ലഭിച്ചവർ ആകെ 18.39 ശതമാനം പേർ മാത്രമേ ഉള്ളൂ. ഇത് അവരുടെ വിദ്യാഭ്യാസത്തിന്റെ അഭാവത്തെ സൂചിപ്പിക്കുന്നു.

**പട്ടിക 37 :** ലിംഗ പദവിയും ജോലിയുടെ തരവും

| തൊഴിൽ രംഗം | കൂലിപ്പണി | ഡ്രൈവർ | കട നടത്തുന്നു | തൊഴിലധിഷ്ടിത ജോലി | ജോലിയില്ല | ആകെ |
|---|---|---|---|---|---|---|
| പുരുഷന്മാർ | 16 (17.98) | 13 (14.61) | 17 (19.10) | 13 (14.61) | 30 (33.71) | 89 (100) |
| സ്ത്രീകൾ | 25 (27.47) | - | - | 3 (3.30) | 63 (69.23) | 91 (100) |
| ആകെ | 41 (22.78) | 13 (7.22) | 17 (9.44) | 16 (8.89) | 93 (51.67) | 180 (100) |

ജോലിചെയ്യുന്നവരിലുള്ള സ്തീ-പുരുഷ വ്യത്യാസം പരിശോധിച്ചപ്പോൾ കണ്ടത് ജോലിചെയ്യുന്നവരിൽ കൂടുതൽ ആളുകളും (22.78%) കൂലിപ്പണിക്കാരായാണ് ജോലി ചെയ്യുന്നത് എന്നാണ്. ഇത് പുരുഷന്മാരെ അപേക്ഷിച്ച് (17.98%) സ്ത്രീകളാണ് കൂടുതലും കൂലിപ്പണിക്കാരായി ജോലി ചെയ്യുന്നത് (27.47%). തൊഴിലധിഷ്ഠിത ഉദ്യോഗത്തിന്റെ കാര്യത്തിലാണെങ്കിൽ കൂടുതൽ പുരുഷന്മാർ (14.61%) സ്ത്രീകളെ അപേക്ഷിച്ച് (3.30%) ഈ മേഖലയിൽ തൊഴിലെടുക്കുന്നു. ഇത് അവരുടെ കുറഞ്ഞ സാമൂഹ്യപദവിയെയാണ് കാണിക്കുന്നത്.

ഇതിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നത് സ്തീകൾ കൂടുതലും ചെറിയ സാമ്പത്തിക വരുമാനമുള്ള കൂലിപ്പണികൾ ചെയ്യുമ്പോൾ പുരുഷന്മാർ അധികവും സ്വയം തൊഴിൽ മേഖലയിലോ തൊഴിലധിഷ്ഠിത മേഖലയിലോ ആണ് ജോലി ചെയ്യുന്നത് എന്നാണ് .

മറ്റൊന്നുള്ളത് ജോലിയില്ലത്തവരിൽ ഭൂരിഭാഗം പേരും സ്ത്രീകളാണ് (69.23%). ഇവർ കുടുംബത്തിലെ മറ്റു ജോലിയുള്ളവരെ സാമ്പത്തികമായി ആശ്രയിച്ചു ജീവിക്കുന്നവരാണ്. ഇന്നത്തെ സാഹചര്യത്തിൽ സാമ്പത്തിക സ്വാതന്ത്ര്യം ഒരാളുടെ ജീവിത നിലവാരത്തെ ഉയർത്താൻ സഹായിക്കുന്നു, മാത്രമല്ല കൂടുതൽ മെച്ചപ്പെട്ട ജീവിത സാഹചര്യം നേടിയെടുക്കുവാനും സഹായിക്കുന്നു..

**പട്ടിക : 38** പഠിക്കുന്ന /പഠിച്ച വിദ്യാഭ്യാസ സ്ഥാപനത്തി തരം

| **വിദ്യാഭ്യാസ സ്ഥാപനം** | **എണ്ണം** | **ശതമാനം** |
|---|---|---|
| സർക്കാർ | 102 | 56.67 |
| മാനേജ്മെൻറ് | 78 | 43.33 |
| ആകെ | 180 | 100 |

പഠനം നടത്തിയതോ ഇപ്പോൾ പഠനം നടത്തുന്നതോ ആയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ തരം ഇവരുടെ തുടർപഠനത്തെ വളരെയേറെ സ്വാധീനിക്കുന്നു. ഈ പഠനത്തിൽ പങ്കെടുത്തവരിൽ ഭൂരിഭാഗം പേരും (56.67%) സർക്കാർ സ്ഥാപനങ്ങളിൽ നിന്നാണ് വിദ്യാഭ്യാസം നേടിയിട്ടുള്ളത്. അതേസമയം 43.33 ശതമാനം പേർ മാനേജ്മെൻറ് സ്ഥാപനങ്ങളിൽ നിന്നുമാണ് വിദ്യാഭ്യാസം നേടിയിട്ടുള്ളതും ഇപ്പോൾ പഠനം നടത്തിക്കൊണ്ടിരിക്കുന്നതും. സർക്കാർ സ്ഥാപനങ്ങളിൽ ലഭ്യമാകുന്ന പത്താംതരം വരെയുള്ള സൗജന്യ വിദ്യാഭ്യാസം, സാമ്പത്തിക ശേഷിക്കുറവുള്ളവരെ സ്കൂൾ തല വിദ്യാഭ്യാസം നേടുന്നതിൽ വളരെയേറെ സഹായിക്കുന്നു. പക്ഷേ തുടർപഠനത്തിനു സാമ്പത്തികമായ ചിലവുള്ളതിനാൽ ഉയർന്ന വിദ്യാഭ്യാസം നേടുന്നതിൽ നിന്നും ഇവരെ പിന്തിരിയാൻ പ്രേരിപ്പിക്കുന്നു. ഒരു പക്ഷെ കുറഞ്ഞ

സാമ്പത്തിക ശേഷിയുള്ളവരായതു കൊണ്ടാകാം കുറച്ചു പേർക്ക് തുടർപഠനം സാധിക്കാതെ വന്നത്.

**പട്ടിക: 39** വിദ്യാഭ്യാസ നേട്ടത്തിലുള്ള സ്ത്രീ പുരുഷ വ്യത്യാസം

| **വിദ്യാഭ്യാസം** | **SSLC ക്കു താഴെ** | **SSLC** | **+2** | **ഡിഗ്രീ** | **പ്രൊഫഷണൽ കോഴ്സ്** | **ആകെ** |
|---|---|---|---|---|---|---|
| പുരുഷൻ | 18 (20.22) | 20 (22.47) | 26 (29.21) | 10 (11.24) | 15 (16.86) | 89 (100) |
| സ്ത്രീ | 20 (21.98) | 20 (21.98) | 20 (21.98) | 15 (16.48) | 16 (17.58) | 91 (100) |
| ആകെ | 38 (21.11) | 40 (22.22) | 46 (25.56) | 25 (13.89) | 31 (17.22) | 180 (100) |

ഈ പട്ടിക പരിശോധിച്ചപ്പോൾ കണ്ടത് പുരുഷന്മാരിൽ 20.22% പേർ SSLCക്കു താഴെ വിദ്യാഭ്യാസം നേടിയവരും, 22.47% പേർ SSLC തലത്തിൽ വിദ്യാഭ്യാസം നേടിയവരുമാണ് എന്നാൽ 29.21 ശതമാനം പേർ +2 തലം വരെ പഠിച്ചവരാണ്. ഡിഗ്രീ തലത്തിലെത്തുമ്പോൾ ഇവരുടെ എണ്ണം ക്രമാതീതമായി കുറയുന്നതു കാണാം. വെറും 11.24 ശതമാനം പേർ മാത്രമാണ് ഹയർ സെക്കണ്ടറി തലം വരെ വിദ്യാഭ്യാസം നേടിയിട്ടുള്ളത്. പ്രൊഫഷണൽ കോഴ്സ് എത്തുമ്പോൾ ഇതിൽ ചെറിയൊരു മാറ്റം വന്നതായി കാണുന്നു. ഇവരിൽ 16.86 ശതമാനം പേർ പ്രായോഗിക തലത്തിൽ വിദ്യാഭ്യാസം നേടിയവരാണ്.

ഇത് സ്ത്രീകളുടെ കാര്യത്തിൽ നോക്കുകയാണെങ്കിൽ SSLCക്കു താഴെ വിദ്യാഭ്യാസമുള്ളവരും SSLCവരെ വിദ്യാഭ്യാസം നേടിയവരും +2

തലത്തിലെത്തിയവരുടേയും എണ്ണം ഏകദേശം ഒരേ പോലെ കാണുന്നു, അതായത് 21.98 ശതമാനം പേര്‍ വീതം. എന്നാല്‍ ഡിഗ്രി തലത്തില്‍ എത്തുമ്പോള്‍ ഇതില്‍ ചെറിയൊരു കുറവു കാണാന്‍ സാധിക്കുന്നു.

ഇത് 16.48 ശതമാനമായി കുറയുന്നത് കാണാം. അതേ സമയം പ്രൊഫഷണല്‍ കോഴ്സ് തലത്തില്‍ ഇതിനൊരു മാറ്റം വന്നിട്ടുണ്ട്. ഇത് 17.58 ശതമാനമായി ഉയരുന്നതായി കാണാന്‍ സാധിക്കുന്നു .

വിദ്യാഭ്യാസ നേട്ടത്തിലുള്ള സ്ത്രീ പുരുഷ വ്യത്യാസം പരിശോധിച്ചപ്പോള്‍ കണ്ടത് സ്കൂള്‍ തലത്തിലുള്ള വിദ്യാഭ്യാസ നേട്ടത്തില്‍ സ്ത്രീകളും പുരുഷന്മാരും ഏകദേശം തുല്യത പുലര്‍ത്തുമ്പോള്‍ +2 തലത്തില്‍ പുരുഷന്മാര്‍ മുന്‍പന്തിയിലായാണ് കാണുന്നത്. എന്നാല്‍ ഡിഗ്രീ തലത്തില്‍ സ്ത്രീകള്‍ പുരുഷന്മാരെ അപേക്ഷിച്ചു വളരെയേറെ മുന്നിലാണ്. അതേ സമയം പ്രായോഗിക പരിജ്ഞാനത്തിന്റെ തലത്തില്‍ സ്ത്രീകളും പുരുഷന്മാരും ഏകദേശം ഒരു പോലെയുള്ള സ്ഥാനം നില നിര്‍ത്തുന്നു

**പട്ടിക: 40** തുടര്‍ വിദ്യാഭ്യാസ രംഗത്തു നിന്നുമുള്ള കൊഴിഞ്ഞു പോകല്‍

| **കൊഴിഞ്ഞു പോയവര്‍** | **എണ്ണം** | **ശതമാനം** |
|---|---|---|
| ഉണ്ട് | 128 | 71.11 |
| ഇല്ല | 52 | 28.89 |
| ആകെ | 180 | 100 |

ഈ പഠന പ്രകാരം ഒരു വലിയ വിഭാഗം പേർ (71.11%) പഠനം തുടരാനാവാതെ കൊഴിഞ്ഞു പോയവരാണ്. ഇതിൽ 28.89 ശതമാനം പേർ തുടർ പഠനം നടത്തുന്നവരാണ്.

ഇതിൽ നിന്നും ഭൂരിഭാഗം പേർക്കും ആഗ്രഹമുണ്ടെങ്കിലും തുടർ പഠനത്തിന് അവസരം ലഭിക്കാത്തവരാണ് എന്നു മനസ്സിലാക്കാം.

**പട്ടിക: 41** തുടർ വിദ്യാഭ്യാസ രംഗത്തു നിന്നും കൊഴിഞ്ഞു പോകലിനു കാരണം

| **കൊഴിഞ്ഞു പോകാനുള്ള കാരണം** | **എണ്ണം** | **ശതമാനം** |
|---|---|---|
| പണത്തിന്റെ അഭാവം | 42 | 23.33 |
| താൽപ്പര്യമില്ലായ്മ | 46 | 25.56 |
| കുടുംബത്തിന്റെ പിന്തുണ | 40 | 22.22 |
| പഠിത്തം തുടരുന്നു | 52 | 28 |
| ആകെ | 180 | 100 |

പഠനം നിർത്തുവാനുള്ള പ്രധാന കാരണം 25.56% പേർക്ക് തുടർ പഠനത്തിനു താൽപ്പര്യമില്ല എന്നുള്ളതാണ്. എന്നാൽ 23.33 ശതമാനം പേർക്ക് കുടുംബത്തിന്റെ

തുടർന്ന് പഠിപ്പിക്കുവാനുള്ള സാമ്പത്തിക ശേഷിക്കുറവാണ് കാരണമായി പറഞ്ഞത്. അതേസമയം 22.22 ശതമാനം പേർ കുടുംബത്തിന്റെ സാമ്പത്തിക പിന്തുണയില്ലായ്മയാണ് തുടർ പഠനത്തിനു തടസ്സമായി പറഞ്ഞ കാര്യം. ഇതിൽനിന്നും കുടുംബത്തിന്റെ സാമ്പത്തിക ശേഷിക്കുറവ് ഒരു പ്രധാന തടസ്സമായി കാണുന്നു.

കുറഞ്ഞ വിദ്യാഭ്യാസം ഇവർക്ക് കുറഞ്ഞ സാമ്പത്തിക ഭദ്രതയുള്ള ജോലിയേ വാഗ്ദാനം ചെയ്യുന്നുള്ളൂ. ഈ ജീവിത സാഹചര്യം വീണ്ടും ഇവരുടെ കുട്ടികളുടെ ഉയർന്ന വിദ്യാഭ്യാസ നേട്ടത്തിൽ പ്രതികൂലമായി പ്രതിഫലിക്കുന്നു.

**പട്ടിക: 42** സഭയിൽ അംഗത്വം നേടിയതിന്റെ ദൈർഘ്യം

| **അംഗത്വം നേടിയതിന്റെ ദൈർഘ്യം** | **എണ്ണം** | **ശതമാനം** |
|---|---|---|
| 5 വർഷത്തിൽ താഴെ | 29 | 16.11 |
| 5-15 വർഷം വരെ | 14 | 7.78 |
| 16-25 വർഷം വരെ | 6 | 3.33 |
| 25 വർഷത്തിൽ കൂടുതൽ | 131 | 72.78 |
| ആകെ | 180 | 100 |

വിവരദാതാക്കളുടെ മതവിശ്വാസത്തിന്റെ ആഴം അറിയുന്നതിനുവേണ്ടി അവരുടെ മതപരിവർത്തനത്തിന്റെ ദൈർഘ്യം എത്രയാണെന്ന് പരിശോധിക്കുകയുണ്ടായി. ഇവരിൽ ഒരു വലിയ വിഭാഗം(72.78%)പേർ
25 വർഷത്തിലേറെ കാലങ്ങളായി ഈ മതത്തിൽ വിശ്വസിക്കുന്നവരാണ് എന്നു മനസ്സിലാക്കാൻ സാധിച്ചു. എന്നാൽ 16.11% പേർ ഈ മതം സ്വീകരിച്ചിട്ട് 5 വർഷത്തിൽ താഴെ മാത്രം കാലമേ ആയിട്ടുള്ളൂ.

അതായത് ഒരു വലിയ വിഭാഗം വളരെക്കാലം മുതൽക്കു തന്നെ മതപരിവർത്തിതരാണ്. എന്നാൽ 11.11% ആളുകൾ 5 നും 25 നുമിടയിൽ മതപരിവർത്തനം നടത്തിയവരാണ്. പെന്തക്കോസ്തു മതവിശ്വാസം പ്രധാനമായും അനുഭവത്തിൽ നിന്നുമാണ് സംഭവിക്കുന്നത്. ഇവർ ബൈബിളിന്റെ വചനത്തെ മാത്രം സ്വീകരി ക്കുകയും അത് മാത്രമാണ് സത്യമെന്നും അതു ദൈവത്തിന്റെ വാക്കുകളാണെന്നും ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നവരാണ്. പുതിയ മതം സ്വീകരിച്ചതിന്റെ ദൈർഘ്യം അവരുടെ മതത്തിലുള്ള വിശ്വാസത്തിന്റെ ദൃഢതയേയും വ്യാപ്തിയേയും സൂചിപ്പിക്കുന്ന ഒന്നാണ് .

**പട്ടിക: 43** ഈ മതം സ്വീകരിക്കുന്നതിനു മുമ്പുണ്ടായിരുന്ന ജാതി

| **നേരത്തെ യുണ്ടായിരുന്ന ജാതി** | **എണ്ണം** | **ശതമാനം** |
|---|---|---|
| SC | 65 | 36.11 |
| ST | 22 | 12.22 |
| OBC | 71 | 39.44 |
| ജനറൽ | 22 | 12.22 |
| ആകെ | 180 | 100 |

ക്രിസ്തുമതം സ്വീകരിക്കുന്നതിനു മുമ്പുണ്ടായിരുന്ന മതവിഭാഗം ഏതായിരുന്നു എന്നറിയുന്നതു മൂലം ഇവർ ഏതു സാമൂഹ്യ ചുറ്റുപാടിൽ നിന്നുമാണ് ഈ മതം സ്വീകരിച്ചത് എന്നും ഇവർ സമൂഹത്തിൽ ഏതു തരം പ്രശ്നങ്ങളും വേർതിരിവുകളുമാണ് അനുഭവിച്ചിരുന്നത് എന്നും മനസ്സിലാക്കാൻ സാധിക്കുന്നു. ഇതിൽ നിന്നും മതപരിവർത്തനത്തിനുള്ള സാഹചര്യവും മനസ്സിലാക്കാൻ സാധിക്കുന്നതാണ് .

ഈ പഠനത്തിൽ പങ്കെടുത്തവരിൽ 36.11% പേർ പട്ടിക ജാതിയിൽപ്പെട്ടവരും 12.22% പേർ പട്ടിക വർഗ്ഗത്തിൽപ്പെട്ടവരുമാണ് എന്നു മനസ്സിലാക്കാൻ സാധിച്ചു. എന്നാൽ വലിയൊരു വിഭാഗം പേർ (39.44%) മറ്റു പിന്നോക്ക സമുദായത്തിൽ നിന്നും വന്നവരാണ് എന്നും

കണ്ടു. ആകെ 12.22% പേർ മാത്രമേ പൊതു വിഭാഗത്തിൽ നിന്നും പരിവർത്തിതരായിട്ടുള്ളൂ.

ഇതിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചത് ബഹുഭൂരിപക്ഷം പേരും സാമൂഹികമായി പിന്നോക്കം നിൽക്കുന്ന ജാതിയിൽ നിന്നുമാണ് മത പരിവർത്തനം ചെയ്തിട്ടുള്ളത് എന്നാണ്. അതായത് ഇവർ കാലങ്ങളായി സാമൂഹികമായും സാമ്പത്തികമായും വളരെയേറെ പിന്നോക്കം നിൽക്കുന്ന സമൂഹങ്ങളിലെ അംഗങ്ങളാണെന്നും, വളരെ കുറച്ചു പേർ മാത്രമേ മുന്നോക്ക സമുദായാംഗങ്ങളായിട്ടുള്ളൂ എന്നും മനസ്സിലാക്കാൻ സാധിക്കുന്നു.

പെന്തക്കോസ്ത് മതവിഭാഗം സുവിശേഷ പ്രസങ്ങൾക്കും മത പ്രചാരണ ത്തിനുമാണ് പ്രാമുഖ്യം നൽകിയിട്ടുള്ളത്. ഈ മതം തദ്ദേശ പാരമ്പര്യത്തെ ഉൾക്കൊള്ളുകയും തദ്ദേശീയമായ സംഗീതത്തേയും മറ്റു സാംസ്കാരികമായ കാര്യങ്ങളേയും തങ്ങളുടെ പ്രാർഥനകളിൽ ഉൾപ്പെടുത്തുകയും ചെയ്യുക മൂലം പിന്നോക്ക സമുദായക്കാരായവരെ ഈ മതം സ്വീകരിക്കുന്നതിൽ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. ഇതുമൂലം തങ്ങളുടെ യഥാർത്ഥ സംസ്കാരത്തിൽ നിന്നുകൊണ്ട് തന്നെ പെന്തക്കോസ്ത് മതവിശ്വാസത്തിൽ തുടരുവാനും സാധിക്കുന്നു. ഇതുകൊണ്ട് ഇവർ പൂർണ്ണമായും ജാതി വ്യവസ്ഥിതിയിൽ നിന്നും മാറുകയോ ക്രിസ്തീയ സഭയിൽ വേണ്ടത്ര അംഗീകാരം നേടുകയോ സാധിക്കാത്ത ഒരവസ്ഥയാണ് ഇവർക്കിന്നുള്ളത്.

ഇവരുടെ പ്രാർത്ഥനാ രീതികൾ പൂർണ്ണമായും മൂലപ്രമാണത്തെ ആശ്രയിച്ചുള്ള ഒന്നല്ല മറിച്ച് സ്വമേധയാ ഉള്ള ഒന്നാകയാൽ വിശ്വാസികൾക്ക് തെറ്റ് പറ്റുമെന്ന് ഭീതിയില്ലാതെ പ്രാർത്ഥനകളിൽ പങ്കെടുക്കുവാൻ സാധിക്കുന്നു. മാത്രമല്ല ഓരോ അംഗത്തിനും തങ്ങളുടെ ദൈവീകമായ അനുഭവങ്ങൾ സ്വന്തം ഭാഷയിൽത്തന്നെ സംസാരിക്കാൻ സാധിക്കുന്നു. ഇതിനു വിദ്യാഭ്യാസക്കുറവ് ആരും തന്നെ ഒരു പ്രശ്നമായി കരുതുന്നില്ല. ഇത്തരം അനുഭവങ്ങൾ മറ്റുള്ളവർ വിലമതിക്കുകയും ചെയ്യുന്നു. അതിൽക്കൂടി ഇവർക്ക് സമൂഹത്തിന്റെ ഒരു ഭാഗമാകാനും സാധിക്കുന്നു. ഇതാണ് കൂടുതലായും ഇവരെ ഈ മതം സ്വീകരിക്കാൻ പ്രേരിപ്പിക്കുന്ന ഘടകം. മറ്റൊരു പ്രധാനപ്പെട്ട കാര്യം ഒരുമ എന്ന ആശയത്തിൽക്കൂടി ഈ മതത്തിൽ ചേർന്നവരെ അതിൽത്തന്നെ തുടരുവാനും, ഒന്നായി നിലകൊള്ളുവാനും സഹായകമാകുന്നു.

ഇതിന്റെ പാശ്ചാത്തലത്തിൽ ഇവർ മതംമാറ്റം നടത്തുവാനുള്ള സാഹചര്യം പരിശോധിക്കുകയുണ്ടായി.

**പട്ടിക: 44** മതപരിവർത്തനത്തിനുണ്ടായ കാരണം

| **മത പരിവർത്തനത്തിന്റെ കാരണം** | **എണ്ണം** | **ശതമാനം** |
|---|---|---|
| സാമൂഹ്യ പിന്തുണ | 47 | 26.11 |
| സാമ്പത്തിക നേട്ടം | 61 | 33. 89 |
| വിശ്വാസം | 72 | 40 |
| ആകെ | 180 | 100 |

പെന്തക്കോസ്ത് മത വിഭാഗത്തിലേക്കുള്ള മതപരിവത്തനത്തിന്റെ കാരണം 40 ശതമാനം പേർക്ക് ഈ മതത്തിലുള്ള വിശ്വാസമായിരുന്നു. എന്നാൽ 33.89 ശതമാനം പേർക്ക് സാമ്പത്തിക നേട്ടമായിരുന്നു കാരണം. ഇവരിൽ ഒരു ചെറിയ വിഭാഗം പേർക്ക് (26.11%) സാമൂഹിക പിൻബലം ലഭിക്കുവാനുമായിരുന്നു മത പരിവർത്തനത്തിന്റെ ലക്ഷ്യം.

ഇതു കാണിക്കുന്നത് ഭൂരിപക്ഷം പേരും (60%) പരിവർത്തനം ചെയ്തതിനുപിന്നിലുള്ള ലക്ഷ്യം വിശ്വാസത്തിനുപരി സാമൂഹിക സാമ്പത്തിക നേട്ടം കൂടിയായിരുന്നു. ഇതു തികച്ചും സ്വാഭാവികമായ ഒരു കാരണമാണ്. പിന്നോക്ക സമുദായങ്ങൾ ഒരു കാലത്ത് വളരെയേറെ പ്രയാസങ്ങളനു ഭവിച്ചിരുന്നു. സാമൂഹികമായും സാമ്പത്തികമായും ഇവർ വളരെയേറെ അവശതയനുഭവിച്ചിരുന്നു. സമൂഹത്തിൽ അവർ ചൂഷണം ചെയ്യപ്പെട്ടിരുന്നു. അസമത്വം മൂലം വളരെ താഴ്ന്ന നിലവാരത്തിലുള്ള ജീവിതം നയിച്ചു പോന്നവരുമായിരുന്നു. സമൂഹത്തിലെ വിവിധ തലങ്ങളിൽ നിന്നും വളരെയേറെ

അസ്വാതന്ത്ര്യവും, അനീതിയും, വേർതിരിവും അനുഭവിച്ചിരുന്നവരാണ്. ഈ സാഹചര്യത്തിലാണ് ഇവർക്ക് സ്വാതന്ത്ര്യത്തിന്റെ യും സമത്വത്തിന്റെ യും ഒരുമയുടെയും വാഗ്ദാനവുമായി കേരളത്തിൽ ഒരു പുതിയ മത മുന്നേറ്റം ഉടലെടുത്തത്. ഈ മതം ഇവർക്ക് ജാതിക്കും മതത്തിനും അതീതമായ ഒരു പുതിയ ജീവിതവും സാമ്പത്തിക സാമൂഹിക സുരക്ഷയും വാഗ്ദാനം ചെയ്യുകയും ഉന്നത കുലജാതരുടെ ചൂഷണത്തിൽ നിന്നും മോചനം നൽകുന്ന തരത്തിലുള്ള ഒരു പുതിയ ജീവിതം നല്കുമെന്നുറപ്പു നൽകുകയും ചെയ്തു. ഇത് ഒരു വലിയ വിഭാഗം ചൂഷനത്തിനിടയായ സമൂഹത്തിലെ താഴെത്തട്ടുകാരായ ജനങ്ങളെ ഈ പുതിയ മതം സ്വീകരിക്കുന്നതിനു പ്രേരിപ്പിക്കുകയുണ്ടായി.

**പട്ടിക:45** പള്ളിയിൽ നിന്നും എന്തെങ്കിലും തരത്തിലുള്ള സാമ്പത്തിക സഹായം ലഭിക്കുന്നുണ്ടോ

| **പള്ളിയിൽ നിന്നു ലഭിക്കുന്ന സാമ്പത്തിക സഹായം** | **എണ്ണം** | **ശതമാനം** |
|---|---|---|
| ഉണ്ട് | 56 | 31.11 |
| ഇല്ല | 124 | 68.89 |
| ആകെ | 180 | 100 |

ഈ പഠനത്തിൽ പങ്കെടുത്തവരിൽ വലിയൊരു വിഭാഗം പേർ സാമ്പത്തിക നേട്ടവും കൂടി കണക്കിലെടുത്താണ് മതപരിവർത്തനം നടത്തിയത്.

സാമ്പത്തികമായും വിദ്യാഭ്യാസപരമായും വളരെയേറെ പിന്നാക്കം നിൽക്കുന്ന ഇവർക്ക് മത പരിവർത്തനത്തിലൂടെ ഏതു തരം നേട്ടമാണ് ലഭിച്ചിട്ടുള്ളത് എന്നുകൂടി നോക്കുകയുണ്ടായി.

വിവരദാതാക്കളിൽ 68.89 ശതമാനം പേർ യാതൊരു സാമ്പത്തിക സഹായവും ലഭിക്കത്തവരാണ്. ആകെ 31.11 ശതമാനം പേർ മാത്രമേ ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക നേട്ടങ്ങൾ അനുഭവിക്കുന്നവരായുള്ളൂ .

അതായതു സാമ്പത്തിക നേട്ടം ആഗ്രഹിച്ചു വന്ന വലിയൊരു വിഭാഗം പേർക്കും സാമ്പത്തിക നേട്ടങ്ങളൊന്നും ഇപ്പോൾ ലഭിക്കുന്നില്ല എന്നാണ് പ്രതികരിച്ചത്.

**പട്ടിക: 46** ദേവാലയ പ്രാർഥനകളിൽ കുടുംബാങ്ങളുടെ പങ്കാളിത്തം

| **പ്രാർത്ഥന കളിൽ കുടുംബാംഗങ്ങളുടെ പങ്കാളിത്തം** | **എണ്ണം** | **ശതമാനം** |
|---|---|---|
| എല്ലാവരും പങ്കെടുക്കുന്നു | 42 | 23.5 |
| കുറേപ്പേർ പങ്കെടുക്കുന്നു | 38 | 21.2 |
| കുറച്ചുപേർ പങ്കെടുക്കുന്നു | 90 | 50 |
| ആരും പങ്കെടുക്കുന്നില്ല | 10 | 5.3 |
| ആകെ | 180 | 100 |

ഈ പഠനത്തിൽ പങ്കെടുത്തവരുടെ കുടുബാംഗങ്ങൾ എത്രത്തോളം ഈ മതത്തിൽ വിശ്വസിക്കുന്നവരാണ് എന്നറിയാൻ ദേവാലയങ്ങളിലെ പ്രാർത്ഥനകളിൽ അവരുടെ പ്രാതിനിധ്യം എത്രത്തോളമുണ്ട് എന്നും പരിശോധിക്കുകയുണ്ടായി. എല്ലാ കുടുംബാംഗങ്ങളും പങ്കെടുക്കുന്നവർ ആകെ 23.5 ശതമാനം പേരുടെ കുടുംബത്തിൽ മാത്രമേ ഉള്ളൂ. പകുതിയോളം (50%) പേരുടെ കാര്യത്തിൽ കുറച്ചു കുടുബാംഗങ്ങൾ മാത്രം പങ്കെടുക്കുകയും, 5.3 ശതമാനം പേരുടെ കാര്യത്തിൽ കുടുബാംഗങ്ങൾ ആരും പ്രാർത്ഥനാലയങ്ങളിലെ പ്രാർത്ഥനകളിലൊന്നും തന്നെ പങ്കെടുക്കുന്നവരല്ല എന്നും മനസ്സിലായി. ഇതിൽ നിന്നും കുടുംബങ്ങളിലെല്ലാവരും തന്നെ വിശ്വാസികളല്ല എന്നു മനസ്സിലാക്കാം.

**പട്ടിക: 47** പ്രാർത്ഥനാലയങ്ങളിൽ വേണ്ടത്ര അംഗീകാരം ലഭിക്കുന്നുണ്ടോ

| **പ്രാർത്ഥനാലയങ്ങളിൽ ലഭിക്കുന്ന അംഗീകാരം** | **എണ്ണം** | **ശതമാനം** |
|---|---|---|
| ഉണ്ട് | 140 | 77.8 |
| ഇല്ല | 40 | 22.2 |
| ആകെ | 180 | 100 |

മതപരിവർത്തനം നടത്തിയവരിൽ വലിയ വിഭാഗം പേരും സമൂഹത്തിൽ വേണ്ടത്ര അംഗീകാരം ലഭിക്കുന്നതിന് വേണ്ടിയാണ് പെന്തെക്കോസ്തു സഭയിൽ ചേർന്നത്. അതിനാൽതന്നെ ബഹുഭൂരിപക്ഷം പേർക്കും പ്രാർത്ഥനാലയങ്ങളിൽ വേണ്ടത്ര അംഗീകാരം ലഭിക്കുന്നുണ്ട് എന്നാൽ ഒരു ചെറിയ വിഭാഗം പേർക്ക് (22.2%) അവർ പ്രതീക്ഷിക്കുന്ന അംഗീകാരം ലഭിക്കുന്നില്ല എന്നാണ് പറഞ്ഞത്. പ്രതീക്ഷിക്കുന്ന

അംഗീകാരം ലഭിച്ചാൽ മാത്രമേ പതിവായി പ്രാർഥനകളിൽ പങ്കെടുക്കുന്നതിനു വേണ്ട പ്രേരണ ലഭിക്കുകയുള്ളൂ.

ഈ പഠനത്തിൽ കണ്ടത് ഒരു വലിയ വിഭാഗം പേർക്കും പ്രാർത്ഥനാലയങ്ങളിൽ വേണ്ടത്ര പ്രാതിനിധ്യം ലഭിക്കുന്നവരാണ് എന്നാണ് .

**പട്ടിക: 48** പ്രാർത്ഥനാലയങ്ങളിലെ വിവേചനമനുഭവപ്പെടൽ

| **വിവേചനമനുഭവപ്പെടൽ** | **എണ്ണം** | **ശതമാനം** |
|---|---|---|
| ഉണ്ട് | 23 | 12.78 |
| ഇല്ല | 157 | 87.22 |
| ആകെ | 180 | 100 |

ശരീരത്തിൻറേയും മനസ്സിൻറേയും ആത്മാവിൻറേയും തമ്മിലുള്ള ബന്ധത്തിനു വിലമതിക്കുന്ന പെന്തക്കോസ്തു മതവിശ്വാസം ഹിന്ദുക്കളുടെ സംസ്കാരവുമായി വളരെയധികം ചേർന്നു കിടക്കുന്നതുകൊണ്ട് ക്രിസ്തീയ സംസ്കാരത്തിലേക്ക് ഹിന്ദുമതവിശ്വാസത്തെക്കൂടി ഉൾക്കൊള്ളിക്കാൻ ഒരു പ്രയാസവുമുണ്ടാകുന്നില്ല അതു കൊണ്ടു തന്നെ ഹിന്ദു സംസ്കാരത്തേയും ആചാരങ്ങളേയും സ്വീകരിക്കാൻ പെന്തക്കോസ്തു മതവിഭാഗക്കാർ ഒട്ടും തന്നെ മടി കാണിക്കുന്നില്ല. ഇവരിൽ 87.22 ശതമാനം പേർക്കും പ്രാർത്ഥനാലയങ്ങളിൽ യാതൊരു വിധ വിവേചനവും അനുഭവപ്പെടുന്നില്ല

**പട്ടിക:49** സഭാംഗങ്ങളുടെ അസാന്നിദ്ധ്യം പ്രാർത്ഥനാവേളകളിൽ ഉപദേശികൾ ശ്രദ്ധിക്കപ്പെടുന്നുണ്ടോ

| **പാസ്റ്റർമാരുടെ പ്രതികരണം** | **എണ്ണം** | **ശതമാനം** |
|---|---|---|
| സമ്മർദ്ദം ചെലുത്തും | 51 | 28.33 |
| കാരണം ചോദിക്കും | 110 | 61.11 |
| പ്രതികരണമില്ല | 19 | 10.56 |
| ആകെ | 180 | 100 |

സ്ഥിരമായി പ്രാർത്ഥനകളിൽ പങ്കെടുക്കുന്നത് വൈദികന്റെ ജനസമ്മിതി അനുസരിച്ചാണ് ഉണ്ടാകുന്നത്. വൈദികനെ അംഗങ്ങൾ അംഗീകരിക്കു കയാണെങ്കിൽ വിശ്വാസികളുടെ പങ്കാളിത്തവും കൂടുതലായിരുക്കും. കാരണം സഭയുടെ ശക്തി സംരക്ഷിക്കുന്നതിൽ വലിയൊരു പങ്ക് ഒരു പരിധിവരെ അതിന്റെ നേതാവിനെ ആശ്രയിച്ചാണിരിക്കുന്നത് .

ഭൂരിഭാഗം പേരുടെയും (61.2%) പ്രാർത്ഥനാലയങ്ങളിലെ ഉപദേശികൾ അവർ പങ്കെടുക്കാത്തതിന്റെ കാരണം തിരക്കാറുണ്ട്. ഒരു വലിയ ശതമാനം പേരുടെ കാര്യത്തിൽ (28.2%) പ്രാർത്ഥനയിൽ പങ്കു കൊകൊള്ളൂവാൻ സമ്മർദ്ദവും ചെലുത്താറുണ്ട്. ആകെ 10.6% പേരുടെ കാര്യത്തിൽ മാത്രമേ യാതൊരു വിധ പ്രതികരണവും ഉണ്ടാകാറില്ലാത്തതുള്ളു. ഇത് അവരുടെ മതത്തിലേക്കുള്ള സമന്വയമാണ് വ്യക്തമാക്കുന്നത്.

**പട്ടിക: 50** ഉപദേശിയുടെ വിദ്യാഭ്യാസ യോഗ്യത

| **ഉപദേശിയുടെ വിദ്യാഭ്യാസ യോഗ്യത** | **എണ്ണം** | **ശതമാനം** |
|---|---|---|
| SSLC | 59 | 32.78 |
| ഹയർ സെക്കണ്ടറി തലം | 96 | 53.33 |
| ഡിഗ്രീ തലം | 25 | 13.89 |
| ആകെ | 180 | 100 |

IPC, AG പോലുള്ള രജിസ്റ്റർ ചെയ്തിട്ടുള്ള പള്ളികളിൽ ഉപദേശിയുടെ അടിസ്ഥാന ബിരുദമായി ഹൈസ്കൂൾ ബിരുദത്തിനു പുറമേ പ്രത്യേക വൈദിക പരിശീലനം കൂടി നേടിയിരിക്കണം. ഇവരുടെ പ്രാർഥനാലയങ്ങളിലെ വൈദികരിൽ 32.78% പേർ അടിസ്ഥാന വിദ്യാഭ്യാസം നേടിയവരാണ്. ഇവരിൽ 53.33% പേർ ഹയർ സെക്കണ്ടറി തലത്തിലും, 13.89% പേർ ഡിഗ്രീ തലത്തിലും വിദ്യാഭ്യാസം നേടിയവരാണ്.

**പട്ടിക: 51** പ്രാർത്ഥന സംഘത്തിന്റെ എണ്ണം

| **പ്രാർത്ഥന സംഘത്തിന്റെ എണ്ണം** | **എണ്ണം** | **ശതമാനം** |
|---|---|---|
| 20 തിൽ താഴെ | 16 | 8.89 |
| 20 - 30 | 50 | 27.78 |
| 30 - 40 | 56 | 31.11 |
| 40 തിനു മുകളിൽ | 58 | 32.22 |
| ആകെ | 180 | 100 |

സഭാംഗങ്ങളുടെ എണ്ണം അവരുടെ സംഘടിത ശക്തിയെ സൂചിപ്പിക്കുന്നു. പ്രശ്നങ്ങളിൽ ഇത്തരം പിന്തുണ പലപ്പോഴും ഇവർക്ക് പ്രയോജനം ചെയ്യുന്നു.

ഇതിൽ ഒരു വലിയ വിഭാഗം (32.22 %) പേരുടേയും പ്രാർത്ഥന സംഘത്തിൽ 40തിനു മുകളിൽ അംഗങ്ങളുണ്ട്. ഇവരിൽ 31.11% പേർക്ക് 40 തിനു മുകളിൽ അംഗ ബലമുള്ളവരാണ്.

ഇതിൽ നിന്നും പ്രാർത്ഥന സംഘങ്ങളുടെ അംഗബലത്തിൽ ബഹു ഭൂരിപക്ഷം പേർക്കും (63.33%) 30തിനു മുകളിൽ അംഗ സംഖ്യ ഉള്ളവരാണ് എന്നു മനസ്സിലാക്കാം. ഇതിൽ നിന്നും ഭൂരിഭാഗം പേരുടേയും കൂട്ടത്തിൽ ധാരാളം വിശ്വാസികളുണ്ട് എന്നു

മനസ്സിലാക്കാൻ സാധിക്കുന്നു. മാത്രമല്ല ഇവരുടെ വൈദികരും ഇവരുടെ ക്ഷേമത്തിന് പ്രാധാന്യം കൊടുക്കുന്നവരാണ് എന്നും കാണുന്നു.

**പട്ടിക: 52** പ്രാർഥനകളിൽ അംഗങ്ങളുടെ കൃത്യമായ പങ്കെടുക്കൽ

| **പ്രാർഥനകളിലെ കൃത്യമായ പങ്കെടുക്കൽ** | **എണ്ണം** | **ശതമാനം** |
|---|---|---|
| എല്ലാപേരും | 45 | 25 |
| കുറച്ചു പേർ | 78 | 43.33 |
| ചിലർ മാത്രം | 57 | 31.67 |
| ആകെ | 180 | 100 |

എന്നാൽ കൃത്യമായി പ്രാർത്ഥനകളിൽ പങ്കെടുക്കുന്ന കാര്യത്തിൽ ഇവർ വളരെ പുറകിലാണ്. ഇവരുടെ പ്രാർത്ഥനകളിൽ 25 ശതമാനം പേരുടെ കാര്യത്തിൽ മാത്രം എല്ലാ പേരും പങ്കെടുക്കുന്നു. ബാക്കി 75 ശതമാനം പേരുടേയും കാര്യത്തിൽ കുറച്ചു പേർ മാത്രമേ കൃത്യമായി പങ്കെടുക്കുന്നുള്ളൂ. ഇവരിൽ 31.67 ശതമാനം പേരുടെ കാര്യത്തിൽ ചിലർ മാത്രം പങ്കെടുക്കുന്നതായി കാണുന്നു. ഇത് അവരുടെ വിശ്വാസത്തിന്റെ ദൃഢതയേ സൂചിപ്പിക്കുന്നു.

ഇതിൽ നിന്നും മനസ്സിലാകുന്നത് ചില പ്രാർഥനാലയങ്ങളിൽ മാത്രം കൃത്യമായി അംഗങ്ങളുടെ പങ്കെടുക്കൽ നടക്കുന്നുണ്ട് എന്നാണ് .

**പട്ടിക: 53** മത പരമായ പ്രവർത്തനങ്ങളിലുള്ള പങ്കാളിത്തം

| **പ്രവർത്തനങ്ങളിലുള്ള പങ്കാളിത്തം** | **എണ്ണം** | **ശതമാനം** |
|---|---|---|
| ഉണ്ട് | 101 | 56.11 |
| ഇല്ല | 79 | 43.89 |
| ആകെ | 180 | 100 |

പ്രാർത്ഥന പോലെ തന്നെ മതപരമായ പല പ്രവർത്തനങ്ങളും അംഗങ്ങൾ ഒരുമിച്ചു പങ്കെടുക്കേണ്ടാതായുണ്ട്. ഇവരിൽ ഭൂരിഭാഗം പേരും (56.11%) പല പ്രവർത്തനങ്ങളിലും പങ്കാളികളാണ്. ചെറിയൊരു വിഭാഗം പേർക്കു മാത്രം അത്രയധികം പങ്കാളിത്തമില്ല . കൂടുതൽ സമയം പ്രവർത്തിക്കുന്നതു മൂലം അവരുടെ വിശ്വാസം വളരെയധികം ബലപ്പെടുവാനും സഹായിക്കുന്നു.

**പട്ടിക: 54** മതപരിവർത്തനം മൂലമുണ്ടായ പ്രശ്നങ്ങൾ

| **പ്രശ്നങ്ങൾ അനുഭവിക്കുന്നുണ്ടോ** | **എണ്ണം** | **ശതമാനം** |
|---|---|---|
| എല്ലായ്പ്പോഴും | 97 | 53.89 |
| ചിലപ്പോഴൊക്കെ | 38 | 21.11 |
| ഒരിക്കലുമില്ല | 45 | 25.00 |
| ആകെ | 180 | 100 |

ഈ പഠനത്തിൽ പങ്കെടുത്തവരിൽ ബഹു ഭൂരിഭാഗം പേരും പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ടവരും മറ്റു പിന്നോക്ക സമുദായാംഗങ്ങളുമാണ്. ഇവർ ഹിന്ദു മതത്തിലയിരുന്നെങ്കിൽ ഭരണഘടനാപരമായ പല ആനുകൂല്യങ്ങളും ലഭിക്കുമായിരുന്ന ഒരു വിഭാഗമാണ്. അതിനാൽ മത പരിവർത്തനം മൂലം ഇവർ ഏതെങ്കിലും തരത്തിലുള്ള പ്രയാസങ്ങൾ അനുഭവിക്കേണ്ടി വന്നിട്ടുണ്ടോ എന്നന്വേഷിക്കുകയുണ്ടായി.

ഇവരിൽ ഭൂരിഭാഗം പേരും (53.89%) എപ്പോഴും പ്രശ്നങ്ങൾ നേരിടുന്നവരാണ്. ചെറിയൊരു വിഭാഗം പേർ (21.11%) ചിലപ്പോഴൊക്കെ പ്രശ്നങ്ങളെ നേരിടുന്നവരാണ്. എന്നാൽ 25 ശതമാനം പേർ ഒരിക്കലും പ്രശ്നങ്ങൾ അനുഭവിക്കേണ്ടി വന്നിട്ടുള്ളവരല്ല.

ഇതിൽ നിന്നും ഭൂരിഭാഗം പേരും (75%) പലതരത്തിലുള്ള പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നവരാണ് എന്നു മനസ്സിലാക്കാൻ സാധിച്ചു.

**പട്ടിക: 55** ഉന്നത വിദ്യാഭ്യാസത്തിനു പ്രവേശനം ലഭിക്കുന്നില്ല

| **ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം ലഭിക്കുന്നില്ല** | **എണ്ണം** | **ശതമാനം** |
|---|---|---|
| ഉണ്ട് | 79 | 43.89 |
| ഇല്ല | 101 | 56.11 |
| ആകെ | 180 | 100 |

ഇവർ നേരിടുന്ന പ്രശ്നങ്ങൾ ഏതെല്ലാമാണെന്ന് അന്വേഷിച്ചപ്പോൾ ഏറ്റവും പ്രധാനപ്പെട്ടതായി പറഞ്ഞത് ഉന്നത വിദ്യാഭ്യാസം നേടുന്നതിനുള്ള അവസരം ലഭിക്കുന്നില്ല എന്നതാണ്. ഇത് വലിയൊരു വിഭാഗം പേരുടെയും അഭിപ്രായമാണ്

(56.11%). അതേസമയം 43.89% പേർക്ക് ഈ പ്രശ്നങ്ങളില്ല. ഇതാകാം ഇവരുടെ കുറഞ്ഞ വിദ്യാഭ്യാസ നിലവാരത്തിനു കാരണം.

**പട്ടിക:56** സർക്കാരിൽ നിന്നുള്ള സാമ്പത്തിക ആനുകൂല്യം കിട്ടുന്നില്ല

| **സാമ്പത്തിക ആനുകൂല്യമില്ലായ്മ** | **എണ്ണം** | **ശതമാനം** |
|---|---|---|
| കിട്ടുന്നില്ല | 144 | 80 |
| ഉണ്ട് | 36 | 20 |
| ആകെ | 180 | 100 |

ഇവർ അഭിമുഖീകരിക്കുന്ന മറ്റൊരു പ്രധാന പ്രശ്നം ഉയർന്ന വിദ്യാഭ്യാസത്തിനു വേണ്ടി സ്കോളർഷിപ്പോ മറ്റ് യാതൊരുവിധ സാമ്പത്തികമായ ആനുകൂല്യങ്ങളോ ഇവർക്ക് സർക്കാരിന്റെ ഭാഗത്തുനിന്നും ലഭിക്കുന്നില്ല എന്നുള്ളതാണ്. ഇവരിൽ 80 ശതമാനം പേർക്കും ഈ അഭിപ്രായമാണ് ഉള്ളത്. വളരെ ചെറിയ ഒരു വിഭാഗം ആളുകൾക്കു മാത്രമേ (20%) ഈ പ്രശ്നമില്ലാതുള്ളൂ. ഇത് ഇവർക്ക് തുടർപഠനത്തിനു താല്പര്യമില്ലായ്മ കാരണമാകാം ഇത്തരമൊരഭിപ്രായമുണ്ടായത്.

**പട്ടിക: 57** സർക്കാർ ജോലിക്കു സംവരണമില്ലായ്മ

| **സംവരണമില്ലായ്മ** | **എണ്ണം** | **ശതമാനം** |
|---|---|---|
| പ്രശ്നമനുഭവിക്കുന്നില്ല | 21 | 11.67 |
| സംവരണമില്ലായ്മ പ്രശ്നമാണ് | 159 | 88.33 |
| ആകെ | 180 | 100 |

മതപരിവർത്തനം ഇവരുടെ സർക്കാർ ജോലി സാദ്ധ്യതയെ സാരമായി ബാധിച്ചതായാണ് ഇവർ അഭിപ്രായപ്പെട്ടത്. ഭൂരിഭാഗം പേർക്കും സർക്കാർ ജോലിക്കു സംവരണമില്ലായ്മ ഒരു വലിയ പ്രശ്നമായാണ് അനുഭവപ്പെട്ടത് (88.33%). വളരെ ചെറിയ ഒരു വിഭാഗം (11.67%) പേർക്ക് മാത്രമേ ഇത് പ്രശ്നമല്ലാതുള്ളൂ. ഇതിന്റെ കാരണം കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത മൂലം ഇവർക്കു സർക്കാരിൽ നല്ല ജോലിയൊന്നും കിട്ടുകയില്ല എന്നുള്ള വിശ്വാസവും തുടർപഠനത്തിന് ആഗ്രഹമില്ലായ്മയും കൊണ്ടായിരിക്കാം.

**പട്ടിക: 58** ന്യൂനപക്ഷകമ്മീഷനെക്കുറിച്ചുള്ള അറിവ്

| **ന്യൂനപക്ഷ കമ്മീഷനെക്കുറിച്ചുള്ള അറിവ്** | **എണ്ണം** | **ശതമാനം** |
|---|---|---|
| അറിവുണ്ട് | 31 | 17.22 |
| ഇല്ല | 149 | 82.78 |
| ആകെ | 180 | 100 |

2014 ലെ കേരള മൈനോറിറ്റി കമ്മീഷൻ ആക്ട് പ്രകാരം ന്യൂനപക്ഷ സമുദായങ്ങളുടെ വിദ്യാഭ്യാസപുരോഗതിക്കും, ക്ഷേമത്തിനും. സംരക്ഷണത്തിനും, ശാക്തീകരണത്തിനും വേണ്ടി ഒരു കമ്മീഷൻ സ്ഥാപിക്കുകയുണ്ടായി. ന്യൂനപക്ഷ സമുദായങ്ങളുടെ എല്ലാവിധ പുരോഗതിയും ലക്ഷ്യമിട്ടുള്ള ഒന്നാണ് ഇത് .

പക്ഷെ ഈ കമ്മീഷന്റെ പ്രവർത്തനങ്ങളെപറ്റി ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട ഭൂരിപക്ഷം പേർക്കും അറിവില്ല എന്നുള്ളതാണ് സത്യം. ഈ സാഹചര്യത്തിൽ ജനങ്ങളിൽ എത്ര കണ്ട് കമ്മീഷനേയും അതിന്റെ പ്രവർത്തനങ്ങളേയും കുറിച്ച് പരിജ്ഞാനമുണ്ട് എന്നു മനസ്സിലാക്കുവാൻ ശ്രമിക്കുകയുണ്ടായി. ഇവരിൽ വെറും 17.22 ശതമാനം പേർക്ക് മാത്രമേ കമ്മീഷനേക്കുറിച്ച് എന്തെങ്കിലും വിവരമുള്ളത്. ഒരു വലിയ വിഭാഗം ആളുകൾക്കും (82.78%) ഇങ്ങനെ ഒരു കമ്മീഷൻ നിലവിലുള്ള കാര്യം പോലും അറിയുകയില്ല.

**പട്ടിക: 59** ഏതെങ്കിലും തരത്തിലുള്ള ക്ഷേമാനുകൂല്യങ്ങൾ സ്വീകരിച്ചിട്ടുണ്ടോ

| **ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടോ** | **എണ്ണം** | **ശതമാനം** |
|---|---|---|
| ഉണ്ട് | 16 | 8.89 |
| ഇല്ല | 164 | 91.11 |
| ആകെ | 1 80 | 100 |

സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും വകുപ്പുകളിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടോ എന്ന ചോദ്യത്തിന് 91.11ശതമാനം പേരും ഇല്ല എന്ന ഉത്തരമാണ് തന്നത്. ഇത് നിലവിലുള്ള സർക്കാർ ആനുകൂല്യങ്ങളെക്കുറിച്ചുള്ള ഇവരുടെ അജ്ഞതയേ കാണിക്കുന്നു.

**ഉപസംഹാരം**

പെന്തക്കോസ്തു മതവിഭാഗത്തിന്റെ കഴിഞ്ഞ കുറേ ദശാബ്ദങ്ങളായി ആഗോള തലത്തിലുണ്ടായിട്ടുള്ള ഉയർച്ച സാമൂഹിക സാംസ്കാരിക ലോകത്ത് ഒരു വിപ്ലവകരമായ മാറ്റം തന്നെ സൃഷ്ടിക്കുകയുണ്ടായി. ഈ റിപ്പോർട്ടിന്റെ ആധാരം രണ്ടു പെന്തക്കോസ്തു വൈദികർ കേരളത്തിലെ പെന്തക്കോസ്തു മത വിഭാഗം നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷനു കൊടുത്ത പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ ഒരു പഠനത്തിന്റെ ഭാഗമാണ്.

ഈ പരാതിയിൽ പറയുന്നത് കേരളത്തിലെ പെന്തക്കോസ്തു വിഭാഗങ്ങൾക്ക് ലത്തീൻ കത്തോലിക്കർ, CSI–SIUC എന്നിവർക്കുള്ളതു പോലെ യാതൊരു വിധ സംവരണങ്ങളും ഇന്നു നിലവിലില്ല എന്നാണ്. ഇവരെ മറ്റു പിന്നോക്ക ജാതിക്കാരായ (OBC) ആയിപ്പോലും കരുതുന്നില്ല.
ഇവർക്ക് ഒരു പൊതു ശ്മശാനം പോലും ഇന്നില്ല. ഇവർക്ക് ജറുസലേമിൽ പോകുവാനായി ധനസഹായം കിട്ടുന്നില്ല. കൂടാതെ ന്യൂനപക്ഷ കമ്മീഷൻ ഇവരുടെ പ്രശ്നങ്ങളും ബലഹീനതകളും മനസ്സിലാക്കുന്നതിനു വേണ്ടി ഒരു പഠനം നടത്തുകയും വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്നും പരാതിയിൽ പറയുന്നു.

ഇതിന്റെ ഫലമായി പെന്തക്കോസ്തു മത വിഭാഗം ഇന്നു നേരിടുന്ന പ്രശ്നങ്ങളെപ്പറ്റി പ്രത്യേകിച്ച് അവരുടെ സാമൂഹ്യ സാമ്പത്തിക സാംസ്കാരിക സാഹചര്യങ്ങളെക്കുറിച്ച് വിശദമായി ഒരു പഠനം നടത്തുകയും അവരെ നേരിട്ട് കണ്ട് സംസാരിക്കുകയും പ്രശ്നങ്ങൾ മനസ്സിലാക്കുകയും ചെയ്തു.

പെന്തക്കോസ്തു മത വിഭാഗത്തിന്റെ അംഗങ്ങളിൽ നിന്നും 180 പേരെ സാമ്പിൾ ആയി തിരഞ്ഞെടുക്കുകയും അവരോടു ഒരു ചോദ്യാവലിയുടെ സഹായത്താൽ വിശദമായി ഉത്തരങ്ങൾ കണ്ടെത്തുകയും ചെയ്യുകയുണ്ടായി. കൂടാതെ പെന്തക്കോസ്തു സഭാനേതക്കളുടെ ഒരു മീറ്റിംഗ് വിളിച്ചു കൂട്ടുകയും അവരിൽ നിന്നും പ്രത്യേകമായി അവരുടെ ആവശ്യങ്ങൾ എഴുതി വാങ്ങുകയും ചെയ്തു. ഇതിന്റെ ഫലമായി കുറേയധികം പ്രശ്നങ്ങൾ മനസ്സിലാക്കുകയും പ്രധാനപ്പെട്ട ചില കണ്ടെത്തലുകളിൽ എത്തിച്ചേരുകയും ചെയ്തു.

180 പേരെ അഭിമുഖം നടത്തിയതിൽ നിന്നും ഇവരിൽ ഭൂരിഭാഗം പേരും (57.22%) യുവജനങ്ങളും എന്തെങ്കിലും തൊഴിലിലേർപ്പെട്ടവരോ അല്ലെങ്കിൽ പഠനം തുടരുന്നവരോ ആണെന്ന് മനസ്സിലാക്കാൻ സാധിച്ചു. ഇവർ 18 നും 40 നും ഇടയിൽ പ്രായമുള്ളവരാണ്. ഇവരിൽ ഏകദേശം തുല്യ അനുപാതത്തിൽ സ്ത്രീ പുരുഷ പ്രാതിനിധ്യമുണ്ട്. ഇവരിൽ 49.45 ശതമാനം പേർ പുരുഷന്മാരും 50.55 ശതമാനം പേർ സ്ത്രീകളുമാണ്.

കുടുംബ വരുമാനം പരിശോധിച്ചപ്പോൾ ഇവരിൽ ബഹു ഭൂരിഭാഗം പേരും (66.11%) വളരെ ചെറിയ മാസവരുമാനമായ 10,000 രൂപക്കും 20,000രൂപക്കും ഇടയിൽ

വരുമാനമുള്ളവരാണ് എന്നും വളരെ കുറച്ചു പേർക്ക് (18.67%) 20,000ത്തിനു മുകളിൽ മാസ വരുമാനം ലഭിക്കുന്നവരാണെന്നും കാണുകയുണ്ടായി.

മാത്രമല്ല ഇവരിൽ 77.22 ശതമാനം പേർക്ക് സ്വന്തമായ ഭൂമിയോ, വീടോ സ്വർണ്ണമോ, ബാങ്ക് സമ്പാദ്യമോ അതുപോലുള്ള യാതൊരുവിധ സമ്പാദ്യമോ ഇല്ല. ഇതു മൂലം ഒരത്യാവശ്യ ഘട്ടത്തിൽ അവരെ സഹായിക്കാൻ തക്ക യാതൊരു നീക്കിയിരുപ്പും അവർക്കില്ല എന്നു കാണിക്കുന്നു.

ഇവരുടെ ഇപ്പോഴത്തെ സാമൂഹ്യ സ്ഥിതി പരിശോധിച്ചപ്പോൾ കണ്ടത് 28.89 ശതമാനം പേർ പഠിച്ചു കൊണ്ടിരിക്കുന്നവരാണെന്നും, ഒരു വലിയ വിഭാഗം പേർ (47.78%) പല തരത്തിലുള്ള ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവരും, 23.78 ശതമാനം പേർ പ്രത്യേകിച്ചു ജോലിക്കൊന്നും പോകാത്തവരാണെന്നും മനസ്സിലാക്കാൻ സാധിച്ചു. ഇവരുടെ വിദ്യാഭ്യാസ നിലവാരം പരിശോധിച്ചപ്പോൾ കണ്ടത് 21.11 ശതമാനം പേർക്ക് SSLC ക്കു താഴെ മാത്രമേ വിദ്യാഭ്യാസമുള്ളു എന്നാണ്. എന്നാൽ 22.22 ശതമാനം പേർക്ക് SSLC വരേയും 25.56 ശതമാനം പേർക്ക് ഹയർ സെക്കണ്ടറി തലംവരേയും മാത്രം വിദ്യാഭ്യാസ യോഗ്യത നേടിയവരാണ്. ഇവരിൽ ആകെ 13.89 ശതമാനം പേർ മാത്രം ഡിഗ്രി തലംവരേയും 17.22 ശതമാനം പേർ പ്രൊഫഷണൽ തലംവരേയും വിദ്യാഭ്യാസം നേടിയവരുമാണ്.

ഇതിൽ നിന്നും വലിയൊരു വിഭാഗം പേരും സ്കൂൾ തല വിദ്യാഭ്യാസം മാത്രം നേടിയവരാണ് എന്നു കാണാം. അതുപോലെ ഇവർ വിദ്യാഭ്യാസ നിലവാരത്തിൽ വളരെ പിന്നാക്കം നിൽക്കുന്നവരാണ് എന്നും കാണാൻ സാധിക്കുന്നു.

വിദ്യാഭ്യാസ സമ്പാദനത്തിന്റെ കാര്യത്തിൽ സ്ത്രീ പുരുഷ വ്യത്യാസം പരിശോധിച്ചപ്പോൾ ഹൈസ്കൂൾ തലം വരേയും വലിയ വ്യത്യാസമൊന്നും കണ്ടില്ല. എന്നാൽ ഹയർ സെക്കണ്ടറി തലത്തിൽ പുരുഷന്മാർ (29.99%) സ്ത്രീകളെ അപേക്ഷിച്ച് മുന്നിലാണെന്ന് കാണാം (21.98%). അതുപോലെ കോളേജുതലത്തിൽ എത്തുമ്പോൾ കൂടുതലും സ്ത്രീ പ്രാതിനിധ്യം കാണാൻ സാധിക്കുന്നു (16.86% സ്ത്രീകൾക്ക്, 11.24% പുരുഷൻമാർ) പ്രൊഫഷണൽ തലത്തിലും പുരുഷൻമാരെ അപേക്ഷിച്ച് (16.48%) സ്ത്രീ പ്രാതിനിധ്യമാണ് (17.58%) കൂടുതലായി കാണാൻ സാധിച്ചത്. ഇതിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നത് സ്ത്രീകൾക്ക് അവസരം ലഭിക്കുകയാണെങ്കിൽ അവർക്ക് ഉന്നത വിദ്യാഭ്യാസത്തിനു ലക്ഷ്യമിടുവാനും സമൂഹത്തിൽ ഉയർന്ന

രംഗങ്ങളിൽ പ്രവർത്തിക്കുവാനും സാധിക്കുന്നു എന്നാണ്. ഇത് അവർക്ക് സ്വയംപര്യാപ്തത മാത്രമല്ല സമൂഹത്തിലും ഔദ്യോഗിക രംഗത്തും ഉയർന്ന ഒരു സ്ഥാനം ലഭിക്കുവാനും സഹായകമാകുന്നു. ഇത് സ്ത്രീ ശാക്തീകരണത്തിനും വഴിയൊരുക്കുന്നു.

തുടർ വിദ്യാഭ്യാസത്തിന്റെ സാദ്ധ്യത ഏതു തരം വിദ്യാഭ്യാസ സ്ഥാപനത്തിലാണ് പഠിക്കുന്നത് അല്ലെങ്കിൽ പഠിച്ചിരുന്നത് എന്നതിനെ ആശ്രയിച്ചിരിക്കും. ഗവണ്മെൻറ് സ്കൂളുകളിലാണെങ്കിൽ ഫീസില്ലാതെ സ്കൂൾ പഠനം പൂർത്തിയാക്കാൻ സാധിക്കുന്നു. ഈ പഠനത്തിൽ പങ്കെടുത്തവരിൽ ഭൂരിഭാഗം പേരും (56.67%) സർക്കാർ വിദ്യാലയങ്ങളിലാണ് പഠിച്ചിട്ടുള്ളതും അല്ലെങ്കിൽ ഇപ്പോൾ പഠിക്കുന്നതും. എന്നാൽ 43.33 ശതമാനം പേർ മാനേജ്മെണ്ട് സ്ഥാപനങ്ങളിലാണ് വിദ്യാഭ്യാസം നേടുന്നതോ നേടിയതോ. ഇതാകാം ഇവരുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥയുടെ കാരണം.

ഇവരുടെ തുടർപഠനത്തിൽ നിന്നുമുള്ള കൊഴിഞ്ഞു പോകൽ വളരെയധികമാണ്. ഒരു വലിയ വിഭാഗം (71.11%) പേർ തുടർപഠനത്തിൽ നിന്നും കൊഴിഞ്ഞു പോയവരാണ്. ഉയർന്ന വിദ്യാഭ്യാസത്തിനു ഫീസ് നൽകേണ്ടി വരുന്നതു കാരണം ഇവർ തുടർ പഠനം ഉപേക്ഷിച്ച് ജോലി സമ്പാദനത്തിനു പോയവരാണ്.

ഇവർക്ക് ഉയർന്ന വിദ്യാഭ്യാസം നേടുന്നതിന് പണത്തോടൊപ്പം തന്നെ പ്രവേശനം ലഭിക്കുക കൂടി വേണം. മതപരിവർത്തിതരായതു കൊണ്ട് യാതൊരു വിധ സംവരണവും ഇവർക്കു ലഭിക്കുന്നില്ല.

തുടർ പഠനത്തിനു പോകാത്തതിന്റെ പ്രധാന കാരണം 42.55 ശതമാനം പേർക്കും കുടുംബാംഗങ്ങളുടെ സാമ്പത്തിക ശേഷിക്കുറവു തന്നെയാണ്. ഇതിൽ 25 ശതമാനം പേർക്ക് മാത്രമാണ് തലപ്പര്യമില്ലായ്മ പറഞ്ഞത്. ചിലപ്പോൾ അവരുടെ കുടുംബ പാശ്ചാത്തലം അവരെ തുടർ പഠനത്തിൽ നിന്നും പിന്തിരിപ്പിച്ചതാകാം ഇതിനു കാരണം.

ജോലി ചെയ്യുന്നവരിൽ വലിയൊരു വിഭാഗം പേരും (47.13%) കൂലിപ്പണി ക്കാരായാണ് ജോലി ചെയ്യുന്നത്. ഇവരിൽ 19.54 ശതമാനം പേർ സ്വന്തമായി കട നടത്തുന്നു, 18.39 ശതമാനം പേർ പ്രൊഫഷണൽ ജോലികളായ നഴ്സിംഗ് എഞ്ചിനീയറിംഗ് മറ്റു തരത്തിലുള്ള കമ്പ്യൂട്ടർ സംബന്ധമായ ജോലികളിലും ഏർപ്പെട്ടിരിക്കുന്നു. അതേ

സമയം കുറച്ചു പേർ (14.94%) ഡ്രൈവിംഗ് ജോലി ചെയ്യുന്നവരാണ്. ഇതു കാണിക്കുന്നത് വിദ്യാഭ്യാസക്കുറവ് അവരുടെ സാമ്പത്തികവും സാമൂഹികവുമായി ഉയർന്ന നിലവാരം പുലർത്തുന്ന ജോലികൾ ലഭിക്കുന്നതിൽ നിന്നും പിൻതിരിപ്പിക്കുന്നു എന്നാണ്. പുരുഷന്മാരെ അപേക്ഷിച്ച് (33.71%) സ്ത്രീകളിൽ ഭൂരിഭാഗം പേരും (69.23%) സാമ്പത്തിക വരുമാനം ലഭിക്കുന്ന ജോലികളൊന്നും തന്നെ ചെയ്യുന്നവരല്ല.

ജോലിചെയ്യുന്നവരിൽ അധികം പേരും സാമൂസുരക്ഷ ഒട്ടും തന്നെ ലഭിക്കാത്ത അസംഘടിത മേഖലയിലാണ് ജോലി ചെയ്യുന്നത്. ഇത് അവർക്ക് സാമ്പത്തികമായോ സാമൂഹികമായോ ഉയർന്ന ഒരു സ്ഥാനവും വാഗ്ദാനം നൽകുന്നില്ല. മതപരിവർത്തനം മൂലം അവർക്ക് സമൂഹത്തിൽ പ്രതീക്ഷിച്ച ഒരു സ്ഥാനവും ലഭിച്ചതായി കാണുന്നില്ല. ഇവർക്ക് സ്വന്തമായി വസ്തുവോ സമ്പാദ്യമോ ഉയർന്ന ജോലി ലഭിക്കുന്നതിനുതകുന്ന വിദ്യാഭ്യാസ യോഗ്യതയോ നേടിയിട്ടില്ല. സർക്കാർ തലത്തിൽ ഇവർക്ക് യാതൊരു വിധ സംവരണവും ലഭിക്കുന്നില്ല.

മത പരിവർത്തനത്തിനു മുമ്പുണ്ടായിരുന്ന ഇവരുടെ ജാതി മതവിഭാഗത്തെക്കു റിച്ചൊരു പഠനം നടത്തിയപ്പോൾ മനസ്സിലായത് ഇവർ ഇന്നും തങ്ങളുടെ യഥാർത്ഥ മതത്തേയും ജാതിയേയും പറ്റി ബോധവാന്മാരാണ് എന്നാണ്. ഇവരിൽ എല്ലാവരും തന്നെ ഹിന്ദു മതത്തിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ചവരാണ്. മാത്രമല്ല വലിയൊരു ശതമാനം പേരും (87.77%) ഭരണഘടനാ പരമായി സംവരണമുള്ള മത വിഭാഗത്തിൽ പെട്ടിരുന്നവരുമാണ്. ഇവരിൽ 36.11 ശതമാനം പേർ പട്ടിക ജാതിക്കാരും 12.22 ശതമാനം പേർ പട്ടിക വർഗ്ഗക്കാരുമാണ്. ഒരു വലിയ വിഭാഗം പേർ (39.44%) മറ്റു പിന്നോക്ക സമുദായത്തിൽ പെട്ടവരുമാണ്. വെറും 12.22 ശതമാനം പേർ മാത്രമേ ജനറൽ വിഭാഗത്തിലുള്ളവരുള്ളൂ. ഇവരിൽ ബഹുഭൂരിപക്ഷവും (72.78%) മതപരിവർത്തിതരായിട്ട് 25 ലേറെ വർഷങ്ങളായി. ചെറിയൊരു വിഭാഗം പേർ മാത്രം (16.11%) മതപരിവർത്തനം നടത്തിയിട്ട് 5 ൽ താഴെ വർഷം മാത്രമേ ആയിട്ടുള്ളൂ.

പല കാരണങ്ങളാലാണ് ഇവർ മതപരിവർത്തനം നടത്തിയിട്ടുള്ളത്. ഇവരിൽ 26 ശതമാനം പേർ സാമൂഹ്യ പിൻബലം ലഭിക്കുന്നതിനുവേണ്ടിയും, 34 ശതമാനം പേർ സാമ്പത്തിക സഹായം ലഭിക്കുന്നതിനുവേണ്ടിയുമാണ് മത പരിവർത്തനം നടത്തിയിട്ടുള്ളത് എന്നാണ് റിപ്പോർട്ട് ചെയ്തത്. അതായതു 60 ശതമാനം പേരും

വിശ്വാസത്തേക്കാളുപരി നിലവിലുണ്ടായിരുന്ന സാമൂഹ്യ വ്യവസ്ഥിതിയിൽ നിന്നും രക്ഷപ്പെടുന്നതിനു വേണ്ടിക്കൂടിയാണ് മതപരിവർത്തനം നടത്തിയത്.

ഇപ്പോൾ ഇവർക്ക് മത സ്ഥാപനങ്ങളിൽ നിന്നും ഏതെങ്കിലും വിധത്തിലുള്ള സഹായം ലഭിക്കുന്നുണ്ടോ എന്ന് പരിശോധിച്ചു. ഭൂരിഭാഗം പേർക്കും (68.89%) യാതൊരു വിധ സഹായങ്ങളും ലഭിക്കുന്നില്ല എന്നാണ് മനസ്സിലാക്കിയത്. എന്നിരുന്നാലും മതം അവകാശപ്പെടുന്ന ഏകതയിൽ അല്ലെങ്കിൽ ഒരുമ എന്ന തത്വത്തിൽ ഇവർ അടിയുറച്ചു വിശ്വസിക്കുകയും യേശുവാണ് തങ്ങളുടെ രക്ഷകൻ എന്നുള്ള വിശ്വാസത്തിൽ ഇവർ ആത്മാർഥമായി വിശ്വസിക്കുകയും ചെയ്യുന്നു.

എന്നാൽ ഇവരുടെ കുടുംബാംഗങ്ങളുടെ കാര്യം ഇതല്ല. ആകെ 23.5 ശതമാനം പേരുടെ കാര്യത്തിൽ മാത്രമേ മറ്റു കുടുബാംഗങ്ങൾ കൂടി ഈ മതത്തിൽ വിശ്വസിക്കുകയും മതപരമായ പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും ചെയ്യുന്നുള്ളൂ. ഭൂരിഭാഗം പേരുടേയും കാര്യത്തിൽ ഈ വിശ്വാസം അത്ര മാത്രം ബലപ്പെട്ടതല്ല. മറ്റൊരു പ്രവണത കണ്ടത് ഭൂരിഭാഗം പേരുടേയും കുടുബാംഗങ്ങൾ മുഴുവനായി മതം മാറിയവരല്ല എന്നുള്ളതാണ്. ചിലപ്പോൾ സംവരണം നിലച്ചു പോകുമെന്നുള്ള പേടികൊണ്ടായിരിക്കാം ഇതു സംഭവിക്കുന്നത്.

എന്നാൽ വിവരദാതാക്കളുടെ മതമൂല്യങ്ങളിലുള്ള ഈ വിശ്വാസം മൂലമാകാം പ്രാർഥനാലയങ്ങളിലെ പ്രവർത്തനങ്ങളിലെല്ലാം തന്നെ ഇവർ സജീവമായി പങ്കെടുക്കുന്നു. ഭൂരിഭാഗം പേരുടേയും (77.8%) പ്രാർഥനാലയങ്ങളിൽ അവർക്ക് വേണ്ടത്ര പ്രാധാന്യം ലഭിക്കുന്നുണ്ട്. ഇവരിൽ ചെറിയൊരു വിഭാഗം പേർക്കു മാത്രമേ (12.78%) സഹവിശ്വാസികളിൽ നിന്നും വേർതിരിവ് അനുഭവപ്പെടുന്നുള്ളൂ.

ഒട്ടുമിക്ക പ്രാർത്ഥനാലയങ്ങളിലും 30 തിൽ ക്കൂടുതൽ അംഗബലമുള്ളവരാണ് (63.31%). ഇവരിൽ ഭൂരിഭാഗം പേരും (56.11%) പതിവായി മതപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരാണ് .

ഇവരുടെ പ്രധാന പ്രശ്നങ്ങളെപ്പറ്റി അന്വേഷിച്ചപ്പോൾ മനസ്സിലായത് 75 ശതമാനം പേരും വിവിധ തരത്തിലുള്ള പ്രശ്നങ്ങൾ നേരിടുന്നവരാണ് എന്നാണ്. ഏറ്റവും വലിയ പ്രശ്നം ഇവർക്ക് യാതൊരു വിധ സർക്കാർ ആനുകൂല്യങ്ങളും ലഭിക്കുന്നില്ല എന്നുള്ളതാണ്. ഇവരിൽ 43.89 ശതമാനം പേർക്ക് വിദ്യാഭ്യാസത്തിനു സംവരണം

ലഭിക്കുന്നില്ല എന്നും 80 ശതമാനം പേർക്ക് സർക്കാരിൽ നിന്നും സാമ്പത്തിക സഹായമൊന്നും ലഭിക്കുന്നില്ല എന്നും 88.33 ശതമാനം പേർക്ക് സർക്കാർ ജോലി ലഭിക്കുന്നതിനു സംവരണമൊന്നും ലഭിക്കുന്നില്ല എന്നുമുള്ള പ്രശ്നങ്ങളാണ് ഉള്ളത്.

ഈ പഠനത്തിൽ പങ്കെടുത്തവരിൽ വലിയൊരു വിഭാഗം പേർക്കും (82.78%) ന്യൂനപക്ഷ കമ്മീഷനെപ്പറ്റിയോ അതിന്റെ പ്രവർത്തനങ്ങളെപ്പറ്റിയോ യാതൊരറിവും ഇപ്പോഴില്ല.

കേരള സംസ്ഥാന സർക്കാർ സമൂഹത്തിലെ പാർശ്വവൽകൃതർക്കും പിന്നാക്കം നിൽക്കുന്നവർക്കുമായി പലവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. തൊഴിൽ, വിദ്യാഭ്യാസം, സാമ്പത്തികം എന്നീ മേഖലകളിൽ പിന്നാക്കം നിൽക്കുന്നവരുടേയും വിവേചനം അനുഭവിക്കുന്നവരുടേയും നീതി നിഷേധിക്കപെട്ടവരുടേയും പ്രശ്നങ്ങൾക്ക് പരിഹാര മുണ്ടാക്കുവാൻ വേണ്ടി കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ നിലവിൽ വരുകയും നിരവധി പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുവാൻ സാധിക്കുകയും ചെയ്തു. എന്നാൽ ഇന്നും ന്യൂനപക്ഷങ്ങൾക്ക് അർഹതപ്പെട്ട അവകാശങ്ങളെപ്പറ്റി അവർ ബോധവാന്മാരല്ല എന്നുള്ളതാണ് പഠനത്തിൽ നിന്നും തെളിഞ്ഞത്. ന്യൂനപക്ഷ സമുദായാംഗങ്ങൾക്ക് വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കി വരുന്ന ക്ഷേമ പ്രവർത്തനങ്ങളും, വിദ്യാഭ്യാസം, തൊഴിൽ എന്നീ മേഖലകളിൽ നൽകുന്ന പരിശീലന പരിപാടികൾ, വിവിധതരം സ്കോളർഷിപ്പുകൾ, ധനസഹായ പദ്ധതികൾ എന്നിവയെല്ലാം തന്നെ നല്ല രീതിയിൽ നടപ്പാക്കി വരുന്നു. എന്നാൽ ഈ പഠനത്തിൽ പങ്കെടുത്തവരിൽ ആകെ 8.89 ശതമാനം പേർ മാത്രമേ ഇതിനെപ്പറ്റി എന്തെങ്കിലും അറിവുള്ളവരുള്ളൂ. ഇവരിൽ 91.11 ശതമാനം പേരും യാതൊരാനുകൂല്യങ്ങളും സ്വീകരിക്കുന്നവരല്ല. ഇതുതന്നെ ഇവരുടെ കുറഞ്ഞ വിദ്യാഭ്യാസ നേട്ടത്തിന്റെയും, വരുമാനവും സുരക്ഷയും കുറഞ്ഞ ജോലി ലഭ്യതയുടെയും കാരണങ്ങളാണ്.

# അദ്ധ്യായം 5

## ഉപസംഹാരവും നിർദ്ദേശങ്ങളും, ശിപാർശകളും

മതപരിവർത്തന തത്ത്വം നിലകൊള്ളുന്നത് ഭൂതകാലത്തിൽ നിന്നും അതിന്റെ പ്രശ്നങ്ങളിൽ നിന്നുമുള്ള പരിപൂർണ്ണമായ ഒരു വിടുതൽ എന്ന ആശയത്തിലാണ്. എന്നിരുന്നാലും, ജാതിപരമായ വിശ്വാസങ്ങളും, ഇവർ ഇന്നും തുടർന്നു പോരുന്നു. ഇതു മൂലം അവർ ആചാരാനുഷ്ഠാനങ്ങളിൽ പൂർവ ജാതിയുടെയും സംസ്കാരത്തിന്റെ യും ആചാരാനുഷ്ഠാനങ്ങൾ പിന്തുടരുകയും തങ്ങളുടെ ജാതിപരമായ വ്യക്തിത്വം നില നിർത്തുകയുമാണ്. ഇത് പിന്തുടർച്ചാ സിദ്ധാന്തത്തെ (Continuity Theory) ശരിവയ്ക്കുന്ന ഒന്നാണ്. പ്രത്യേകിച്ചും ഇന്ത്യയുടെ കാര്യത്തിൽ ഇത് വളരെ വ്യക്തമാണ്. പലപ്പോഴും ഇത് സംസ്ഥാന സർക്കാരിന്റെ ആനുകൂല്യങ്ങൾ, ജോലിയിലും പഠനത്തിലുമുള്ള സംവരണം എന്നിയെയെല്ലാം ആശ്രയിച്ചാണ് നില കൊള്ളുന്നത് (അപ്പാടുരൈ, 1993). അതിനാൽ പൂർണ്ണമായ ഒരു വിടുതൽ അവർക്ക് സാദ്ധ്യമാകാതെ വരുന്നു.

കേരളത്തിലെ മൂന്നു ജില്ലകളിൽ നിന്നായി എടുത്ത 180 പെന്തക്കോസ്തു മതവിശ്വാസികളുടെ പ്രതിനിധികളിൽ നടത്തിയ പഠനത്തിൽ നിന്നും കണ്ടെത്തിയ ചില കാര്യങ്ങൾ ഇവയെല്ലാമാണ്.

കേരളത്തിലെ 14 ജില്ലകളിലും വ്യാപകമായി പെന്തക്കോസ്തു മതവിഭാഗത്തിന്റെ സാന്നിദ്ധ്യം കാണാൻ സാധിക്കുന്നു. മതപരിവർത്തനം നടത്തിയെങ്കിലും ഇവർക്ക് സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്നും പറയത്തക്ക മാറ്റമൊന്നും ഇന്നും ഉണ്ടായിട്ടില്ല. ഭൂരിപക്ഷം പേരും സ്കൂൾ തല വിദ്യാഭ്യാസം മാത്രമേ നേടിയിട്ടുള്ളൂ. ഭൂരിഭാഗം പേരും ചെറിയ പ്രതിഫലം ലഭിക്കുന്ന ജോലികളിലാണ് ഏർപ്പെട്ടിരിക്കുന്നത്.

കുടുംബത്തിന്റെ സാമ്പത്തികശേഷിക്കുറവ് ഇവർക്ക് തുടർ വിദ്യാഭ്യാസം നേടുന്നതിനുള്ള അവസരം കുറക്കുന്നു. അതിനാൽ ഭൂരിഭാഗം പേരും സ്ക്കൂൾ തല വിദ്യാഭ്യാസത്തിനു ശേഷം പഠനം മതിയാക്കി കുറഞ്ഞ വരുമാനമുള്ള ജോലികളിൽ

പ്രവേശിക്കാൻ പ്രേരിതരാകുന്നു. സ്ത്രീകൾ തുടർ പഠനത്തിനു പോകാതെ വിവാഹ ജീവിതത്തിൽ പ്രവേശിക്കുകയും ചെയ്യുന്നു.

ക്രിസ്ത്യൻ മാനേജ്മെൻറ് സ്ഥാപനങ്ങളിൽപോലും ഇവരിൽ സാമ്പത്തികശേഷി കുറഞ്ഞവർക്ക് തുടർ പഠനം നടത്തുന്നതിന് സാധിക്കാതെ വരികയും പഠനം പാതി വഴിയിൽ ഉപേക്ഷിക്കേണ്ടി വരുന്നതായും കാണുന്നു.

ഇവർ ജാതി വ്യവസ്ഥിതിക്കതീതരായതിനാൽ നമ്മുടെ ഭരണഘടനയനുസരിച്ച് മത പരിവർത്തിതർക്ക് മറ്റു ഹിന്ദു പിന്നോക്ക സമുദായക്കാരെപ്പോലെ സംവരണാനുകൂല്യങ്ങൾക്കൊന്നും തന്നെ അർഹതയില്ല. മാത്രമല്ല ഇവർ പ്രതീക്ഷിച്ച പോലെ മതപരിവർത്തനം ഇവർക്ക് യാതൊരു സാമ്പത്തിക സാമൂഹിക ഉയർച്ചയും നേടിക്കൊടുത്തിട്ടില്ല. മറ്റു ക്രിസ്തീയ സഭകൾക്കിടയിലും വേർതിരിവ് അനുഭവപ്പെടുന്നുണ്ട് . ഈ വിവേചനം പ്രധാനമായും കാണുന്നത് CSI സഭകളിലെ അംഗങ്ങൾക്കിടയിലാണ്, പ്രത്യേകിച്ചും വിവാഹാലോചനവേളയിലും സഭാ തിരഞ്ഞെടുപ്പു വേളകളിലും ഇതു വ്യക്തമായി പ്രതിഫലിക്കുന്നു.

പെന്തക്കോസ്തു മത വിഭാഗങ്ങളുടെ കാര്യത്തിലാണെങ്കിൽ കുടുംബാംഗങ്ങളെല്ലാം തന്നെ മത പരിവർത്തിതരല്ല. അതുകൊണ്ടു തന്നെ സ്വന്തം കുടുംബത്തിലും ഒറ്റപ്പെടലനുഭവിക്കേണ്ടി വരുന്നു. ഏതു രീതിയിൽ നോക്കിയാലും ഇവർ ഹിന്ദു ജാതി സമൂഹത്തിൽ നിന്നും ഒരു പുരോഗതിയും മതം മാറ്റം കൊണ്ടുണ്ടായിട്ടില്ല എന്നു കാണാം. ക്രിസ്തു മതം പ്രചരിപ്പിക്കാൻ വന്ന മിഷനറിമാർ ജീവിത നിലവാരം ഉയർത്തുന്നതിനേക്കാൾ പ്രാധാന്യം കൊടുത്തത് ആത്മീയ മോക്ഷത്തിനാണ്. അതു കൊണ്ടു തന്നെ അവർക്ക് ജീവിതത്തിലും വളരെയൊന്നും ഉയരത്തിലെത്തൻ സാധിക്കുന്നില്ല.

വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സംവരണ പ്രകാരം 1% സീറ്റാണ് OBX എന്ന മറ്റു പിന്നോക്ക ക്രിസ്ത്യാനികൾക്കുള്ളത്. ഇത് CSI, പെന്തക്കോസ്തു വിഭാഗക്കാർ, മതപരിവർത്തിതർ ഇവരെല്ലാവർക്കും കൂടി ഭാഗിക്കണം. അതേ സമയം LC ക്കു മാത്രമായി 1% സീറ്റ് സംവരണം ചെയ്തിട്ടുമുണ്ട്. ലത്തീൻ സഭകളിൽ സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവരും പിന്നോക്കം നിൽക്കുന്നവരും ഉണ്ട്. ഭരണഘടന പ്രകാരമുള്ള സംവണത്തിൽ മാറ്റമൊന്നും വരുത്താൻ സാധിക്കാത്ത സാഹചര്യത്തിൽ

മതപരമായ വിശ്വാസത്തേക്കാൾ പ്രാധാന്യം സാമൂഹ്യ സാമ്പത്തിക സാഹചര്യങ്ങൾക്കു കൂടി കൊടുക്കുന്നതു നന്നായിരിക്കും.

സംസ്ഥാന ന്യൂനപക്ഷകമ്മീഷനെപ്പറ്റിയും ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങളെപ്പറ്റിയും ജനങ്ങൾക്കിടയിൽ നല്ല പ്രചാരമുണ്ടാക്കേണ്ടിയിരിക്കുന്നു.

ഭൂരിപക്ഷം പേർക്കും ഇതിന്റെ പ്രാധാന്യത്തെപ്പറ്റിയോ പ്രവർത്തനങ്ങളെപ്പറ്റിയോ യാതൊരുവിധ അറിവും ഇന്നില്ല. ന്യൂനപക്ഷ വിഭാഗങ്ങൾക്കിടയിൽ നല്ല രീതിയിലുള്ള അവബോധം ഉണ്ടാക്കിയാൽ മാത്രമേ സർക്കാർ ഉദ്ദേശിക്കുന്ന ഫലം സിദ്ധിക്കുകയുള്ളൂ.

സർക്കാർ തലത്തിൽ 14 വയസ്സു വരെ സൗജന്യ വിദ്യാഭ്യാസം നൽകുന്നുണ്ട്. അതിനു ശേഷം പല സർക്കാർ സ്കീമുകൾ മുഖാന്തിരം പരിവർത്തിത ക്രിസ്ത്യാനികൾക്ക് ഉന്നത വിദ്യാഭ്യാസം നേടുന്നതിനു വേണ്ടി മിതമായ പലിശയിൽ സാമ്പത്തിക സഹായങ്ങൾ നൽകി വരുന്നുണ്ട്. ഇത് അവരുടെ പഠനത്തോടുള്ള ആഭിമുഖ്യത്തെ അടിസ്ഥാനമാക്കിയാണ് നൽകുന്നത്.

കേരള സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഒന്നാം ക്ലാസ്സ് മുതൽ പ്രൊഫഷണൽ തലം വരെ വിവിധ തരം സ്കോളർഷിപ്പുകൾ ഇന്ത്യക്കകത്തും പുറത്തും പഠിക്കുന്നതിനു വേണ്ടി നൽകുന്നുണ്ട്. ഇത് 5 ലക്ഷം രൂപ വരെ ഇന്ത്യക്കകത്തും 20 ലക്ഷം രൂപ വരെ ഇന്ത്യക്ക് പുറത്തും പഠിക്കുന്നതിന് വെറും 3% പലിശ നിരക്കിൽ നൽകി വരുന്നു. ഇത് അവരുടെ മാർക്കിൻറേയും കുടുംബ വരുമാനത്തിൻറേയും അടിസ്ഥാനത്തിലാണ് നൽകുന്നത്. അതായത് മുൻ വർഷത്തെ പരീക്ഷയിൽ 50 ശതമാനം മാർക്കുവാങ്ങിയവരും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കുമാണ് ഇത് ലഭിക്കുന്നത്. സാമ്പത്തികമായി 81,000 രൂപ വാർഷികവരുമാനമുള്ള ഗ്രാമവാസികൾക്കും 1,03,000 രൂപ വാർഷികവരുമാനമുള്ള നഗരവാസികൾക്കുമാണ് ഈ സ്കോളർഷിപ് ലഭിക്കാൻ അർഹതയുള്ളത്.

സ്വന്തം സ്ഥാപനങ്ങൾ തുടങ്ങുന്നതിനും 6% പലിശ നിരക്കിൽ സാമ്പത്തിക സഹായം നൽകുന്നുണ്ട്. കൂടാതെ പരിവർത്തിത ക്രിസ്ത്യാനികൾക്ക് സ്വയം തൊഴിലിലേർപ്പെടുവാനും വീട് നിർമ്മിക്കുവാനും, വിവാഹാവശ്യങ്ങൾക്കും ധന സഹായം നൽകുന്നുണ്ട്.

83.33 ശതമാനം പേർക്ക് ജോലിയിൽ സംവരണം കിട്ടുന്നില്ല എന്ന പ്രശ്നമുന്നയിക്കുകയുണ്ടായി. ഇവിടേയും സർക്കാർ പല തരം മത്സര പരീക്ഷകൾക്ക് പരിശീലനം നൽകുന്നുണ്ട്. ഇതിൽ UPSC, PSC, റെയിൽവേ പരീക്ഷകൾ, ബാങ്ക് പരീക്ഷകൾ എന്നിവയെല്ലാം തന്നെ പെടുന്നു.

ഇങ്ങിനെ ന്യൂനപക്ഷങ്ങളുടെ സംരക്ഷണത്തിനു വേണ്ടത്ര സൗകര്യങ്ങൾ നമുക്കിന്നു നിലവിലുണ്ട്, പക്ഷെ അതിനെപ്പറ്റിയുള്ള അറിവ് ജനങ്ങളിൽ പരിമിതമാണ്. ഇതിനൊരു മാറ്റം വന്നാൽ മാത്രമേ ജനങ്ങളിൽ പുരോഗതി ഉണ്ടാക്കാൻ സാധിക്കുകയുള്ളൂ. ഉന്നത വിദ്യാഭ്യാസം നേടുവാനും ഉയർന്ന ജോലി ലഭിക്കുവാനുമുള്ള ആഗ്രഹവും അവകാശവും എല്ലാവർക്കുമുണ്ടെങ്കിലും ഇത് നേടുവാനുള്ള മാർഗ്ഗങ്ങളെപ്പറ്റി മിക്കവാറും ജനങ്ങൾ അജ്ഞരാണ്. ഇതു കൂടുതൽ ജനങ്ങളിലേക്കെത്തിക്കുവാൻ സ്കൂൾതല വിദ്യാഭ്യാസ സ്ഥാപനങ്ങളിൽക്കൂടി വിദ്യാർഥികളിലെത്തിക്കുവാൻ സാധിക്കണം. ഇത് അവർക്ക് തുടർ പഠനത്തിനുള്ള ആവേശവും മാർഗ്ഗവും തുറന്നു കൊടുക്കുന്നു.

**<u>ശിപാർശകൾ</u>**

കേരളത്തിലെ പെന്തക്കോസ്തു സമൂഹത്തിന്റെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ മേഖലയിലുള്ള പ്രശ്നങ്ങളെ പറ്റി നടത്തിയ പഠനത്തിന്റെയും പെന്തക്കോസ്തു സഭാധ്യക്ഷന്മാരുമായി നടത്തിയ ചർച്ചയുടെയും അടിസ്ഥാനത്തിൽ താഴെ പറയുന്ന ശിപാർശകൾ സർക്കാരിലേക്കു സമർപ്പിക്കുന്നു.

1. വർഷങ്ങളായി രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചു വരുന്ന പെന്തക്കോസ്ത് സഭകളെ മറ്റു ക്രൈസ്തവസഭകളെപ്പോലെ ഒരു സഭാ വിഭാഗമായി അംഗീകരിക്കുകയും അവർക്ക് ന്യൂനപക്ഷ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യാൻ സർക്കാരിനോട് ശിപാർശ ചെയ്യുന്നു.

2. ഇപ്പോൾ ഉപയോഗിച്ചു കൊണ്ടിരിക്കുന്നതും പെർമിറ്റുള്ളതുമായ ശവക്കോട്ടകളിൽ തുടർ നിർമ്മാണങ്ങൾ (സെൽ, ചുറ്റുമതിൽ, മുതലായവ) നടത്തുന്നതിന് ആവശ്യമായ നിയമങ്ങൾ മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ/പഞ്ചായത്ത് എന്നി തദ്ദേശ സ്വയം ഭരണ

സ്ഥാപനങ്ങളിൽ മാത്രം നിക്ഷിപ്തമാക്കുന്നതിനും ഓരോ ജില്ലയിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി ഒരു പൊതു ശ്മശാനമെങ്കിലും നിർമ്മിക്കുന്നതിനും ശിപാർശ ചെയ്യുന്നു. ഈ ശ്മശാനങ്ങളിൽ ക്രൈസ്തവ-പെന്തക്കോസ്ത് ആചാര പ്രകാരം പെന്തക്കോസ്തു വിഭാഗക്കാർക്ക് ശവമടക്കു നടത്തുന്നതിനുള്ള അനുമതി ഉണ്ടാകുന്നതിനും ശിപാർശ ചെയ്യുന്നു.

3. പെന്തക്കോസ്ത് വിഭാഗം അഞ്ചു വർഷമായി പ്രാർഥനക്ക് ഉപയോഗിക്കുന്ന ഹാളുകൾ ആരാധനാലയങ്ങളായി അംഗീകരിച്ച് ലൈസെൻസ് നൽകുവാൻ ശിപാർശ ചെയ്യുന്നു.

4. പെന്തക്കോസ്ത് CSI സഭാവിഭാഗങ്ങളുടെ വിദ്യാഭ്യാസ സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥ സംബന്ധിച്ച് പഠനം നടത്തേണ്ടത് ആവശ്യമാണെന്ന് കമ്മീഷൻ കരുതുന്നതിനാൽ വിശദമായ പഠനത്തിനായി പ്രത്യേക നടപടികൾ സ്വീകരിക്കുവാൻ സർക്കാരിലേക്കു ശിപാർശ ചെയ്യുന്നു.

5. തൊഴിൽ വിദ്യാഭ്യാസം എന്നീ കാര്യങ്ങൾക്കായി പെന്തക്കോസ്തുസഭാ വിഭാഗത്തെ ക്രിസ്ത്യൻസഭാ ഉപവിഭാഗമായി അംഗീകരിക്കുന്നതിനുള്ള നടപടികൾക്കായും ശിപാർശ ചെയ്യുന്നു.

## REFERENCES


1. The Syrian Christians of Kerala-S. G. Pothan Asia Publishing House, 1963 - Kerala (India)
2. K.C. Zachariah — The Syrian Christians of Kerala: demographic and socio-economic transition in the twentieth century, Orient Longman, 2006
3. R. Guha, ed. Subaltern Studies I: Writings on South Asian History & Society. X vols. (New Delhi: Oxford University Press), 1982;
4. R. Guha, ed. Subaltern Studies II. X vols. (New Delhi: Oxford University Press), 1983; R. Guha, ed. Subaltern Studies III. (New Delhi: Oxford University Press), 1984; R. Guha, ed. Subaltern Studies IV. 10 vols. (New Delhi: Oxford University Press),1985;
5. R. Guha, ed. Subaltern Studies V. (New Delhi: Oxford University Press), 1987;
6. R. Guha and G.C. Spivak, eds. Selected Subaltern Studies. (New York: Oxford University Press), 1988;
7. R. Guha, ed. Subaltern Studies VI. (New Delhi: Oxford University Press), 1989;
8. P. Chatterjee and G. Pandey, eds. Subaltern Studies VII. (New Delhi: Oxford University Press), 1992;
9. D. Arnold and D. Hardiman, eds. Subaltern Studies VIII: Essays in Honour of Ranajit Guha. 10 vols. (New Delhi: Oxford University Press), 1994;
10. S. Amin and D. Chakrabarty, eds. Subaltern Studies IX. 10 vols. (New Delhi: Oxford University Press), 1996;
11. R. Guha, ed. Subaltern Reader: 1986-1995. (Minneapolis: University of Minnesota Press), 1997;
12. G. Bhadra, G. Prakash and S. Tharu, eds. Subaltern Studies X. 10 vols. (New Delhi: Oxford University Press), 1999.
13. S. Visvanathan, The Christians of Kerala: History, Belief and Ritual Among the Yakoba, (Delhi: Oxford University Press, 1999)
14. Joseph Tharamangalam, 'Caste Among Christians in Kerala', in M. N. Srinivas (ed.), Caste: Its 20th Century Avatar
15. Zoya Hasan, Politics of Inclusion: Castes, Minorities and Affirmative Action, New Delhi, Oxford University Press, 2009
16. John C. B. Webster, The Dalit Christians: A History, New Delhi, Indian Society for Promoting Christian Knowledge, 1992, p. 164.

17. Kannampally, Sam (2009). "The Keralite Pentecostal Community:The Past and the Present". Agape Partners International.
18. Satish Deshpande & Geetika Bapna, Dalits in the Muslim and Christian Communities: A Status Report on Current Social Scientific Knowledge, New Delhi, National Commission for Minorities (Government of India), 2008, p. 81
19. K. C. Zachariah The Syrian Christians Of Kerala: Demographic And Socioeconomic Transition In the twentieth Century, Working Paper No. 322 November 2001Centre for Development Studies Thiruvananthapuram November 2001.
20. Stephen Neill May 2002, A History of Christianity in India: 1707–1858. Cambridge University Press. p. 241. ISBN 978-0-521-89332-9. Retrieved 31 August 2012.
21. Paulson Pulikottil, Cyber journal for Pentecostal – charismatic Research http://www.pctii.org/cyberj/cyberj10/paulson.html#_ftn11.
22. Sarbwswar Saho ,20018 Pentecostalism and Politics of Conversion in India,Cambridge University Press, University Printing House, Cambridge, U K
23. Engelke ,M 2004, Discontinuity and the Discourse of conversion' Journal of Religion in Africa 32(1-2):82-109
24. Robbinson, R 2003, Christians of India, Sage Publicarions, New Delhi
25. Robbinson, R 2014, Minority Rights versus Caste Claims, Economic and Political Weekly, 49(14)(5 April) 82-91
26. Appadurai A. 1993, Number in Colonial Imagination. In Orientalism and the Postcolonial Predicament: Perspectives on South Asia, edited by C Breckenridge and P Van der Veer, 314-40, Philadelphia: The University of Pennsylvania Press.
27. Sahay K N> 1968. Impact of Christianity on the Uraon of Chainpur Belt in Chotanagpur: An analysis of its Cultural Processes, American Anthropologist 70(5): 923-42.
28. Kerala Religion Census,2011, https://www.censusindia.co.in/states/kerala

---